# പാരിസ്ഥിതികദർശനം അംബികാസുതൻ മാങ്ങാടിന്റെ കഥകളിൽ

**സെന്റ്.തെരേസാസ് കോളേജ് (സ്വയംഭരണം)മലയാളം ബിരുദാനന്തരബിരുദത്തിന്റെ ഭാഗികപൂരണത്തിനായി സമർപ്പിക്കുന്ന പ്രബന്ധം**


**ക്രിസ്റ്റീന ജോസഫ്**

രജിസ്റ്റർ നമ്പർ : **SM23MAL002**


Valued 6/5/24

**സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)**

**എറണാകുളം**

**2025**


ST. TERESA'S COLLEGE AUTONOMOUS
ERNAKULAM-682 011

# ST.TERESA'S COLLEGE (AUTONOMOUS) ERNAKULAM

## Certificate of Plagiarism Check for Dissertation

| | |
|---|---|
| Author Name | ക്രിസ്റ്റീന ജോസഫ് |
| Course of Study | എം. എ. മലയാളം |
| Name of Guide | ഡോ. മഞ്ജുഷ ഇ. എസ്. |
| Department | മലയാളം ബിരുദാനന്തരബിരുദ വിഭാഗം |
| Acceptable Maximum Limit | 20 |
| Submitted By | library@teresas.ac.in |
| Paper Title | പാരിസ്ഥിതികദർശനം അംബികാസുതൻ മാങ്ങാടിന്റെ കഥകളിൽ |
| Similarity | 0% AI - N.A. |
| Paper ID | 3568326 |
| Total Pages | 67 |
| Submission Date | 2025-05-02 13:17:22 |

**Signature of Student**

**Signature of Guide**

**Checked By**
**College Librarian**

ST. TERESA'S COLLEGE LIBRARY ERNAKULAM

# പ്രതിജ്ഞാപത്രം

ഈ പ്രബന്ധം ഇതിനു മുൻപ് ഏതെങ്കിലും സർവ്വകലാശാലയുടെയോ തത്തുല്യമായ സ്ഥാപത്തിന്റെയോ ബിരുദത്തിന് സമർപ്പിച്ചിട്ടില്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു.

**കിസ്റ്റീന ജോസഫ്**

രണ്ടാംവർഷ മലയാളം

ബിരുദാനന്തരബിരുദം

എറണാകുളം
02.05.2025

# സാക്ഷ്യപത്രം

**ഡോ.മഞ്ജുഷ.ഇ.എസ്**
അസിസ്റ്റന്റ് പ്രൊഫസർ
മലയാള വിഭാഗം
സെന്റ്. തെരേസാസ് കോളേജ് (സ്വയംഭരണം)
എറണാകുളം

സെന്റ് തെരേസാസ് കോളേജ് (സ്വയംഭരണം) മലയാള ബിരുദാനന്തര ബിരുദത്തിന്റെ ഭാഗിക പൂരണത്തിനായി ക്രിസ്റ്റീനാ ജോസഫ് സമർപ്പിക്കുന്ന “പാരിസ്ഥിതികദർശനം അംബികാസുതൻ മാങ്ങാടിന്റെ കഥകളിൽ” എന്ന പ്രബന്ധം എന്റെ ശിക്ഷണത്തിൽ തയ്യാറാക്കിയിട്ടുള്ളതാണെന്നും ഈ പ്രബന്ധം ഇതിനു മുൻപ് ഏതെങ്കിലും ബിരുദത്തിനോ ഡിപ്ലോമക്കോ വേണ്ടി പൂർണ്ണമായോ ഭാഗികമായോ മുൻപ് പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതല്ലെന്നും സാക്ഷ്യപ്പെടുത്തുന്നു.

എറണാകുളം
02.05.2025

**മഞ്ജുഷ ഇ.എസ്**

## കൃതജ്ഞത

ഈ പ്രബന്ധരചനയ്ക്ക് വേണ്ട മാർഗനിർദേശം നൽകി എന്നെ സഹായിച്ച സെന്റ്. തെരേസാസ് കോളേജ് മലയാള വിഭാഗം അധ്യാപിക മഞ്ജുഷ ഇ. എസി നോടും പ്രബന്ധരചനയ്ക്ക് ആവശ്യമായ പുസ്തകങ്ങൾ നൽകി സഹായിച്ച ലൈബ്രറി വിഭാഗം ഉദ്യോഗസ്ഥരോടും ഈ അവസരത്തിൽ നന്ദി രേഖ പ്പെടുത്തുന്നു.

എറണാകുളം
02.05.2025

**ക്രിസ്റ്റീന ജോസഫ്**
രണ്ടാം വർഷ മലയാളം
ബിരുദാനന്തരബിരുദം

## ഉള്ളടക്കം

**ആമുഖം** I-III

1. പഠനലക്ഷ്യം

2. പഠനത്തിന്റെ പ്രസക്തി

3. പരികല്പന

4. പഠനമേഖല

5. പഠനരീതി

6. പ്രബന്ധസ്വരൂപം

**അദ്ധ്യായം ഒന്ന്**

**പാരിസ്ഥിതികദർശനം** 1-18

1.1 ഗഹന പരിസ്ഥിതിവാദം

1.2 പാരിസ്ഥിതിക ബോധം സാമൂഹിക-സാംസ്കാരിക തലങ്ങളിൽ

1.3 പരിസ്ഥിതി ബോധം സർഗ്ഗാത്മക തലത്തിൽ

1.4 ഇക്കോക്രിട്ടിസിസം

1.5 ആദ്യകാല സ്വാധീനങ്ങൾ

1.6 ഗഹനപരിസ്ഥിതിവാദം

1.7 സാമൂഹ്യപരിസ്ഥിതിവാദം

1.8 ഒന്നാം തരംഗം

1.9 രണ്ടാം തരംഗം

1.10 പ്രകൃതിയുടെ വിപുലീകരണം

1.11 ആഗോളതാപനം സാഹിത്യത്തിൽ

1.12 വിഷമയ പ്രകൃതിയും ആപദ്ഗ്രസ്തസമൂഹവും

1.13 മൂന്നാം തരംഗം

1.14 പാരിസ്ഥിതിക നീതി

1.15 പാരിസ്ഥിതികചരിത്രവും സാഹിത്യവും

1.16 പാരിസ്ഥിതിക പുനർനിർമ്മിതിയുടെ സാഹിത്യം

1.17 പുതിയ സൈദ്ധാന്തിക ഉണർവ്വുകൾ

**അദ്ധ്യായം രണ്ട്**

**പാരിസ്ഥിതികാവബോധം മലയാള കഥയിയിൽ** **19 -32**

2.1 പാരിസ്ഥിതിക ദർശനം ആദ്യകാലങ്ങളിൽ

2.2 പുതുകാല പാരിസ്ഥിതിക ദർശനങ്ങൾ

**അദ്ധ്യായം മൂന്ന്**

**പാരിസ്ഥിതികദർശനം അംബികാസുതൻ മാങ്ങാടിന്റെ കഥകളിൽ** **33-50**

3.1 പ്രാണവായു

3.2 ചിന്നമുണ്ടി

3.3 നീരാളിയൻ

3.4 രണ്ടു മത്സ്യങ്ങൾ

**ഉപസംഹാരം** **51-52**

**ഗ്രന്ഥസൂചി** **53**

# ആമുഖം

# ആമുഖം

ഈ ഭൂമി മനുഷ്യവാസത്തിന അനുയോജ്യമല്ലാതായി തീർന്നു കൊണ്ടിരിക്കുന്നു. അതിന്റെ ഫലമാണ് നാം ഇന്ന് അനുഭവിക്കുന്ന കാലാവസ്ഥവ്യതിയാനവും ആഗോളതാപനവും എല്ലാം. ആസന്നമരണത്തിലേക്ക് അടുത്തുകൊണ്ടിരിക്കുന്ന നമ്മുടെ ഈ ഭൂമിയെ സംരക്ഷിക്കുവാൻ നമുക്ക് ഓരോരുത്തർക്കും കടമയുണ്ട്. അതുകൊണ്ടാണ് നാം ഭൗമദിനവും പരിസ്ഥിതി ദിനവും മറ്റും ആചരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നത്. നമ്മുടെ ഈ ഭൂമിയും അതിലെ ജീവനുള്ളതും ഇല്ലാത്തതുമായ എല്ലാ ഘടകങ്ങളും ചേർന്നതാണ് പരിസ്ഥിതി. അതിൽ എന്തിനെങ്കിലും ഉണ്ടാക്കുന്ന നാശം നമ്മുടെ തന്നെ നാശമാണ്. ഇന്ന് നമ്മുടെ പരിസ്ഥിതി വളരെയധികം നശിപ്പിക്ക പ്പെട്ടിരിക്കുന്നു. മണ്ണും ജലവും വായുവും മലിനമാക്കപ്പെട്ടിരിക്കുന്നു. ഈ ഭൂമിയിൽ ജീവിക്കുന്ന എല്ലാ ജീവജാലങ്ങളും പരിസ്ഥിതിക്ക് കീഴിലാണ്. കരയിൽ ആയാലും വെള്ളത്തിലായാലും അവർ പരിസ്ഥിതിയുടെ ഭാഗമാണ്. പരിസ്ഥിതി യിൽ വായു, വെള്ളം, സൂര്യപ്രകാശം, സസ്യങ്ങൾ, മൃഗങ്ങൾ മുതലായവ ഉൾപ്പെടുന്നു. ഒരേയൊരു ഗ്രഹമായി ഭൂമിയെ കണക്കാക്കുന്നു. ഈ ഗ്രഹത്തിൽ ജീവൻ നിലനിർത്തുന്ന ഒരു പുതപ്പായി പരിസ്ഥിതിയെ മനസ്സിലാക്കാം.

## 1. പഠനലക്ഷ്യം

മനുഷ്യരാശിയുടെ നിലനിൽപ്പിന ആധാരം ജൈവവൈവിധ്യമാണ്. അനിയന്ത്രിതമായ പ്രകൃതിചൂഷണം, മലിനീകരണം, കാലാവസ്ഥവ്യത്യാനം എന്നിവയുടെ ഫലമായി ജീവജാലങ്ങളുടെ നിലനിൽപ്പ് തന്നെ ഭീഷണി നേരിട്ടുകൊണ്ടിരിക്കുകയാണ്. അവയെല്ലാം ഈ കഥകൾ എങ്ങനെ വിശകലനം ചെയ്യുന്നു എന്നു കണ്ടെത്താനാണ് ഈ പ്രബന്ധത്തിലൂടെ ശ്രമിച്ചിരിക്കുന്നത്.

## 2. പഠനത്തിന്റെ പ്രസക്തി

ഈ പ്രബന്ധം കൈകാര്യം ചെയ്യുന്ന വിഷയം സമകാലിക ലോകത്ത് വളരെ പ്രാധാന്യം അർഹിക്കുന്ന ഒന്നുതന്നെയാണ്. പരിസ്ഥിതി മനുഷ്യന്റെ ജീവിതത്തിന്റെ അടിസ്ഥാനമാണ്. അതിനാൽ അവയെ സംബന്ധിച്ച പഠനങ്ങൾ

പലതും ഉണ്ടായിട്ടുണ്ട്. എങ്കിലും അംബികാസുതൻ മാങ്ങാടിന്റെ ഈ കഥകൾ പ്രത്യേകം എടുത്ത് എവിടെയും പഠിച്ചിട്ടില്ല. അതുകൊണ്ട് തന്നെ ഈ കഥകളുടെ പഠനം പ്രസക്തമാണ്.

### 3. പരികല്പന

മങ്ങാടിന്റെ തിരഞ്ഞെടുത്ത പരിസ്ഥിതി കഥകളെ മുൻനിർത്തി പരിസ്ഥിതിചൂഷണത്തിനെതിരെയുള്ള പ്രതികരണം എത്തരത്തിൽ സാഹിത്യത്തിൽ കാണപ്പെടുന്നു എന്ന് കണ്ടെത്തുകയും പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം പ്രഖ്യാപിക്കുകയുമാണ് ചെയ്യുന്നത്. മാങ്ങാടിന്റെ കഥകൾ മികച്ച പാരിസ്ഥിതിക കൃതികളാണെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു.

### 4. പഠനമേഖല

'പാരിസ്ഥിതികദർശനം അംബികാസുതൻ മങ്ങാടിന്റെ കഥകളിൽ' എന്ന ഈ പ്രബന്ധത്തിൽ പരിസ്ഥിതിയുടെ പ്രാധാന്യത്തെ വിവരിക്കുന്നു. അതി നോടൊപ്പം അംബികാസുതൻ മാങ്ങാടിന്റെ തിരഞ്ഞെടുത്ത നാല് കഥകളെ സവിശേഷമായി വിശകലനം ചെയ്യുകയും ചെയ്യുന്നു.

### 5. പഠനരീതി

പരിസ്ഥിതിയുടെ പ്രാധാന്യവും അവയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യ കതയും കേന്ദ്രീകരിച്ച് കഥകളെ വിശകലനം ചെയ്യുകയും അവ മുന്നോട്ടു വയ്ക്കുന്ന ദർശനങ്ങളെ വിവരിക്കുകയും ചെയ്തിരിക്കുന്നു.

### 6. പ്രബന്ധസ്വരൂപം

ആമുഖം, ഉപസംഹാരം എന്നിവ കൂടാതെ മൂന്ന് അധ്യായങ്ങളാണ് ഈ പ്രബന്ധത്തിൽ ഉള്ളത്. ഒന്നാം അധ്യായം പാരിസ്ഥിതികദർശനത്തെ കുറിച്ചാണ്. ഇതിൽ പരിസ്ഥിതിദർശനത്തിന്റെ സൈദ്ധാന്തികതയെ വിശദീകരിക്കുന്നു. രണ്ടാം അധ്യായത്തിൽ പരിസ്ഥിതികാവബോധം മലയാള കഥകളിൽ എപ്രകാരമാണ് വന്നിരിക്കുന്നത് എന്ന് വിവരിക്കുന്നു. മൂന്നാം അധ്യായത്തിൽ പാരിസ്ഥിതിക ദർശനം അംബികാസുതൻ മാങ്ങാടിന്റെ കഥകളിൽ എപ്രകാരമാണ് വരുന്നത് എന്ന് അപഗ്രഥിക്കുന്നു. ഉപസംഹാരത്തിൽ പഠനത്തിൽ

നിന്നുള്ള കണ്ടെത്തലുകൾ ക്രോഡീകരിക്കുന്നു. ഗ്രന്ഥസൂചി എന്നിവയോടെ പ്രബന്ധം അവസാനിക്കുന്നു.

# അദ്ധ്യായംഒന്ന്

# പാരിസ്ഥിതികദർശനം

# അദ്ധ്യായംഒന്ന്

# പാരിസ്ഥിതികദർശനം

ഭൂമി, ജലം, വായൂ, അഗ്നി, മനുഷ്യൻ ജന്തുജാലങ്ങൾ സസ്യലതാദികൾ ഇവയെല്ലാം ഉൾക്കൊള്ളുന്ന ആവാസവ്യവസ്ഥിതിയാണ് പാരിസ്ഥിതിക ആവാസവ്യവസ്ഥ. പ്രകൃതിയും അതിന്റെ ആവാസവ്യവസ്ഥകളും അതിലെ ജീവജാലങ്ങളും തമ്മിൽ ബന്ധപ്പെട്ടു വന്ന സ്വഭാവികവും സാധാരണവും സന്മാർഗവുമായ ഒരു അവസ്ഥയിലാണ് 'പരിസ്ഥിതി' എന്ന വാക്ക് കൊണ്ട് സൂചിപ്പിക്കുന്നത്. 1886 ൽ ജെർമ്മൻ ശാസ്ത്രജ്ഞനായ ഏർണെസ്റ്റ് ഹെക്കൽ ആണ് പരിസ്ഥിതി അഥവാ എക്കോളജി എന്ന വാക്ക് സവിശേഷമായ ഒരു അർത്ഥം പ്രയോഗത്തിൽ കൊണ്ടു വന്നത്.

പരിസ്ഥിതിയുമായി ബന്ധം പുലർത്തുന്ന സമൂഹത്തിലെ ഘടകങ്ങൾ ഓരോന്നും പാരിസ്ഥിതിക പുരോഗതിയ്ക്കു വേണ്ടിയുള്ളതാണ് എന്ന മിഥ്യാ ധാരണയിലൂടെ പരിസ്ഥിതിയുടെ നാശത്തിന് വേദി ഒരുക്കുന്നു. മറ്റു ഇതര ജീവികളേക്കാൾ സങ്കീർണവും വ്യതിരിക്തവുമായ ജീവിതാവസ്ഥയാണ് മനുഷ്യനുള്ളത്. അതിനാൽ തന്നെ പരിസ്ഥിതി മാറ്റത്തെ വളരെ വേഗം തിരിച്ചറിയുവാനും അതിന്റെ വെല്ലുവിളികൾ ഉൾക്കൊള്ളുവാനും പാരിസ്ഥിതിക നിലപാടുകളോട് യുക്തിപരമായി ഇടപ്പെടുന്നതിനും മറ്റേത് ജീവികളെക്കാളും കാര്യക്ഷമമായും വേഗത്തിലും സാധിക്കുന്നത് മനുഷ്യനാണ്. പ്രകൃതിയെ കീഴ്പ്പെടുത്തി ജീവിതം നയിച്ചുവന്ന മനുഷ്യൻ ഇന്ന് പാരിസ്ഥിതിക ശക്തികളുടെ വിനാശത്തിന് എതിരെ അതിജീവനത്തിനായി പോരാടുകയാണ്.

പരിസ്ഥിതിയുടെ പ്രഭാവം മനുഷ്യരുടെ ബാഹ്യപരിസ്ഥിതിയെപ്പോലെ തന്നെ ആന്തരിക പരിസ്ഥിതിയെയും സ്വാധീനിക്കുന്നു.ഇതിന്റെ വെളിച്ചത്തിൽ പരിസ്ഥിതി സമീപനത്തെ ജൈവ പരിസ്ഥിതിഅജൈവ പരിസ്ഥിതി എന്നിങ്ങനെ രണ്ടായി തിരിക്കാം. ജീവന്റെ ബഹിഷ്സ്ഫുരണങ്ങളായ എല്ലാ ജീവജാലങ്ങളും അടങ്ങിയതാണ് ജൈവ പരിസ്ഥിതി. വായു, ജലം, കാലാവസ്ഥ തുടങ്ങിയ

പരിസ്ഥിതിയിൽ അന്തർലീനമായ അജൈവ വസ്തുക്കളാണ് അജൈവ പരിസ്ഥിതി. ഓരോ ജീവിവർഗ്ഗത്തിനും പ്രത്യേകം പ്രത്യേകം ആവാസ വ്യവസ്ഥയുണ്ട്. അന്തരീക്ഷം, ജലം, വനം, ഭൂമി തുടങ്ങിയ പലവിധ ആവാസവ്യവസ്ഥകളും നിലനിൽക്കുന്നുണ്ട്. ജൈവഅജൈവ വിഭാഗങ്ങളുടെ ക്രമവും സുഖമവുമായ പ്രവർത്തനത്തെയും അതിനെ സഹായിക്കുന്ന സംവിധാനത്തെയും അവയിൽ ഉൾപ്പെട്ട സസ്യജന്തുജാലങ്ങളെയും അവയുടെ എല്ലാം പരസ്പരബന്ധത്തെയുമാണ് പാരിസ്ഥിതിക ആവാസവ്യവസ്ഥ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

പരിസ്ഥിതിയെക്കുറിച്ചുള്ള മനുഷ്യന്റെ കാഴ്ച്ചപ്പാടുകൾക്ക് മാന വംശത്തോളം പഴക്കമുണ്ട്. മനുഷ്യന്റെയും പ്രകൃതിയുടെയും രംഗത്തിന്റെ സങ്കീർണ്ണത മനസ്സിലാക്കുകയും അതിനു ഊന്നൽ നൽകുകയും ചെയ്യുന്ന വീക്ഷണമാണ് പരിസ്ഥിതി ബോധത്തിന്റെ മുഖമുദ്ര. മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള ബന്ധങ്ങളെ നിർവചിക്കുന്ന വ്യത്യസ്ത സമീപനങ്ങളെയാണ് സാഹിത്യത്തിൽ പരിസ്ഥിതി ദർശനങ്ങൾ എന്നതുകൊണ്ട് അർത്ഥമാകുന്നത്. ഹിപ്പോക്രാറ്റ്സ്, അരിസ്റ്റോട്ടിൽ തുടങ്ങിയ ഭാരതീയ തത്ത്വചിന്തകന്മാർ പ്രകൃതിയുടെ സംയോഗത്തെ കുറിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

## 1.1 പാരിസ്ഥിതിക പ്രസ്ഥാനങ്ങൾ

മൂന്നാം ലോക രാഷ്ട്രങ്ങളിൽ ഉദയം ചെയ്ത പാരിസ്ഥിതിക സാമ്പത്തിക സാംസ്കാരിക സാമ്പത്തിക പ്രശ്നങ്ങളുടെ ഫലമായി 1960കളിൽ ലോക വ്യാപകമായി വ്യവസ്ഥാപിത വികസന ശൈലി ചോദ്യം ചെയ്യപ്പെടുകയുണ്ടായി. ലോകത്തെമ്പാടും രൂപം കൊണ്ട വിദ്യാർത്ഥി പ്രക്ഷോപങ്ങളും അവർക്കിടയിൽ ഉള്ള കറുത്തവർഗ്ഗക്കാരുടെ മുന്നേറ്റങ്ങൾ തുടങ്ങിയവ പാരിസ്ഥിതിക പ്രശ്നങ്ങളുടെ ഉദയത്തിന കാരണമായി. 1968ലെ ലോകവിപ്ലവത്തോടെ ജനകീയ സാമൂഹ്യ പ്രസ്ഥാനങ്ങൾ രൂപം കൊണ്ടു. മാർക്സിസ്റ്റ്, നിയോ മാർക്സിസ്റ്റ്, ക്രിസ്ത്യൻ ഗാന്ധിയൻ, സർവോദയ തുടങ്ങിയ ചിന്തകൾ കേന്ദ്രീകരിച്ചാണ് ജനകീയ സാമൂഹ്യപരിസ്ഥിതി പ്രസ്ഥാനങ്ങൾ രൂപം കൊണ്ടത്.ജീവനെ തകർക്കുന്ന വികസന പ്രവർത്തനങ്ങളെ തിരസ്കരിച്ച് ജീവൻ ഉറപ്പിക്കുന്ന ഒരു

വികസന ക്രമത്തിനു വേണ്ടി ജനങ്ങളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിസ്ഥിതി പ്രസ്ഥാനങ്ങൾ ആവിർഭവിച്ചത്.സ്ത്രീവാദ പ്രസ്ഥാനങ്ങൾ, ഹരിതവാദ പ്രസ്ഥാനങ്ങൾ,സമാധാന പ്രവർത്തകരുടെ കൂട്ടായ്മകൾ, അണുവായുധ വിരുധസംഘങ്ങൾ, ഇടതുപക്ഷശാക്തീകരണ പ്രസ്ഥാനങ്ങൾ എന്നിവ ദേശീയരാഷ്ട്രീയത്തിൽ നവ സാമൂഹികപ്രസ്ഥാനങ്ങൾ എന്നതിൽ സജീവമായി.നവരാഷ്ട്രീയം മുന്നോട്ടുവെയ്ക്കുന്നത് ജനാധിപത്യത്തെ ക്കുറിച്ചുള്ള അവബോധമാണ്.എന്നാൽ ഹരിതരാഷ്ട്രീയം ചർച്ച ചെയ്യുന്നത് പാരിസ്ഥിതിക ബോധത്തിന്റെ തലത്തെകുറിച്ചാണ്. ജാതി, മതം, വർഗ്ഗം, ഭാഷ, ലിംഗം തുടങ്ങിയ വിഭജനങ്ങളിൽ പൗരാവകാശങ്ങൾ ധ്വംസിക്കപ്പെടുവാൻ ഹരിതപ്രസ്ഥാനങ്ങൾ അനുവദിക്കുന്നില്ല.

## 1.2 പാരിസ്ഥിതിക ബോധം സാമൂഹികസാംസ്കാരിക തലങ്ങളിൽ

പരിസ്ഥിതിക്കുണ്ടാകുന്ന ഏതൊരാഘാതവും ഏറ്റവും കൂടുതൽ ബാധിക്കുന്നത് മനുഷ്യനെയാണ്. ശാസ്ത്രസാങ്കേതിക വിദ്യയുടെ അനിയന്ത്രിതവും ജനവിരുധമായ വളർച്ചയും മുതലാളിത്തം സൃഷ്ടിച്ച അന്യ വൽക്കരണവും മനുഷ്യജീവിത ക്രമത്തെ താളം തെറ്റിച്ചു. ലാഭത്തിലധിഷ്ഠിതമായ കമ്പോള വൽക്കരണത്തിന്റെ ഫലമായി മാലിന്യവും അതോടൊപ്പം തന്നെ പാരിസ്ഥിതിക ചൂഷണവും നടമാടി. ഇതിന്റെ ഫലമായി കാലാവസ്ഥ വിത്യാനവും പട്ടിണിയും ലോകത്തിന്റെ പലയിടത്തും പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഋതു ഭേദങ്ങളുടെ താളക്രമം പ്രകൃതി വിഭവങ്ങളുടെ ദൗർലഭ്യം ഊർജ്ജ സ്രോതസ്സുകളുടെ ബലഹീനത വായു, ജലം, ജീവജാലങ്ങൾ എന്നിവയ്ക്കുണ്ടായ വളർച്ച, മുരടിപ്പ് എന്നിവ മനുഷ്യനെ ഒരു പുതിയ ചിന്താധാരയിലേക്ക് നയിച്ചു. നഗരവൽക്കരണവും ഉപഭോഗതൃഷ്ണയും അന്യവൽക്കരണവും സൃഷ്ടിച്ച പ്രശ്ന ങ്ങൾക്കുള്ള മറുപടി എന്ന നിലയ്ക്കാണ് പരിസ്ഥിതി പ്രസ്ഥാനങ്ങൾക്ക് ഒരു ആമുഖികമാറ്റം കൈവന്നത്.ഭൂമിയെ ജീവൻ നിലനിർത്തുവാൻ വരും കാലങ്ങളിൽ എന്താണ് ചെയ്യേണ്ടത് എന്ന് മനുഷ്യർ ആലോചിച്ചു തുടങ്ങി.ഇതിന്റെ ഫലമായി പാരിസ്ഥിതിക അവബോധത്തിലുള്ള സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയ വുമായ ഊർജ്ജിത അന്വേഷണവും യജ്ഞവും ആരംഭിച്ചു.ഇതാണ് പരിസ്ഥിതി

ബോധം തീർത്ത സാമൂഹിക സാംസ്കാരിക പശ്ചാത്തലം എങ്ങനെയെങ്കിലും നിലനിർത്താൻ നിന്നാൽ പോരാ,മനുഷ്യതനിമ ഉയർത്തിപ്പിടിച്ചും വിളംബരം ചെയ്തും മനുഷ്യൻ അതിജീവിക്കണം എന്നതാണ് പരിസ്ഥിതി ചിന്തയുടെ അടിസ്ഥാന ലക്ഷണം.

**1.3 പരിസ്ഥിതി ബോധം സർഗ്ഗാത്മകതലത്തിൽ.**

ആഗോളവൽക്കരണത്തിന്റെ സന്തതിയായി ഉയർന്നുവന്ന വ്യാവസായിക വൽക്കരണത്തിന്റെ അശാസ്ത്രീയമായ മാനേജ്മെൻും ഉപഭോഗ സംസ്കൃതി യിലൂടെ ഉയർന്നുവന്ന വികസനത്തിന്റെയും വഴിതെറ്റിയ ജീവിത ശൈലിയുടെയും ഫലമായി ജൈവ സന്തുലിതാവസ്ഥയ്ക്ക് കോട്ടം സംഭവിച്ചു. ചൂഷിതമായ ഈ പ്രകൃതിയിൽ എല്ലാം തകർന്നടിയുകയേ ഉള്ളൂ എന്ന ബോധം അങ്ങനെയാണ് ഉയർന്നുവന്നത്.ഈ പരിസ്ഥിതിക തകർച്ചയുടെ അർത്ഥം തേടേണ്ടത് സാഹിത്യ കൃതികളിലാണ്.പാശ്ചാത്യ സാഹിത്യത്തിൽ പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ചുള്ള ചർച്ചകളിൽ ശക്തമാകുന്നത് 1962 ൽ പ്രസിദ്ധീകരിച്ച നിശബ്ദവസന്തം എന്ന കൃതിയിലാണ്. പാശ്ചാത്യലോകത്ത് നവീനമായ ഒരു പരിസ്ഥിതിക ബോധം സൃഷ്ടിക്കുവാൻ പാരിസ്ഥിതിക പ്രശ്നങ്ങളുടെ മുന്നേറ്റത്തിന ഊർജ്ജം പകരുവാനും ഈ കൃതി സഹായകമായി.ഇതിനെ തുടർന്ന് സാഹിത്യം,സിനിമ മറ്റു കലാരൂപം എന്നിവ പരിസ്ഥിതിക പ്രശ്നങ്ങളെ ഗൗരവത്തോടെ കാണുവാനും പ്രതിരോധങ്ങൾ തീർക്കുവാനും ചെയ്തു തുടങ്ങി. പരിസ്ഥിതിയെ അമ്മയായി സങ്കൽപ്പിച്ചു കൊണ്ടുള്ള ഒരു ടിപ്പിക്കൽ കാഴ്ചപ്പാടാണ് ആദിമകാലം മുതൽ തന്നെ ഭാരതത്തിൽ നിലനിന്നത്. വേറെ ഇതിഹാസങ്ങളും പുരാണങ്ങളും ആദിമകാല കൃതികളിൽ ഒക്കെ തന്നെ പ്രകൃതിയെ പ്രകീർത്തിക്കുന്നുണ്ട്. സൂര്യൻ, ചന്ദ്രൻ, ഇടിമിന്നലുകൾ, വൃക്ഷങ്ങൾ, മലകൾ നാഗങ്ങൾ, മൃഗങ്ങൾ തുടങ്ങി പ്രകൃതി ശക്തികളെയാണ് ആദിമകാല ജനങ്ങൾ വിശ്വസിച്ച് ആരാധി ച്ചിരുന്നത്.

പ്രകൃതി കോപങ്ങളെ ഈശ്വര കോപമായി കണ്ട് പ്രതിവിധികൾ നിർണ യിക്കുന്ന പാരമ്പര്യം ഭാരതീയർ വച്ചുപുലർത്തിയിരുന്നു. 1970 കളുടെ ആദ്യം സൈലൻറ് വാലി സംരക്ഷണം ഉത്തരേന്ത്യയിലെ ചിപ്കോ പ്രസ്ഥാനവും ഒക്കെ

ഭാരതീയ പാരിസ്ഥിതിക അവബോധത്തിന് ചർച്ചയ്ക്കും നിമിത്തമായി. വറ്റുന്ന നദികൾ, വിഷമമായ ജലസ്രോതസ്സുകൾ, കുടിവെള്ളക്ഷാമം, വരൾച്ച, കൃഷിനാശം, പുതിയ പുതിയ രോഗങ്ങൾ ഇവയൊക്കെ തന്നെ പ്രകൃതിയോട് മനുഷ്യൻ കാണിച്ചുകൊണ്ടിരിക്കുന്ന ക്രൂരതകളുടെ പരിണിതഫലമാണ്. ഇത് കൂടാതെയാണ് ഭൂകമ്പങ്ങൾ അടിക്കടി ഉണ്ടാകുന്ന പ്രളയങ്ങൾ തുടങ്ങിയവ. ജീവിതം,ഭാഷാ സംസ്കാരം തുടങ്ങിയ പാരിസ്ഥിതിക ദുരന്തങ്ങൾക്കെതിരെ ആദ്യം പ്രതികരിച്ചത് എഴുത്തുകാരാണ്. പരിസ്ഥിതി ചിന്തയുടെ ഭിന്നമുഖങ്ങൾ സർഗ്ഗാത്മക രചനയിൽ കടന്നുവരുന്നു.

### 1.4 ഇക്കോ ക്രിട്ടിസിസം

കലയിലും സാഹിത്യത്തിലും പ്രകൃതിയുടെ സാന്നിധ്യവും അതിനെ ക്കുറിച്ചുള്ള പഠനങ്ങളും പുതിയ പ്രതിഭാസമല്ല. മുതലാളിത്ത സാമ്പത്തിക വളർച്ചയുടെ കെടുതികളോട് പ്രതികരിക്കുന്ന സർഗ്ഗാത്മക സാഹിത്യവും ബദൽ ദർശനങ്ങളും കാല്പനികതയുടെ കാലം മുതൽക്കുതന്നെ എഴുതപ്പെട്ടിരുന്നു. കാല്പനിക സാഹിത്യത്തെ കുറിച്ചുള്ള പഠനങ്ങളെ ഇന്നത്തെ പാരിസ്ഥിതിക സാഹിത്യ പഠനങ്ങളുടെ പൂർവ മാതൃകകളായി കാണാവുന്നതാണ്. എങ്കിലും ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിലാണ് പാരിസ്ഥിതിക വിമർശനം ഒരു സംഘടിത പഠന മേഖലയായി വളർന്നുവന്നത്. സാഹിത്യത്തിൽ പൗരാണിക കാലം മുതൽ തന്നെ ഉണ്ടായിരുന്ന പ്രകൃതി വർണ്ണനകൾക്കും പ്രകൃതി പൂജയ്ക്കും പ്രകൃത്യവബോധത്തിനുമപ്പുറം വ്യവസായയുഗം സൃഷ്ടിച്ച നാനാവിധ പ്രതിസന്ധികൾ ജീവന്റെ നിലനിൽപ്പിന് തന്നെ ഭീഷണിയായി വളർന്നതാണ്.ഈ പുതിയ പഠന മേഖലയുടെ പശ്ചാത്തലം. 1995ൽ കോളറാഡോ സർവ്വകലാ ശാലയിൽ നടന്നതും ഒന്നാംവിശ്വപരിസ്ഥിതി സാഹിത്യ സമ്മേളനമാണ് പാരി സ്ഥിതിക വിമർശനത്തിന്റെ ഔദ്യോഗിക തുടക്കം കുറിച്ചത് എന്ന് പറയാം. അങ്ങനെ നോക്കുമ്പോൾ ഈ നവവിമർശനത്തിന് ഇപ്പോൾ 20 വയസ്സാ യിരിക്കുന്നു. ഈ രണ്ടു ദശകങ്ങളിൽ ഈ നവവിമർശനം നേടിയ വളർച്ച അത്ഭുതപൂർവ്വമാണ്. ജീവിതത്തിന്റെ സമസ്തഭാവങ്ങളെയും ഉൾക്കൊണ്ടുകൊണ്ട് അത് സാഹിത്യ വിമർശനത്തിലെ മുഖ്യധാരയായി മാറിയിരിക്കുന്നു. അതിന്റെ

വെളിച്ചത്തിൽ പുതിയ സർഗ്ഗാത്മക സാഹിത്യത്തിന്റെയും വിമർശനത്തിന്റെയും വൈവിധ്യമേറിയ മേഖലകളെ തിരിച്ചറിയുകയാണിവിടെ.

### 1.5 ആദ്യകാല സ്വാധീനങ്ങൾ

ആധുനിക പരിസ്ഥിതി ദർശനവും പാരിസ്ഥിതിക പ്രതിരോധങ്ങളും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങൾ മുതൽ വളർന്നുവന്നത് ഏറെയും അമേരിക്കയിൽ ആണെന്ന് പറയാം. ഹെൻട്രി ഡേവിഡ് തൊറോ,ജോൺ മുയ്ർ തുടങ്ങിയ അമേരിക്കൻ ചിന്തകരുടെ അതീതതാവാദം, പൗരാണിക ദർശന ങ്ങളുടെ സദാചാരബോധം, കാല്പനികതയുടെ ഗൃഹാതുരത, അൽദോ ലിയ പോൾദിന്റെ പ്രകൃതി സംരക്ഷണ പാരിസ്ഥിതിക സദാചാര ചിന്തക്കൾ, 1960 കളിലെ പ്രതിസംസ്കാരം, റേച്ചൽ കാഴ്സണിന്റെ 'നിശബ്ദ വസന്തം എന്ന ഗ്രന്ഥം എന്നിങ്ങനെ ബഹുവിധമായ സ്വാധീനങ്ങളിൽ നിന്ന് ഉരു തിരിഞ്ഞതാണ് അമേരിക്കൻ പരിസ്ഥിതി ചിന്തയിലെ മുഖ്യധാര. ലൂയി മാഫോഡിനെയും,ബാരി കോമണറെയും പോലെയുള്ള ഇടതുപക്ഷ പാരിസ്ഥിതിക ചിന്തകരുടെ ബദൽ പാരമ്പര്യം.അമേരിക്കയിൽ ശക്തമായിരുന്നെങ്കിലും അവയൊക്കെ അവഗണി ക്കുകയാണ് ഉണ്ടായത്.

അമേരിക്കൻ മുഖ്യധാരാ പരിസ്ഥിതി ചിന്തകരുടെയും, പൗരസ്ത്യ ദർശന ങ്ങളുടെയും സ്വാധീനങ്ങളിൽ നിന്ന് ഉരുത്തിരിഞ്ഞ ഒരു സംഘടനവാദമാണ് ഗഹന പരിസ്ഥിതിവാദം (Deep Ecology). മനുഷ്യൻറെ ആവശ്യങ്ങൾക്ക് ബാഹ്യമായ നൈസർഗിക മൂല്യം (Intrinsic value) പ്രകൃതിക്കുണ്ട്,മനുഷ്യ കേന്ദ്രീകതത്വം അപകടമാണ്, ജൈവവൈവിധ്യം മനുഷ്യനിരപേക്ഷമായ അനിവാര്യതയാണ്, മനുഷ്യരുടെ ജനസംഖ്യയുടെ പെരുപ്പം നിർബന്ധിതമായി നിയന്ത്രിക്കേണ്ടതുണ്ട്, മനുഷ്യരുടെ വ്യക്തിസ്വാതന്ത്ര്യം പോലെ പ്രകൃതി സത്തകളുടെ സ്വാതന്ത്ര്യവും നിലനിൽപ്പും അനിവാര്യമാണ്, തുടങ്ങിയ അടിസ്ഥാന കൽപ്പനകളാണ് ഗഹന പരിസ്ഥിതിവാദത്തിലുള്ളത്.പക്ഷേ ബദൽ ജീവിതരീതി സൃഷ്ടിക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ ഒന്നും ഇല്ലെന്നതാണ് ഈ ദർശനത്തിന്റെ പ്രധാന പരിമിതി.

ചരിത്രനിരാസവും മനുഷ്യവിരുദ്ധതയും ഈ ദർശനത്തിന്റെ സ്വഭാവമാണ്. ജ്ഞാനോദയസങ്കല്പങ്ങളെ പൂർണ്ണമായി നിരാകരിക്കുന്നതിലൂടെ, മനുഷ്യ സ്വാതന്ത്ര്യം, നീതി, സമത്വം പോലുള്ള മഹത്തായ സമസ്യകളെ അപ്രസക്ത മാക്കുന്നു.ഏദൻ തോട്ടത്തിലെ വിഷക്കനി തിന്ന ആദാമിന്റെ വീഴ്ച്ചയായി ഇന്നത്തെ മനുഷ്യാവസ്ഥയെ ചിത്രീകരിക്കുക വഴി, നിലനിൽപിനു വേണ്ടി പ്രകൃതിയുമായി മനുഷ്യൻ നടത്തുന്ന വൈരുദ്ധ്യാത്മക ഇടപെടലുകളുടെ ചരിത്രപരമായ ഉണ്മയെ നിരാകരിക്കുന്നു. ജനസംഖ്യ നിർബന്ധിതമായി കുറയ്ക്കണം എന്ന ഗരേ ഹാർഡിന്റെയും, പോൾ എൽറിച്ചിന്റെയും മറ്റും നിലപാടുകൾ നാസികളുടെ ഉ ൂലന സിദ്ധാന്തത്തിനു വഴി വെയ്ക്കാം. മനുഷ്യ കേന്ദ്രിതത്വമാണ് പ്രശ്നങ്ങളുടെയെല്ലാം ഉറവിടമെന്നു കല്പിക്കുന്നത് ഒരു മറയാണ്; മുതലാളിത്ത സമൂഹത്തിനു ബദലായി മനുഷ്യകേന്ദ്രിത സമൂഹത്തെ പകരം വെക്കലാണ്. മൂലധനത്തിന്റ ചൂഷണാധിഷ്ഠിതവും ലാഭകേന്ദ്രിതവുമായ ഉൽപാദനബന്ധങ്ങളെ കണ്ടില്ലെന്നു നടിച്ച് അവർ പരിസ്ഥിതി പ്രശ്നത്തിൽ രാഷ്ട്രീയമൊന്നുമില്ലെന്നു ഭാവിക്കുന്നു.മുതലാളിത്ത ഉൽപാദന വ്യവസ്ഥയുടെ നിഷ്ഠൂരതയും വികലതകളുമാണ് പ്രകൃതിയുടെയും മനുഷ്യരുടെയും ചൂഷണത്തിന ഒന്നു പോലെ കാരണമാകുന്നത്.

ഗുണപരമായ ചില അംഗങ്ങൾ ഗഹന പരിസ്ഥിതി വാദത്തിൽ ഉണ്ടെങ്കിലും, അടിസ്ഥാനപരമായി അതൊരു പ്രതിലോമദർശനമാണ്. വൈവിധ്യ ത്തെയും, വന്യതയെയും, പ്രകൃതിയുടെ നൈസർഗ്ഗിക മൂല്യത്തെയും, ഗോത്ര മനുഷ്യരുടെ മഹിമയെയും ഒക്കെ വാഴ്ത്തുന്ന ഈ ദർശനം മനുഷ്യ സ്വാതന്ത്ര്യം, വിഭവവിതരണത്തിലെ നൈതികത, ചരിത്രപരതയുടെ അനിവാര്യത തുടങ്ങിയ സാരവത്തായ പല പ്രശ്നങ്ങളുടെ നേർക്കും കണ്ണടയ്ക്കുന്നു. ആദ്യകാല അമേ രിക്കൻ പാരിസ്ഥിതിക വിമർശനത്തിന്റെ മൂല്യസ്വാധീനം ഗഹന പരിസ്ഥിതി വാദമായിരുന്നു. എന്നാൽ കാലക്രമേണ ഈ നവവിമർശനം വികാസത്തിന്റെ പുതിയ മേഖലകൾ കണ്ടെത്തി.

അമേരിക്കൻ പാരിസ്ഥിതിക വിമർശകരിൽ ചിലർ തരംഗങ്ങളുടെ അടിസ്ഥാനത്തിൽ ഈ വളർച്ചയെ വിലയിരുത്തുന്നുണ്ട്. പാരിസ്ഥിതിക സാഹി

ത്യത്തെയും വിമർശനത്തെയും ഇത്തരത്തിൽ വർഗീകരിക്കുന്നത് അവയൊക്കെ വ്യത്യസ്തമായ വെള്ളം കയറാത്ത അറകളെന്ന നിലയിലല്ല.അവയിൽ പലതും പരസ്പരബന്ധിതവും കൃത്യമായ കാലഗണനയ്ക്ക് വഴങ്ങുന്നതുമല്ല. പുതിയ തെന്നുപറയുന്നത് പലപ്പോഴും പഴയ സാഹിത്യത്തിലേക്ക് ചെന്നതും; പഴയ സാഹിത്യം പുതിയ വിമർശനത്തിന വളമേകുകയും ചെയ്യും.പുതിയൊരു തരംഗം ആരംഭിക്കുമ്പോൾ പഴയത് അസ്തമിക്കുന്നില്ല.മറ്റൊരു ശ്രദ്ധേയമായ കാര്യം, ഈ വർഗ്ഗീകരണം അമേരിക്കൻ പശ്ചാത്തലത്തിലാണ് ഏറെ പ്രസക്തം എന്നതാണ്.

## 1.6 ഗഹനപരിസ്ഥിവാദം (Deep Ecology)

പ്രപഞ്ചത്തിൽ മനുഷ്യന്റെ മേൽകോയ്മയെ തിരസ്കരിക്കുകയും ഭൗതിക ജൈവഭൗതിക മണ്ഡലങ്ങളിൽ നിന്ന് മനുഷ്യന്റെ മേദാവിത്വത്തെ ഇല്ലാതാകുകയും ചെയ്യുക എന്നതാണ് ഗഹനപരിസ്ഥിതിവാദക്കാർ ലക്ഷ്യ മിടുന്നത്. ആധുനിക ശാസ്ത്രത്തിന്റെ വികാസത്തോടെയാണ് മനുഷ്യന്റെ മേല് കോയിമയെ തിരസ്കരിക്കാൻ തുടങ്ങിയത്. ഇവരുടെ കാഴ്ച്ചപ്പാട് മനുഷ്യൻ പരിസ്ഥിതിയുടെ ഒരു ഘടകം മാത്രമാണ്.മനുഷ്യ ക്രേന്ദീകൃത പരിസ്ഥിതി വാദത്തിന എതിരാണ് ഗഹന പരിസ്ഥിതി വാദത്തിന്റെ ഉപജ്ഞാതാവ്. വ്യത്യസ്ത ജീവിതാവിഷ്കരണങ്ങൾ സാധ്യമാകുവാൻ കഴിയുന്ന ദർശനങ്ങളിൽ അതിഷ്ഠിത മായതാണ് ഗഹനപരിസ്ഥിതിവാദം എന്നു പറയുന്നത്.

## 1.7 സാമൂഹ്യപരിസ്ഥിതിവാദം (Social Ecology)

മനുഷ്യ സമൂഹത്തിലെ അരാചകത്വത്തിന്റെയും മാർക്സിസത്തിന്റെയും സമന്വയമാണ് സാമൂഹികപരിസ്ഥിതിവാദം. ബുഗേ ബുക്ച്ചിൻ ആണ് സാമൂഹ്യ പരിസ്ഥിതിവാദത്തിന്റെ ഉപജ്ഞാതാവ്.ഒരു സാമൂഹിക ജീവി എന്ന നിലയിൽ മനുഷ്യന മറ്റുള്ളവരുമായുള്ള ബന്ധം പരമപ്രാധാന്യമാണ്. രണ്ടാം ലോക മഹായുദ്ധാനന്തരം ഇടതുപക്ഷം നേരിട്ട സൈദ്ധാന്തിക പ്രശ്നങ്ങളിൽ നിന്നുമാണ് സാമൂഹികപരിസ്ഥിതിവാദം എന്ന ആശയം രൂപം കൊണ്ടത്ത്. എല്ലാ ജീവ രൂപങ്ങൾക്കും ആന്തരിക മൂല്യമുണ്ട് എന്നും ആ മൂല്യത്തെ നീതിപൂർവ്വം

തിരിച്ചറിയുവാൻ മനുഷ്യനു കഴിയണം എന്നും സാമൂഹ്യപരിസ്ഥിതി വാദം വിശ്വസിക്കുന്നു.ഇവർ മനുഷ്യനെ പ്രകൃതിയുടെ മിത്രമായി കാണുന്നു.

### 1.8 ഒന്നാം തരംഗം

1990 കളിയിൽ ആരംഭിച്ച പാരിതസ്ഥിതിക വിമർശനത്തിന്റെ ആദ്യകാല മുന്നേറ്റത്തെ ഒന്നാം തരംഗ പരിസ്ഥിതി വിമർശനം (first Wave Ecocriticism) എന്നാണ് ലോറൻസ് ബുവെൽ വിളിക്കുന്നത്.ഒന്നാം തരംഗ ഇക്കോട്ടിക്കുകളിൽ വേറെ പേരും ഗഹന പരിസ്ഥിതി വാദത്തിന്റെ ദാർശനിക ഭൂമികയിലാണ് തങ്ങളുടെ സാഹിത്യ പഠനങ്ങളെ അടയാളപ്പെടുത്തുന്നത്. ഉത്തരാധുനികമായ സിദ്ധാന്തങ്ങളുടെ ബഹുലതയിൽ അകപ്പെട്ട സാഹിത്യവിമർശനത്തിൽ പ്രകൃ തി എന്നൊരു സങ്കല്പം തന്നെ പുറന്തള്ളപ്പെട്ടതിലുള്ള പ്രതിഷേധമായാണ് പുതിയ വിമർശനത്തിന്റെ ആരംഭം. മുഖ്യധാരാദർശനങ്ങളിൽ നിന്നു തന്നെ 'Nature' എന്ന സംവർഗ്ഗം പിന്തള്ളപ്പെട്ടിരുന്നു. ഫിലോസഫിയിൽ 'Nature' എന്ന വാക്ക് ഉപയോഗിക്കുമ്പോൾ ദാർശനികരിൽ പലരും അർത്ഥമാക്കിയത് മറ്റു പലതുമാണ്. ഉദാഹരണത്തിന നീത്ഷേയ്ക്ക് 'Nature' എന്നാൽ Human 'Nature'മനുഷ്യന്റെ ഇന്ദ്രിയനടനം മാത്രമായിരുന്നു. അരിസ്റ്റോട്ടിൽ സൗന്ദര്യ ചിന്തയിൽ പ്രകൃതിക്ക് നൽകിയ 'Setting' അഥവാ പശ്ചാത്തലം എന്ന പരിമിത കൽപ്പനയ്ക്ക് പകരം പ്രകൃതി എന്ന സംവർഗ്ഗത്തിന മുഖ്യസ്ഥാനം കൽപ്പിച്ചാണ് പല പാരിസ്ഥിതിക വിമർശകരും തങ്ങളുടെ പഠനങ്ങൾക്കു തുടക്കവിട്ടത്.

ഈ പ്രകരണത്തിലാണ് ഷെറിൽ ഗ്ലോഫെൽറ്റി ഇക്കോക്രിട്ടിസിസത്തെ സരളമായി ഇങ്ങനെ നിർവ്വചിച്ചത്: ഭൗതിക പരിസ്ഥിതിയും സാഹിത്യവുമായുള്ള ബന്ധത്തിന്റെ പഠനം; ലിംഗബോധ്യങ്ങളുടെ വെളിച്ചത്തിൽ ഫെമിനിസ്റ്റ് ക്രിട്ടിസിസം ഭാഷയെയും സാഹിത്യത്തെയും പരിശോധിക്കുന്നതു പോലെ... .. സത്യത്തിൽ ഈ നിർവ്വചനം ഒരു വേർപ്പെടുത്തലും പരിമിതപ്പെടുത്തലു മാണെന്ന് ഇപ്പോൾ നമുക്കു തിരിച്ചറിയാൻ കഴിയുന്നു. ഒന്നാം തരംഗ ഇക്കോക്രിട്ടിസിസത്തിന്റെ ഈ പരിമിതപ്പെടുത്തൽ, പാരിസ്ഥിതിക വിമർശ നത്തിന്റെ ബഹുവിഷയബന്ധത്തെ വിസ്മരിക്കുന്നതായിരുന്നു. പ്രകൃതിയെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചപ്പോൾ മനുഷ്യരും ചരിത്രവും അപ്രത്യക്ഷമായി.

അതിനാൽ ഗഹനപരിസ്ഥിതിവാദത്തിന്റെ തണലിൽ വളർന്ന ഈ ഒന്നാം തരംഗ ഇക്കോക്രിട്ടിസിസം ശുദ്ധകലാവാദം പോലെ പരിമിതമായി മാറി.

### 1.9 രണ്ടാം തരംഗം

പ്രകൃതി വർണ്ണന,പ്രകൃത്യാരാധന, പ്രകൃതിയോടുള്ള ഗൃഹാതുരത, പാശ്ചാദ്ഗമനത്തിനുള്ള ഇച്ഛ തുടങ്ങിയ കാല്പനികതയുടെ സ്വാധീനങ്ങൾ ,ഭൂഭാഗസൗന്ദര്യ ശാസ്ത്രത്തിന (landscape Aesthetics) ചുറ്റും വട്ടമിടുന്ന പ്രവണത, ഗഹനപരിസ്ഥിതി വാദത്തിന്റെ പ്രഭാവം, സൈദ്ധാന്തികതയോടും ചരിത്ര പരതയോടുള്ള വിമുഖത, ബഹുവിഷയന്ധത്തിന്റെ അഭാവം എന്നിങ്ങനെയുള്ള പശ്ചാത്തലത്തിൽ നിന്ന് പാരിസ്ഥിതിക വിമർശനത്തിന്റെ ലക്ഷ്യം. പ്രകൃതിഭൂഭാഗ കേന്ദ്രിത വിമർശനത്തിൽ നിന്ന് സാമൂഹ്യ ഇക്കോക്രിട്ടിസിസ ത്തിലേക്കുള്ള (Social Ecocriticism) പരിണാമമായിരുന്നു രണ്ടാം തരംഗത്തിൽ സംഭവിച്ചത്. ഒന്നാം തരംഗ പാരിസ്ഥിതിക വിമർശന കാലത്ത് താനെഴുതിയ പാരിസ്ഥിതിക ഭാവന (Environmental Imagination) എന്ന കൃതിയിൽ നിന്ന് ആപദ്ഗ്രസ്തമായ ലോകത്തിനുവേണ്ടി എഴുതുമ്പോൾ (Writing for An Endangered world) എന്ന കൃതിയിലേക്കുള്ള തന്റെ വളർച്ചയെ രണ്ടാം തരംഗത്തിലേക്കുള്ള ചുവടുവയ്പായി നിർവ്വചിച്ചുകൊണ്ട് ലോറൻസ് ബുവെൽ പറഞ്ഞത്, പ്രകൃതി,പരിസ്ഥിതി എന്നീ പ്രഥമിക സംവർഗ്ഗങ്ങളിലേക്ക് പാരിസ്ഥിതിക വിമർശനത്തെ ചുരുക്കുന്നത് വലിയൊരു പരിമിതപ്പെടുത്ത ലാണെന്ന് കരുതുന്നവരുമായി എനിക്കു യോജിപ്പു തോന്നി എന്നാണ്.

ഈ രണ്ടാംതരംഗത്തിന്റെ പ്രത്യേകത അത് വിമർശകർ കൃതികളെ വായി ച്ചെടുക്കുന്ന സമീപനത്തിൽ വന്ന മാറ്റം മാത്രമല്ല,സർഗ്ഗാത്മക സാഹിത്യത്തിലെ പുതിയ വികാസങ്ങളുമായി അതിനുള്ള ബന്ധം കൂടിയാണ്.

### 1.10 പ്രകൃതിയുടെ വിപുലീകരണം

ഇവിടെ മനുഷ്യ നിർമ്മിത പ്രകൃതി (Built Environment)യെക്കൂടി ഉൾപ്പെടുത്തി പ്രകൃതി എന്ന സങ്കല്പത്തെ വിപലീകരിക്കുന്നു. ആദിമ പ്രകൃതിയിൽ നിന്ന് നിർമ്മിതപ്രകൃതിയിലേക്കുള്ള പരിവർത്തനങ്ങളും

പഠനത്തിന്റെ പരിധിയിൽ വരുന്നു.കൂടാതെ ആദിമപ്രകൃതിയിലും നിർമ്മിത പ്രകൃതിയിലെയും മനുഷ്യാവസ്ഥകൾ കൂടി പ്രധാന പഠന മേഖലയാകുന്നു. നിർമ്മിത പ്രകൃതിയുടെ ഭാവിയെ കുറിച്ചുള്ള ദീർഘവീക്ഷണങ്ങൾ കൂടിയാണ്. ഉദാഹരണത്തിന അശ്മക ഇന്ധനങ്ങൾ അസ്തമിക്കുമ്പോൾ വൻ നഗരങ്ങൾക്ക് എന്ത് സംഭവിക്കുമെന്ന ഭീതിപുതിയ തരംഗത്തിനു വിഷയം. ഗ്രാമീണരും, കാനനത്തിലെ, ആദിവാസിയും, നഗരത്തിലെ ചേരികളിലെ മനുഷ്യരും, സർഗ്ഗാത്മക സാഹിത്യത്തിന പാരിസ്ഥിതിക വിമർശനത്തിനും ഒരുപോലെ വിഷയമാകുന്നു.

1973 ൽ തന്നെ റെയ്മണ്ട് വില്യംസ് നഗര ഗ്രാമത്തെ ദ്വൈതത്തെ ആധാരമാക്കി മികച്ചൊരു ഗ്രന്ഥം രചിച്ചിരുന്നു.പ്രാദേശിക ഗ്രാമീണ ജീവിതവും മൂല്യങ്ങളും വ്യവസായ മുതലാളിത്തത്തിന്റെ ഇരുമ്പ് ചക്രങ്ങൾക്ക് കീഴിൽ തകർന്നടിയുന്നതിന്റെ മാർക്സിസ്റ്റ് സാംസ്കാരിക വായനയായിരുന്നു വില്യംസ് നടത്തിയത്. മുഖ്യധാര മാർക്സിസ്റ്റ് വിമർശനത്തിൽ ഇതിന വലിയ സ്ഥാനമൊന്നും ലഭിച്ചില്ലെങ്കിലും, പാരിസ്ഥിതിക വിമർശനത്തിന്റെ ശക്തമായ പൂർവ്വ മാതൃകയായി ഈ കൃതി ഇന്ന് അംഗീകരിക്കപ്പെടുന്നു.ഇതിൽനിന്ന് മൈക്കൽ ബെനറ്റിനെയും ഡേവിഡ് ടീഗിനെയും പോലുള്ള വിമർശകർ നാഗരിക ഇക്കോക്രിട്ടിസിസം എഴുതുന്നുമുണ്ട്.

### 1.11 ആഗോളതാപനം സാഹിത്യത്തിൽ

ദേശവർഗ്ഗവർണ്ണലിംഗ ബേധമില്ലാത്ത ആഗോള വിപത്തായി ഭൂമിയുടെ അന്തരീക്ഷത്തിലെ അതിതാപനം മാറുന്നുവെന്ന് ശാസ്ത്രലോകം മുന്നറിയിപ്പ് നൽകുന്നു.അശ്മക ഇന്ധനങ്ങൾ കത്തിക്കുമ്പോഴുണ്ടാകുന്ന പ്രദൂഷണമാണ് ഇതിന കാരണമെന്ന് നമുക്കറിയാം.ആഗോളതാപനത്തിന്റെ പ്രകടനരൂപങ്ങളായി ഒരു മുന്നറിയിപ്പുമില്ലാതെ മഞ്ഞുമലുകളുടെ ഉരുകലും, സമുദ്രനിരപ്പ്, പ്രകൃതി ദുരന്തങ്ങളുടെ വർദ്ധനയും, വരൾച്ചയും, ചിലപ്പോൾ അതിവർഷവുമെല്ലാം നമ്മെ എപ്പോഴും തേടിയെത്താം. ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങളെകുറിച്ചുള്ള ഭീതി കാലാവസ്ഥ ഫിക്ഷൻ എന്നൊരു പുതിയ സംവർഗ്ഗത്തിന ജന്മം നൽകിയിരുന്നു. (പെട്രോഫിക്ഷനെ പോലെ തന്നെ)ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ

ദശകത്തിലാണ് ഇത്തരത്തിൽ ഒരു നാമകരണവും പ്രശസ്തിയും ഈ വിഭാഗം നോവലുകൾക്ക ലഭിക്കുന്നത്. പ്രശസ്ത നോവലിസ്റ്റ് മാർഗരറ്റ് ആറ്റ്വുഡ് ഇതേക്കുറിച്ച് ഇങ്ങനെ എഴുതി: നോവലിൽ കാലാവസ്ഥ വിത്യാനം ഒരു പ്രമേയമായി വരുമ്പോൾ അതിനെ ഇപ്പോൾ കാലാവസ്ഥ ഫിക്ഷൻ എന്ന് വിളിക്കുന്നു.ജോർജ് ഓർവെല്ലിന്റെ 1984 പോലുള്ള ദുരന്ത നോവലുകൾ ശ്രദ്ധ കേന്ദ്രീകരിച്ചത് സ്വേച്ഛാധിപത്യ രാഷ്ട്രീയ ഭരണകൂടങ്ങളിലായിരുന്നു. എന്നാൽ ഇപ്പോൾ നാം ജീവിതയോഗ്യമല്ലാതാക്കിത്തീർത്ത നമ്മുടെ സുയോഗ്യമായ ആവാസവ്യവസ്ഥയുടെ ദുരിയോഗമാകും അത്തരം ദുരന്തങ്ങളുടെ പശ്ചാത്ത ലം. കാലാവസ്ഥ ഫിക്ഷന്റെ പഠനം പരിസ്ഥിതികവിമർശനത്തിൽ ഇന്നൊരു ഉപശാഖയായിരിക്കുന്നു. അന്തരീക്ഷത്തിന്റെ സൗന്ദര്യ ശാസ്ത്രം അങ്ങനെ രചിക്കപ്പെടുന്നു.

### 1.12 വിഷമയ പ്രകൃതിയും ആപദ്ഗ്രസ്തസമൂഹവും

അപകടം എല്ലാത്തരം സാങ്കേതികവിദ്യകളുടെയും കൂടെപ്പിറപ്പാണ്. മനുഷ്യരുടെ സാമ്പത്തിക സാങ്കേതിക ഇടപെടലുകളിലൂടെ രാസികവും വിഷ മയവുമായിത്തീർന്ന പ്രകൃതിയും ശരീരങ്ങളുമാണ് നമ്മുടേത്. അതിനാൽ ഇന്ന് സാഹിത്യത്തിൽ ഒരു വിഷമയസംവാദ ത്തിന പ്രസക്തിയുണ്ട്. മനുഷ്യരുടെ കടന്നുകയറ്റങ്ങൾ സൃഷ്ടിച്ച പ്രകൃതിയുടെ അസന്തുലനം മൂലം നമുക്ക് ചുറ്റും എപ്പോഴും പെയ്തിറങ്ങാവുന്ന, ആർത്തലച്ചെത്താവുന്ന വിപത്തുകൾ പതി യിരിക്കുന്നു. ഉദാഹരണത്തിന ആണവനിലയങ്ങളുടെ ചോർച്ച സൃഷ്ടിക്കുന്ന വികിരണം കൂട്ടമരണമായി നിശബ്ദമായി കടന്നുവരാം. ഈ ആധുനിക സമൂഹ ത്തെ ജർമ്മൻ ചിന്തകനായ യൂറിക് ബക്ക് വിളിച്ചത് വിപത്തുകളുടെ സമൂഹം എന്നതാണ്. ഇത്തരം അപകടങ്ങൾ വൈയക്തികതലത്തിലും സാമൂഹിക തലത്തിലും സംഭവിക്കാം.

വൈയക്തികസാമൂഹ്യതലങ്ങളിലെ വിഷമ ഭീതിയുടെ മികച്ച ആത്മ കഥാവിഷ്കാരമാണ് ടെറി ടെംപസ്റ്റ് വില്യംസിന്റെ അഭയസ്ഥാനം എന്ന പ്രസിദ്ധകൃതി. ആണവ പരീക്ഷണം മൂലമുണ്ടായ വികിരണം തലമുറകളിലൂടെ ഒരു പ്രദേശത്തെ സ്ത്രീകളിൽ സൃഷ്ടിക്കുന്ന ക്യാൻസർ രോഗവും അതു

ണർത്തുന്ന ആദിയും ഈ ഇക്കോ ഫെമിനിസ്റ്റ് കൃതിയുടെ പ്രത്യേകതയാണ്. ഡോൺ ഡെലില്ലോയുടെ വെളുത്ത ശബ്ദം എന്ന നോവലിലെ ജാക്ക് ഗ്ലാഡ്നി ആകാശത്ത് സംഭവിച്ച ഒരു വിഷമയ സംഭവത്തിന്റെയും ആഘാതത്താൽ ജീവിതം പ്രശ്നമയമായ കഥാപാത്രമാണ്; ആകാശത്തുനിന്ന് വരുന്ന വിപത്ത് ഒരു സമൂഹത്തെയാകെ ഗ്രസിക്കുന്നു. അംബികാസുതൻ മാങ്ങാടിന്റെ എൻ മകജെ ആകാശത്തുനിന്ന് വിഷമയ പെയ്യുന്ന കാലത്ത് ഒരു പ്രദേശം നേരിടുന്ന ദുരന്തങ്ങളുടെ ആഖ്യാനമാണ്;അങ്ങനെ ഒരു വിപദ്ഗ്രസ്ത സമൂഹത്തിന്റെ വലിയ പരിച്ഛേദവും. പഴകി ദ്രവിച്ചുകൊണ്ടിരിക്കുന്ന മുല്ലപ്പെരിയാർ അണക്കെട്ടിന്റെ തകർച്ചയെക്കുറിച്ചുള്ള ഭീതിയും അതിലൂടെ ആർത്തലച്ചെത്താവുന്ന പ്രളയസമാനമായ വൻദുരിന്തവും ഉണർത്തുന്ന സാമൂഹിക ആദിയുടെ ആവിഷ്കാരമാണ് എം എ സിദ്ദിഖിന്റെ ജലഭ്രമങ്ങളിൽ ഞാൻ എന്ന നോവൽ.

### 1.13 മൂന്നാം തരംഗം

ലോറൻസ് ബുവെൽ രണ്ടുതരംഗങ്ങളെക്കുറിച്ചു മാത്രമാണ് പറഞ്ഞത്; അതിൽ മുൻപ് വിവരിച്ച മേഖലകളെല്ലാം ഉൾപ്പെടുന്നില്ല. പാരിസ്ഥിതിക വിമർശനത്തിൽ കഴിഞ്ഞ ഒരു ദശകക്കാലത്തുണ്ടായ വികാസങ്ങളെയും അതിന്റെ ഭാവി സാധ്യതകളെയും സൂക്ഷ്മമായി നിരീക്ഷിച്ചതിൽനിന്ന് കൽപ്പന ചെയ്തതാണ് ഈ മൂന്നാം തരംഗം.

### 1.14 പാരിസ്ഥിതിക നീതി

പരിസ്ഥിതിക സമസ്യകൾ ഏറ്റവുമധികം പ്രതികൂലമായി ബാധിക്കുന്നത് പാർശ്വവൽകൃതരെയും പാവപ്പെട്ടവരെയുമാണ്.ഖനനവും വൻകിടപദ്ധതികളും മൂലം കുടിയിറക്കപ്പെടുന്ന ഗ്രാമീണരും, ആദിവാസികളും, ദളിതരും, നഗരങ്ങളിലെ ചേരികളിൽ ദുരന്തമനുഭവിക്കുന്ന പാവങ്ങളും, പെഡ്രെയിലെ വിഷമഴ പോലുള്ള പ്രദൂഷണങ്ങളാൽ തലമുറകളിലേക്കു പകരുന്ന വൈകല്യങ്ങളും രോഗങ്ങളും സംക്രമിച്ച സാധാരണക്കാരും എല്ലാം പാരിസ്ഥിതിക അനീതികളുടെ ഇരകളാണ്. അവർക്ക് നിഷേധിക്കപ്പെടുന്ന നീതിയെകുറിച്ചുള്ള ആവിഷ്കാരങ്ങളാണ് പരിസ്ഥിതികനീതിയുടെ സാഹിത്യം. പാരിസ്ഥിതിക നീതി ഒരു രാഷ്ട്രീയ സമസ്യയെന്നതുപോലെ സാംസ്കാരികസമസ്യയുമാണ്. ജൂലിസ്സേ എന്ന ലേഖിക

പറയുന്നത്, പാരിസ്ഥിതികനീതിക്കുവേണ്ടിയുള്ള മുന്നേറ്റം, പൊതുനയങ്ങളെ തിരുത്താനുള്ള ഒരു രാഷ്ട്രീയ പ്രസ്ഥാനം മാത്രമല്ല, പ്രത്യയശാസ്ത്രത്തിലും, പ്രതിനിധാനത്തിലും താല്പര്യമുള്ള ഒരു സാംസ്കാരിക മുന്നേറ്റം കൂടിയാണ് എന്നാണ്. അമേരിക്കൻ നോവൽ സാഹിത്യത്തിൽ അവിടുത്തെ ആദിവാസി ജനതയായ റെഡ് ഇന്ത്യക്കാരുടെയും കറുത്ത വർഗ്ഗക്കാരുടെയും രചനകളിൽ പാരിസ്ഥിതിക നീതി വലിയ പ്രമേയമായി കടന്നുവരുന്നുണ്ട്. അവയെ പാരിസ്ഥിതിക വിമർശകർ അത്തരത്തിൽ വിശകലനം ചെയ്യുന്നുമുണ്ട്.

### 1.15 പാരിസ്ഥിതിക ചരിത്രവും സാഹിത്യവും

പരിസ്ഥിതി ചിന്തയുടെ സ്വാധീനം ചരിത്രരചനയിൽ വൻ കുതിപ്പുകൾക്ക് കാരണമായിട്ടുണ്ട്; അങ്ങനെ പാരിസ്ഥിതികചരിത്രം എന്നൊരു പുതിയ ജ്ഞാന മേഖല ഇന്ന് വളർന്ന് വിപുലമായിരിക്കുന്നു. പാരിസ്ഥിതിക ചരിത്ര കാരന്മാരിൽ അഗ്രഗണ്യനായ ഡൊണാൾഡ് ഹ്യൂഗ്സ്, ഈ നവചരിത്രരചനയ്ക്ക് മൂന്നു പ്രധാന തീമുകളുണ്ടെന്നു സിദ്ധാന്തിക്കുന്നു. ഒന്ന്: പാരിസ്ഥിതിക ഘടകങ്ങൾ മനുഷ്യ ചരിത്രത്തെ സ്വാധീനിക്കുന്ന വിധം. രണ്ട്: മനുഷ്യന്റെ ഇടപെടലുകൾ മൂലമുണ്ടാകുന്ന പാരിസ്ഥിതികമാറ്റങ്ങൾ അവയുടെ നാനാവിധമായ പ്രത്യാഘാത ങ്ങളിലൂടെ മനുഷ്യസമൂഹങ്ങളിൽ സൃഷ്ടിക്കുന്ന പരിണാമങ്ങൾ. മൂന്ന്: പരിസ്ഥിതി യെയും പ്രകൃതിയെയുംകുറിച്ചുള്ള മനുഷ്യചിന്തയുടെ ചരിത്രവും, മനുഷ്യന്റെ ആശയങ്ങളും ചിന്തയും നിലപാടുകളും പരിസ്ഥിതിയെ പരിവർത്തിപ്പിക്കുന്നതിൽ വഹിച്ച പങ്കിനെക്കുറിച്ചുള്ള പഠനങ്ങൾ.

ഇടതുപക്ഷചിന്തയ്ക്കനുരൂപമായ വിധത്തിൽ അമേരിക്കയുടെ ഹരിത ചരിത്രമെഴുതിയ ടെഡ് സീൻബർഗ്ഗിന്റെ നിർവ്വചനം ഇങ്ങനെയാണ്. “പാരിസ്ഥി തിക ചരിത്രത്തിന്റെ കേന്ദ്രബിന്ദു വിവിധ പാരസ്പര്യങ്ങളുടെ അന്വേഷണമാണ് പ്രകൃതി ശക്തികൾ ചരിത്രത്തെ എങ്ങനെ സ്വാധീനിക്കുന്നു അഥവാ നിർമ്മിക്കുന്നു, മനുഷ്യരുടെ ഇടപെടലുകൾ എങ്ങനെ സ്വാധീനിക്കുന്നു എന്ന് മൂന്നു വിധമുള്ള അന്വേഷണങ്ങൾ”. ഒരു മാർക്സിസ്റ്റ് വീക്ഷണത്തിന സമ്പദ്വ്യവസ്ഥ, സാങ്കേതികവിദ്യ, പ്രത്യയശാസ്ത്രം, പരിസ്ഥിതി എന്നീ

ഘടകങ്ങളെല്ലാം ചേർത്തുവെച്ച് സമഗ്രമായി ചരിത്രത്തെ വിശകലനം ചെയ്യുമ്പോൾ മാത്രമേ ഭൗതികലോകത്തിലെ മനുഷ്യന്റെ നിലനില്പിന്റെ ശരിയായ ചരിത്രം ഉരുത്തിരിയുകയുള്ളൂ.

ഇന്ത്യയിലും ഇതിനകം നിരവധി പാരിസ്ഥിതിക ചരിത്രങ്ങൾ എഴുതപ്പെട്ടു കഴിഞ്ഞു. കൊളോണിയൽ കാലത്തെ പാരിസ്ഥിതികനാശത്തിന്റെ ചരിത്രം മുതൽ, ചിപ്പ്കോയുടെയും, സൈലന്റ് വാലി പ്രതിരോധത്തിന്റെയും, പെദ്രെ പോലുള്ള ഗ്രാമങ്ങളിലെ രാസികവിഷം തീണ്ടലിന്റെയും വരെ നാനാ വിധത്തിലുള്ള പുതിയ ചരിത്രങ്ങൾ ഇന്ന് എഴുതപ്പെടുന്നു. ചരിത്ര നോവൽ എന്ന പഴയ സങ്കല്പത്തെ പാരിസ്ഥിതിക ചരിത്രനോവൽ എന്ന് തിരുത്തിപ്പറയാൻ സമയമായി. സർഗ്ഗാത്മക സാഹിത്യത്തിന തഴച്ചുവളരാൻ കഴിയുന്ന വളക്കൂറുള്ള മണ്ണാണ് പാരിസ്ഥിതിക ചരിത്രത്തിനറേത്. വിശ്വസാഹിത്യത്തിൽ അതിന്റെ പല മികച്ച ദൃഷ്ടാന്തങ്ങളുണ്ട്.

നമ്മുടെ കഥയിലും ഇതിന്റെ നിരവധി ഉദാഹരണങ്ങളുണ്ട്. അയ്മനം ജോണിന്റെ 'വെള്ളത്തിൽ മനുഷ്യൻ ചരിത്രം വായിക്കുന്ന ഒരാൾ', അഷ്ടമൂർത്തിയുടെ 'കൊറ്റിക്കൽ കാപ്പ്' മഹാദേവൻ തമ്പിയുടെ 'കണ്ടൽക്കാട്', എന്നീ കഥകൾ നല്ല ദൃഷ്ടാന്തങ്ങളാണ്. സാറാ ജോസഫിന്റെ 'ആലാഹയുടെ പെൺമക്കൾ' എന്ന നോവൽ ഒരു നഗരപ്രാന്തന്റെ പാരിസ്ഥിതിക ചരിത്രം കൂടിയാണ്. ഹംസക്കുട്ടിയുടെ 'ഉൾക്കടൽ ദ്വീപിലെ നിട്ടാന്തരങ്ങൾ' ഒരു ദേശത്തിന്റെ പാരസ്ഥിതികചരിത്രത്തിന്റെ കൂടി മികവുറ്റ ആഖ്യാനമാണ് ഈ രംഗത്ത് നിരവധി പ്രമേയങ്ങൾ എഴുത്തുകാരെ കാത്തിരിക്കുന്നു.

### 1.16 പാരിസ്ഥിതിക പുനർനിർമ്മിതിയുടെ സാഹിത്യം

പതിനെട്ടാം നൂറ്റാണ്ടിൽ തന്നെ കലയെയും പ്രകൃതിയെയുംകുറിച്ച് ചിന്തിച്ച ജർമ്മൻ ചിന്തകൻ ഫ്രെഡറിക് ഷില്ലർ കലയുടെ ധർമ്മത്തെക്കുറിച്ച് ഇങ്ങനെ പറഞ്ഞിരുന്നു: പ്രകൃതിയുടെ സത്ത എന്താണെന്ന് നമ്മെ ഓർമിപ്പിക്കുകയും അതിനെ സംരക്ഷിക്കുകയും, നഷ്ടപ്പെട്ട പ്രകൃതിയുടെ സത്തയെ ഉദാത്തമായ ഒരു തലത്തിൽ വീണ്ടെടുത്ത് അതിലേക്ക് മാടങ്ങാട് നമ്മെ സഹാ

യിക്കുന്നുയെന്നതാണ് സാഹിത്യത്തിന്റെയും കലയുടെയും ധർമ്മം. ഇല്ലായ്മ ചെയ്യപ്പെട്ട പ്രകൃതിയിൽ  പ്രകൃതി സംരക്ഷണ ത്തെ കുറിച്ചുമാത്രം പറയുന്നതിന പ്രസക്തിയില്ല. മിച്ചമുള്ളത് സംരക്ഷിക്കുന്നതിനോടപ്പം നഷ്ടമായതിനെ പുനർ നിർമ്മിക്കുകയും അനിവാര്യമാണ്.

നഷ്ടമായതെല്ലാം പുനർനിർമ്മിക്കാൻ കഴിയില്ല. ഇടിച്ചു നിരത്തിയ കുന്നുകൾ വീണ്ടെടുക്കാനാകില്ല. വരണ്ട നദികൾ പുനർജ്ജീവിപ്പിക്കാനാകും ഭഗീരഥ പ്രയത്നത്തിലൂടെ. വെട്ടി നശിപ്പിച്ച പച്ചപ്പ് വെച്ചുപിടിപ്പിക്കാനാകും; നൂറ്റാണ്ടുകളിലൂടെ രൂപപ്പെട്ട കാടിന്റെ പാരിസ്ഥിതികസ്വഭാവം അതിന ഉണ്ടാകില്ലെന്നിരിക്കിലും. നികത്തിയ പാടങ്ങൾ വീണ്ടെടുക്കാൻ കഴിയും. അന്യംനിന്ന കണ്ടാൽക്കാടുകൾ വീണ്ടും വെച്ചുപിടിപ്പിക്കാം പുനർനിർമ്മിതിയുടെ സാധ്യതകൾ പ്രകൃതിഹനനത്തിനുള്ള അനുമതിയല്ല;നഷ്ടമായ പഴമയെ വീണ്ടെടുക്കലുമല്ല. അത് പ്രകൃതിക്ക് തിരികെ നൽകലാണ്. ഉപഭോഗവസ്തുവെന്ന നിലയിൽ പ്രകൃതിയെ അന്നുവരെ ഉപയോഗിച്ചിരുന്നവർ സ്വന്തം അധ്വാനത്തിലൂടെ പ്രകൃതിക്ക് തിരികെ നൽകുന്നു.

അധ്വാനത്തിലൂടെ പ്രകൃതിയുമായി ബന്ധം സ്ഥാപിക്കലാണ് പാരിസ്ഥിതിക പുനർനിർമ്മിതി. അത് പ്രകൃതി കാണാനും അറിയുവാനുംമെന്ന വ്യാജേന, ശേഷിച്ച കാടുകളിലേക്കും മലനിരങ്ങളിലേക്കും പോകുന്ന വിനോദ യാത്രയല്ല. തീർച്ചയായും നഷ്ടമായ പ്രകൃതിയെ പുനർനിർമ്മിക്കുന്നതിന ആ ഇക്കോക്രിട്ടിസിസത്തിന്റെ പ്രത്യേകതകൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. ദൃഷ്ടാവായല്ല, അതിൽ ജീവിക്കുവാനായി, വ്യക്തിയുടെ പാസ്റ്ററൽ ഗൃഹാതുരതയുടെ ആലസ്യ ത്തിന വിരുദ്ധമായി, അധ്വാനത്തിലൂടെ നടത്തുന്ന സാമൂഹ്യയത്നമാണത്. കാലത്തെയും മാറ്റത്തെയും കുറിച്ചുള്ള അറിവിന്റെ ഉറവിടമാണത്. അധ്വാനത്തിലൂടെ സ്വയം കണ്ടെത്താനും പരിവർത്തിതമാകാനുള്ള അവസരം കൂടിയാണത്. നാം സ്വയമുണ്ടാക്കുന്നതിന്റെ സത്യം മാത്രമേ നമുക്ക് അഗാധവും നിശ്ചിതവുമായി അറിയാൻ കഴിയുകയുള്ളൂഅതായത് നിർമ്മാതാവിന്റെ അറിവ് എന്ന് ഗ്യാംബാട്ടിസ്റ്റ് വൈക്കോ പറഞ്ഞത് നമുക്കിവിടെ ഓർക്കാം. പുനർ നിർമ്മിക്കുന്നയാൾ ദ്രഷ്ടാവിന്റെ നിലയിൽ നിന്ന് മാറി, തന്റെ കർമ്മത്തിൽ വ്യാപൃതനാകുന്നു ഭാഗഭാകിക്കുന്നു.

കടന്നുകയറ്റവും വിനാശവുമായി മാറുന്ന ഇന്നത്തെ വികസനം ഭാവിയിൽ പുനർനിർമ്മിതിയായി പുനർനിർണ്ണയിക്കപ്പെടും. കല്ലേൻ പൊക്കുടന്റെ കണ്ടൽ വീണ്ടെടുപ്പുകൾ ഇത്തരം പുനർനിർമ്മിതിയുടെ മികച്ച ഉദാഹരണമാണ്. ഷാങ് ഗിയോണോയുടെ 'വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച മനുഷ്യൻ' എന്ന കഥയിലെ ബോഫിയർ പരിസ്ഥിതിക പുനർനിർമ്മിതിയുടെ സാഹിത്യത്തിലെ ആദ്യകാല പ്രതിനിധിയാണ്. പാരിസ്ഥിതിക പുനർനിർമ്മിതി പ്രമേയമാക്കി വിശ്വസാഹിത്യത്തിൽ നോവലുകളും കവിതയുമൊക്കെ ഉണ്ടായിട്ടുണ്ട്. ജീവിതത്തിൽ ഒരു ബൃഹത്നോവലിന്റെ ചേരുവകളൊക്കെയുണ്ട് പാർട്ടിയുമായുള്ള പിണക്കം, പാരിസ്ഥിതിക പുനർനിർമ്മിതിക്ക് സമർപ്പിച്ച ജീവിതം, കർമ്മത്തിലൂടെ നേടിയ വൈവികവിജ്ഞാനം, ദലിത് സ്വത്വവിഷ്കാരം അങ്ങനെയല്ലാം. ഇന്ത്യയിലൊട്ടാകെ ഇത്തരം നിരവധി പുനർനിർമ്മിതിയജ്ഞങ്ങൾ നടക്കുന്നുണ്ട്. കഥയുടെ അക്ഷയഖനി എഴുത്തുകാരെ കാത്തു കിടക്കുന്നു. പ്രകൃതിയുടെ പുനർനിർമ്മിതിയുടെ ആഖ്യാനങ്ങൾ നടത്തുന്നതുപോലെ തന്നെ, തന്റെ പാരിസ്ഥിതിക ആഖ്യാനങ്ങളിലൂടെ എഴുത്തുകാരന് വായനക്കാരുടെ മാനസിക പുനർനിർമ്മിതിയും ഭാഷയുടെ പുനർനിർമ്മിതിയും നടത്താൻ കഴിയും. രണ്ടും ഒന്നുപോലെ പ്രധാനമാണ് പുനർകഥനം, പുനർനിർമ്മിതി ആയി മാറാം.

## 1.17 പുതിയ സൈദ്ധാന്തിക ഉണർവ്വുകൾ

അമേരിക്കൻ ഏകാന്തതയിൽനിന്ന് പാരിസ്ഥിതികവിമർശനം മുക്തിനേടുന്നതിന്റെ ദൃഷ്ടാന്തങ്ങൾ ഇപ്പോൾ നമുക്കു മുന്നിലുണ്ട്. കല്പനികതയുടെ വേരുകൾ യൂറോപ്പിലാണെന്നും അത് പാരിസ്ഥിതിക കലയുടെ പൂർവ്വഗാമിയാണെന്നും നമുക്കറിയാം. യൂറോപ്യൻ ചിന്തകരായ വില്യം മോറീസിന്റെയും, ഗസ്തോ ബാഷലാറിന്റെയും, റയ്മണ്ട് വില്യംസിന്റെയും മറ്റും കൃതികൾ പാരിസ്ഥിതിക വിമർശനത്തിന് സൈദ്ധാന്തിക അടിത്തറ നൽകാൻ പര്യാപ്തമായവയാണ്. ജലം, ഭൂമി, വായു, അഗ്നി എന്നീ ചതുർഭുതങ്ങളെ ഭാവനയുടെ ഹോർമോണുകൾ എന്നു വിളിച്ച ബാഷലാറിന്റെ ചിന്തകൾ ഭൗതിക പാരിസ്ഥിതിക വിമർശനത്തിന് അനുരൂപമാണ്. ജർമ്മനിയിലും ഫ്രാൻസിലും പാരിസ്ഥിതിക ചിന്തയുടെ കരുത്തുറ്റ പാരമ്പര്യമുണ്ട്. ഈ പാരമ്പര്യങ്ങളുടെ അടിത്തറയിൽ

നിന്നുകൊണ്ട് പുതിയ പാരിസ്ഥിതിക വിമർശന സിദ്ധാന്തങ്ങൾ ഇന്ന് വളർന്നു വരുന്നു. അമേരിക്കൻ ഇക്കോക്രിട്ടിസിസത്തിന്റെ പൊതുവായ സൈദ്ധാന്തിക വിരുദ്ധതയിൽനിന്ന് വ്യത്യസ്തമായി, സൈദ്ധാന്തിക ആവിഷ്കാരങ്ങൾക്കുള്ള ശ്രമങ്ങൾ യൂറോപ്പിൽ വ്യാപകമാണ്. അതിന്റെ നിദർശനമാണ് ഇക്കോക്രിട്ടിക്കൽ സിദ്ധാന്തം: പുതിയ യൂറോപ്പ്യൻ സമീപനങ്ങൾ എന്ന സമാഹാരം. ലോകത്തിലെ പ്രമുഖ പ്രസാദകരെല്ലാം ഇപ്പോൾ ഇക്കോക്രിട്ടിസിസം സമാഹാരങ്ങൾ ഇറക്കിയിരിക്കുന്നു. 'ആമസോൺ.കോം' എന്ന ഇന്റർനെറ്റ് പുസ്തകശാല ഇതിനെ ഒരു പ്രത്യേക ജ്ഞാനമണ്ഡലമായി അംഗീകരിച്ച് നൂറുകണക്കിന കൃതികൾ വില്പനയ്ക്ക് വെച്ചിട്ടുണ്ട്.

യൂറോപ്പിൽ മാത്രമല്ല വികസ്വരരാജ്യങ്ങളിലും പാരിസ്ഥിതിക വിമർശനം ഇപ്പോൾ വളർന്നുവരുന്നു. ആഗോളീകാരണത്തിന്റെ ചുമലിലേറി മുതലാളിത്ത വികസനവും അതിന്റെ കെടുതികളും ഇപ്പോൾ വികസ്വരരാജ്യങ്ങളിലും വ്യാപകമായിരിക്കുന്നു. അതുകൊണ്ടുതന്നെ പരിസ്ഥിതിക സാഹിത്യവും വിമർശനവും അവിടങ്ങളിലും ശക്തി പ്രാപിക്കുന്നു. ഈ നവ വിമർശനത്തിന്റെ വൈവിധ്യ മേറിയ വളർച്ച ഇവിടങ്ങളിൽ സംഭവിക്കും; അങ്ങനെ സംഭവിച്ചു കൊണ്ടിരിക്കുന്നു. പാരിസ്ഥിതിക വിമർശനത്തിന്റെ ഈ വളർച്ചയും വ്യാപനവും വൈവിദ്ധ്യവും ഇന്ത്യയുടെ പ്രത്യേകിച്ച് കേരളത്തിന്റെ സന്ദർഭത്തിൽ എങ്ങനെ പ്രയോഗികമാക്കാം എന്നതിന്റെ അന്വേഷണങ്ങളാണ് പ്രതിപാദിക്കുന്നത്. പാരി സ്ഥിതിക വിമർശനത്തിന്റെ വ്യാപ്തിയും ദഹനതയും അവയിലൂടെ വെളി വാക്കുന്നു. ശുദ്ധസൗന്ദര്യവാദിക്ക് പ്രവേശനമില്ലാത്ത, വൈവിധ്യങ്ങളുടെ വനാന്തരമായി ഇക്കോക്രിട്ടിസിസം വളരുകയാണ്.

യൂറോപ്പിലും വികസ്വരരാജ്യങ്ങളിലും ഇക്കോക്രിട്ടിസിസം വളരുമ്പോൾ ഭാരതത്തിലും കേരളത്തിലും അതിന്റെ വളർച്ചയ്ക്ക് അനുരൂപമായി നമ്മുടെ പാരമ്പര്യത്തിൽ നിന്ന് ഊർജ്ജം നേടാൻ ആകുമോ എന്നത് പ്രസക്തമാണ്.

# അദ്ധ്യായം രണ്ട്

# പരിസ്ഥിതികാവബോധം മലയാള കഥയിൽ

# അദ്ധ്യായം രണ്ട്

## പാരിസ്ഥിതികാവബോധം മലയാളകഥയിൽ

പരിസ്ഥിതിചിന്ത വികസിപ്പിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നത് ശാസ്ത്രജ്ഞന്മാരും കലാകാരന്മാരും സാഹിത്യകാരന്മാരും ഒക്കെയാണ്. ഇങ്ങനെയുള്ളവരിൽ ആദ്യമായി പരിസ്ഥിതിസാഹിത്യത്തിൽ ശ്രദ്ധ ആകർഷി ക്കുന്നത് റേച്ചൽ കാഴ്സണിന്റെ 'നിശബ്ദവസന്തം' എന്ന പുസ്തകമാണ്. സാധാരണക്കാരെ പരിസ്ഥിതിയിലേക്ക് ഒരു നോട്ടം കൊണ്ടുവരാൻ സഹായിച്ചത്. ഇതിൽ കിളിഒച്ചകൾ നിലച്ചു പോകുന്ന വസന്തത്തെ കുറിച്ചുള്ള ഉത്കണ്ഠകളാണ് പറയുന്നത്. കീടനാശിനികൾ നമുക്ക് നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പരിസ്ഥിതി നാശത്തെക്കുറിച്ച് ഈ ഗ്രന്ഥത്തിൽ പറയുന്നു. ഇങ്ങനെ നില തുടങ്ങിയാൽ പരിസ്ഥിതിയുടെ സന്തുലിനം നഷ്ടപ്പെടുമെന്ന മുന്നറിയിപ്പ് നൽകിക്കൊണ്ടാണ് ഈ കൃതി അദ്ദേഹം രചിച്ചത്.

ഇതുപോലെ മറ്റൊരു കൃതിയാണ് ഇ എഫ് ഷൂമാക്കർ എന്ന ധനതത്ത്വ ശാസ്ത്രജ്ഞൻ എഴുതിയ 'ചെറുത് സുന്ദരം' എന്ന കൃതി. വികസിതരാജ്യങ്ങൾ സാമ്പത്തിക ക്രമീകരണം നടത്തിക്കൊണ്ട് വികസന മാർഗം ഉണ്ടാകണം, പ്രകൃതിക്കും പരിസ്ഥിതിക്കും അനുയോജ്യമായ രീതിയിൽ നടക്കണം, ചെറുതാണ് സുന്ദരം,മനുഷ്യൻ ചെറുതാണ്. അങ്ങനെ ചെറുതായിട്ടുള്ള രീതിയിൽ പരിസ്ഥിതിക്കനുയോജ്യമായ രീതിയിൽ ജീവിതം ജീവിക്കണം എന്നതാണ് ഷുമാക്കർ 'ചെറുത് സുന്ദരം' എന്ന കൃതിയിലൂടെ പറയുന്നത്.

ഫുക്കു വോക്കയുടെ 'ഒറ്റ വൈക്കോൽ വിപ്ലവം' എന്ന ഗ്രന്ഥത്തിൽ പരിസ്ഥിതി നശീകരണത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളതാണ്. ആധുനിക കൃഷി രീതി പരിസ്ഥിതിയെ എങ്ങനെ നശീകരിക്കുന്നു.അതിനെതിരെ ഒരു വിപ്ലവം, കൃഷി രീതി പരിചയപ്പെടുത്തുകയും,പരിസ്ഥിതിയെ സംരക്ഷിക്കണം എന്നതുമാണ് 'ഒറ്റ വൈക്കോൽ വിപ്ലവം' എന്ന കൃതി. ഇവയാണ് തുടക്കത്തിൽ പരിസ്ഥിതി സാഹിത്യത്തിൽ കടന്നുവന്നത്.

## 2.1 പാരിസ്ഥിതിക ദർശനം ആദ്യകാലങ്ങളിൽ

ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവവേദം എന്നിവയാണല്ലോ നാലു വേദങ്ങൾ. ഈ നാലു വേദങ്ങളും മാനവരാശിയുടെ സമ്പൽസമൃദ്ധമായ ഭാവിയെ കരുപിടിപ്പിക്കുവാനുള്ള മന്ത്രങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഇതിൽ പ്രതി പാദിച്ചിട്ടുള്ള ഇന്ദ്രൻ, വരുണൻ, അഗ്നി, അഷ്ടദിക് പാലകന്മാർ തുടങ്ങിയ ദേവന്മാർ പ്രകൃതി ശക്തിയുടെ പ്രതീകങ്ങളാണ്. പുരൂരവസിനെ ഇടിയായും ഉർവ്വശിയെ മിന്നലായും ഇതുരണ്ടും ചേർന്ന ആയുസ്സിനെ സമ്പൽ സമൃദ്ധി യുമായാണ് വേദകങ്ങൾ ഉൾക്കൊണ്ടിരിക്കുന്നത് എന്ന് ആചാര്യൻ നരേന്ദ്രഭൂഷൻ വ്യക്തമാക്കുന്നു. ഉപനിഷത്തുകളിലും പ്രകൃതിയുമായുള്ള മനുഷ്യബന്ധത്തെ എടുത്തു കാണിക്കുന്നു. വൃക്ഷായുർവേദ ആചാര്യനായ ശാർങ്കത്തരൻ 10,000 പുത്രന്മാർക്ക് സമമാണ് ഒരു മരം എന്ന് ദർശിക്കുന്നു.പ്രകൃതിയും മനുഷ്യനും ഈശ്വര ചൈതന്യവും ഏകീകരിച്ച സമ്മേളനം പ്രപഞ്ച ജീവിതത്തിന്റെ താളം നിലനിൽക്കുന്നുവെന്ന് ഭഗവത്ഗീത പ്രവചിക്കുന്നു. വനവാസം മനുഷ്യ ജീവിതത്തിൽ ചെലുത്തിയ സ്വാധീനം ചെറുതല്ലയെന്ന് ഇതിഹാസങ്ങളായ രാമായണവും മഹാഭാരതവും വ്യക്തമാക്കുന്നുണ്ട്. പൗരസ്ത്യ മഹാകവികളും പ്രകൃതി വർണ്ണനയിൽ ആഭിമുഖ്യം പുലർത്തുന്നവരാണ്.

കാളിദാസന്റെ 3 നാടകങ്ങളിലും 4 കാവ്യങ്ങളിലും പ്രകൃതിക്കുള്ള സ്ഥാനം ശ്രദ്ധേയമാണ്. കുമാരസംഭവത്തിൽ ഹിമവാന്റെയും ഗംഗയുടെയും മാനസ സരസിന്റെയും കൈലാസത്തിന്റെയും ഒക്കെയുള്ള വർണ്ണനകൾ ആ കൃതിയുടെ ആത്മശുദ്ധിക്ക് അടിസ്ഥാനമാകുന്നു. മനുഷ്യനും പരിസ്ഥിതിയുമായുള്ള സംലേ യനത്തിന്റെ അനുഭൂതി നൽകുന്നവയാണ്. കണ്വമഹർഷി ശകുന്തളയേക്കാൾ സ്നേഹിക്കുന്നത് നട്ടുവളർത്തിയ മുല്ലവള്ളിയെയും എടുത്തു വളർത്തിയ ദീർഘാ പാംഗൻ എന്ന മാൻപേടയെയുമാണ്.ആ താപസ്വി മകളെ യാത്രയാക്കുവാൻ തരുലധാതികളോടാണ് അനുവാദം ചോദിക്കുന്നത്.

ഭവഭൂതിയുടെ 'ഉത്തരരാമചരിതം' നാടകത്തിൽ എല്ലാ അംങ്കങ്ങളും നടക്കുന്നത് വനത്തിലാണ്. വനത്തിലെ ഭീതിതമായ സൗന്ദര്യം ഇത്രയും ഭംഗി യായി അവതരിപ്പിച്ചിട്ടുള്ള ഒരു കവി വേറെയുണ്ട് എന്ന് തോന്നുന്നില്ല.

പാട്ട്പ്രസ്ഥാനവും മണിപ്രവാളവും പ്രകൃതി വർണ്ണനയെ സമ്പുഷ്ടമാക്കി. 'ഉണ്ണിയാടീചരിതം', 'ഉണ്ണിയച്ചിചരിതം', 'ഉണ്ണിച്ചിരുദേവിചരിതം' എന്നീ കൃതികളിൽ നായിക പ്രാധാന്യത്തോടൊപ്പം തന്നെ പ്രകൃതി വർണ്ണനയ്ക്കും പ്രാധാന്യം കൊടുത്തിരിക്കുന്നു.

'ചന്ദ്രോത്സവ'ത്തിലെ കേരളീയ പ്രകൃതിവർണ്ണന എടുത്തു പറയേണ്ടതാണ്. ഇത് വ്യക്തമാക്കുന്നത് ആ കാലഘട്ടങ്ങളിൽ മനുഷ്യന് പ്രകൃതിയോട് ഉണ്ടായ താല്പര്യവും ആത്മബന്ധവുമാണ്. കവിത്രയത്തിന്റെ തുടർന്ന് വരുന്ന ആട്ടക്കഥ കളിലും മനുഷ്യന്റെ സർഗാത്മകത പ്രകൃതിക്ക് ഇണങ്ങും വിധം ആവിഷ്കരി ച്ചിട്ടുണ്ട്.

## 2.2 പുതുകാല പാരിസ്ഥിതിക ദർശനങ്ങൾ

വന്യതയുടെ സാക്ഷാത്കാരമായിരുന്നു കേരളത്തിന്റെ ഭൂപ്രകൃതി; കാടും കടലും കായലും നദികളും ചതുപ്പ് നിലങ്ങളും സമൃദ്ധമായമഴയും നിറഞ്ഞ സൂര്യനും ചേർന്നുസൃഷ്ടിച്ച ജീവന്റെ ഈറ്റില്ലം. തനിമയുള്ളൊരു കേരളീയ സംസ് കാരം വളർന്നു വരുന്നതിൽ പ്രകൃതി വലിയ പങ്കു വഹിച്ചിട്ടുണ്ട്. സംസ്കാരങ്ങൾ സ്വന്തം അമ്മയായ പ്രകൃതിയെ തിന്നു തുടങ്ങുമ്പോൾ അവതരിച്ച നാമാവശേഷ മാകുന്നു. ഇത് ചരിത്രപാഠമാണ്. നമ്മുടെ വന്യ പ്രദേശങ്ങൾ റബ്ബർ തേയില തോട്ടങ്ങളായും കുടിയേറ്റക്കാരന്റെ കൃഷിഭൂമിയായും, വൻ പദ്ധതികളുടെ മുന്നേറ്റത്തിൽ ചതഞ്ഞരഞ്ഞും ക്രമേണ മൊട്ടക്കുന്നുകളായി പരിണമിച്ചു കൊണ്ടി രിക്കുന്നു. കാടിന്റെ കമ്പദവും നദികളുടെ അസ്ഥിവാരവും കോൺക്രീറ്റ് കാടുകളുടെ സൃഷ്ടിക്കായി യാത്രയാകുന്നു. പടിഞ്ഞാറോട്ടൊഴുകുന്ന നാല്പ ത്തൊന്നു നദികളും എവിടെ നോക്കിയാലും ജലമുള്ള കേരളം കുടിവെള്ളക്ഷാമം നേരിടുന്നു. നിളയും പമ്പയും വരളുന്നു. വെള്ളമുള്ള നദികൾ ഗന്ധകച്ചാ ലുകളാണ്. നെൽ വയലുകളും കായലുകളും പകുതിയിലധികം നികന്നു കഴിഞ്ഞു. പൂന്നെല്ലിന്റെ ഗന്ധത്തിനുപകരം നമ്മുടെ നാടിന് ഇപ്പോൾ സിമന്റിന്റെയും റബ്ബറിന്റെയും ഗന്ധമാണ്. ഭാരതത്തിലെ വൻനഗരങ്ങളോട് കിടപിടി ക്കുന്ന ഉപഭോക്തൃസംസ്കാരം കേരളത്തിൽ വളർന്നു കഴിഞ്ഞു. ചില വൻകിട പത്രങ്ങളുടെ ഭാഷയിൽ പറഞ്ഞാൽ കേരളം മുഴുവൻ ഒരു വൻ

വിപണിയാണ്. ആഗോളവൽക്കരണത്തിന്റെ കെടുതികൾ കേരളത്തിലും ദൃശ്യമാണ്. നമ്മുടെ ഭാഷയും സംസ്കാരവും വംശനാശം നേരിടുന്നു. മിച്ചമുള്ള പ്രകൃതിയെ അന്തർദേശീയ ടൂറിസ്റ്റ് കമ്പോളത്തിൽ വാണിഭത്തിന അണിയിച്ചൊരുക്കുന്നു. പാരിസ്ഥിതിക കലയുടെ ഉദയത്തിന തികച്ചും അനുയോജ്യമായ അന്തരീക്ഷം കേരളത്തിലുണ്ട്. പാരിസ്ഥിതിക പ്രതിസന്ധിയോട് ആദ്യം പ്രതികരിച്ചത് എഴുത്തുകാർ തന്നെയാണെന്ന് കാണാം.

ആധുനികത എരിഞ്ഞടങ്ങുന്നതിനു മുൻപുതന്നെ കഥയിൽ ഈ ഭാവുക ത്വപരിണാമം സംഭവിച്ചു തുടങ്ങിയിരുന്നു.1969ൽ പ്രസിദ്ധമായ ടി.പത്മനാഭന്റെ 'സാക്ഷി' എന്ന കഥ ഈ പരിണാമത്തിന്റെ നാന്ദി കുറിച്ചുവെന്ന് കാണാം. ശൂന്യത വാദത്തിന്റെ ഉരക്കുഴിയിൽ നിന്ന് രക്ഷനേടാൻ പ്രകൃതിയെയും സമൂഹത്തെയും ജീവിതത്തിലേക്ക് പുനരാനയിക്കണമെന്നു പറഞ്ഞ ആനന്ദ് സ്വന്തം ചരിത്ര ബോധത്തെ പുനർനിർവചിക്കുകയായിരുന്നു. പ്രകൃതിയും പ്രപഞ്ചവും ജീവിത വുമായി കഥ വീണ്ടും ബന്ധിതമായി 1972 മുതലുള്ള സൈലൻറ് വാലി പ്രതിരോധം കവിതയിലും വമ്പിച്ച പരിണാമങ്ങൾ സൃഷ്ടിച്ചു. 'വനപർവ്വം' എന്നൊരു കവിതാസമാഹാരം തന്നെ ഇറങ്ങി. മിക്ക പ്രമുഖ കഥാകാര ന്മാരുടെയും കഥാകാരികളുടെയും സൃഷ്ടികളുടെ അന്തർധാരയായി ഈ പുതിയ അവബോധമുണ്ട്. എണ്ണത്തിലും ഗുണത്തിലും ഏറ്റവും അധികം പാരിസ്ഥിതിക കഥകൾ എഴുതിയവർ ടി.പത്മനാഭൻ, ഒ.വി വിജയൻ, എസ്.വി.വേണു ഗോപൻനായർ, സി.രാധാകൃഷ്ണൻ, എം.ടി, സേതു, സാറാ ജോസഫ്, പി.വത്സല, ടി.വി കൊച്ചുബാവ, എൻ പി ഹാഫീസ് മുഹമ്മദ്, എൻ.പ്രഭാകരൻ, പി സുരേന്ദ്രൻ, എം.എ റഹ്മാൻ, വി.എസ് അനിൽകുമാർ, പി.എൻ വിജയൻ, അയ്മനം ജോൺ, കെ. അരവിന്ദാക്ഷൻ, സി.വി ബാലകൃഷ്ണൻ, വൈശാഖൻ, അംബികാസുതൻ മാങ്ങാട് എന്നിവരാണ്. മനുഷ്യന്റെ സാംസ്കാരിക സാമ്പത്തിക വികസനം എന്ന ഉപരിശില്പത്തെ അതിന്റെ അടിത്തറയായ പ്രകൃതിയുമായി ചേർത്തുവെച്ചു പരിശോധിക്കുമ്പോൾ ചരിത്രം ഹരിതാഭമായി പരിണമിക്കുന്നു.നിളാതീരത്തെ കൂടല്ലൂർ ഗ്രാമത്തിലെ പ്രകൃതി ചിത്രങ്ങളിൽ നിന്ന് എംടിയുടെ 'ഹരിതചേതനകുടജാദ്രി'യുടെ മഹാമാത്യ

സന്നിധിയിലെത്തുന്നു. ശാസ്ത്രത്തിലുള്ള തന്റെ വിശ്വാസം കൈവിടാതെ തന്നെ സി. രാധാകൃഷ്ണൻ കഥയുടെ ഹരിതാഭ തേടുന്നു. പി. വത്സലയും സാറാ ജോസഫും ചന്ദ്രമതിയും പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ തനതായ മാതൃകകൾ മലയാള കഥയിൽ സൃഷ്ടിക്കുന്നു.

ഭൂമിക്കെതിരായ ഏതു പോരാട്ടത്തിലും അത്യന്തിക പരാജയം ഏറ്റു വാങ്ങുന്നത് മനുഷ്യനായിരിക്കും. പി.വത്സലയുടെ 'ഒരു ചുവന്ന ചൂണ്ടു വിരൽ' ഈ സന്ദേശമാണ് നൽകുന്നത്. മുറ്റത്തും മുറികളിലും ചൂണ്ടുവിരലിന്റെ വലുപ്പത്തിൽ വളർന്നുവരുന്നത് ചിതൽ പുറ്റുകളാണ്. അവ ഭീമാകാരമായി ഓരോ മുറികളിലേക്കും വ്യാപിക്കുവാൻ തുടങ്ങി. അങ്ങനെ ഒരു നിവൃത്തിയില്ലാതെ ഉടമസ്ഥൻ വീട് ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്നു. അവയ്ക്ക് ഭൂമിയിലേക്കുള്ള അവകാശം ഇല്ലാതെയാകുന്നു. ആയിരക്കണക്കിന ജീവികളുടെ അതിജീവന ത്തിന്റെ പ്രതീകമാണ് കഥയിൽ ചിതലുകൾക്കുള്ള സ്ഥാനം. സ്വന്തം ആർത്തിക്കു വേണ്ടി മാത്രമുള്ളതാണ് ഭൂമി എന്ന മനുഷ്യന്റെ നിസ്വാർത്ഥതയാണ് കഥയിൽ വിചാരണ ചെയ്യുന്നത്.

അയ്മനം ജോണിന്റെ വളരെ പ്രശസ്തമായ കഥയാണ് 'ഇതര ചരാചര ങ്ങളുടെ ചരിത്രപുസ്തകം' ഈ കഥയിൽ പ്രകൃതിയെ നശിപ്പിച്ച് മുന്നേറുന്ന മനുഷ്യനെയാണ് കഥാകൃത്ത് വിചാരണ ചെയ്യുന്നത്. വളർത്തുന്ന മൃഗങ്ങൾ പോലും ഒരു ശത്രുവിനെപോലെയാണ് മനുഷ്യരെ സമീപിക്കുന്നത്. എന്നുള്ള കാലത്ത് പ്രകൃതിയിൽ നിന്നോ മനുഷ്യനെ ഒറ്റപ്പെടൽ പൂർണ്ണമാക്കുന്നു എന്ന് സ്ഥാപിക്കുന്നു.

സ്വന്തമായി ഒരു ഭൂമി എന്നത് ഏതൊരു വ്യക്തിയുടെയും ആഗ്രഹമാണ്. അവിടെ ഒരു തരക്കേടില്ലാത്ത വീട് ഹരിതസമൃതമായ പരിസരം എന്നത് ഏതൊരു വന്റെയും സ്വപ്നമാണ്. പക്ഷേ ഇത് ഇടതട്ടുകാരായ ഉദ്യോഗസ്ഥന്മാർക്കു പോലും അങ്ങനെ സ്വന്തമാക്കുവാൻ പറ്റുന്നില്ല. ഇതിനു കാരണം ഭൂമിയുടെ ഉയർന്ന വിലയും, ഗൃഹനിർമ്മാണ ചെലവിലെ വർദ്ധനവ് എന്നതാണ്.

സമകാലിക പ്രശ്നങ്ങളെ മുൻനിർത്തിയുള്ള ഒരു മികച്ച രചനയാണ് സൂസ്മേഷ് ചന്ദ്രോത്തിന്റെ 'ഹരിതമോഹനം'.

പ്രകൃതി നാശത്തിന്റെ തിരിച്ചടി വിവരിക്കുന്ന കഥയാണ് എസ്. മഹാദേവൻ തമ്പിയുടെ 'കണ്ടൽക്കാട്' വൈദ്യപരവും ശാസ്ത്രീയമായ സിദ്ധികൾ വിവരിക്കുന്ന ഈ കഥയിൽ റിയലേസ്റ്റ്സ്റ്റേറ്റ് മാഫിയയുടെ കടന്നു കയറ്റം എല്ലാം അവതരിപ്പിക്കുന്നു. എം. കമറുദ്ദീന്റെ 'ചതുപ്പ്' എന്ന കഥയും ഇവയും ഉൾപ്പെടുത്തുന്നു. മനുഷ്യന ഒരിക്കലും പ്രകൃതിയെ അതിജീവിക്കാനാവില്ല എന്ന യാഥാർത്ഥ്യമാണ് കഥയുടെ പ്രമേയം. മണ്ണിരകളെ പോലും ഭൂമിയിൽനിന്ന് കടത്തി ക്കൊണ്ടു പോകുന്ന ആപത്കരമായ വ്യാപാരവൽക്കരണമാണ് പി. എൻ വിജയന്റെ 'ഇരകൾ' എന്ന കഥയിൽ.

ഏറ്റവും വലിയ പാഠങ്ങൾ നാം പഠിക്കേണ്ടത് പ്രകൃതിയിൽ നിന്നാണ്. പാഠം ചൊല്ലലില്ലാതെ, ചോദ്യങ്ങളില്ലാതെ, അധ്യാപകന്റെ ശ്രദ്ധയുടെ നിബന്ധനകളില്ലാ തെ സമൃദ്ധമാകേണ്ട പഠനമാണത്.ആധുനികാനന്തരകാലത്ത് ഒ.വി വിജയനെഴു തിയ നിരവധി കഥകളുടെ പശ്ചാത്തലം പ്രകൃതി എന്ന പാഠപുസ്തകമാണ്. അജ്ഞാനത്തിന്റെ മേദസ്സുകളെ പുഴയുടെ ഒഴുക്കിൽ അലയിച്ചുകളയുന്ന പരമേശ്വരനെ 'പുഴ' എന്ന കഥയിൽ കാണാം. അഹന്തയുടെ മേദസ്സു നീങ്ങിയ പ്രജ്ഞയുടെ ലാഘവത്തിൽ നീരൊഴുക്കിലേക്ക് തലചായ്ച്ച പരമേശ്വരന്റെ സുഷുമ്നയിലൂടെ പുഴ മേലോട്ട് കയറി. പിന്നെ അയാളുടെ മസ്തിഷ്കത്തിനുള്ളിൽ അറിവിന്റെ ആയിരം ഇതളുള്ള താമര വിടർന്നു. കുണ്ഡലിനി ഉണരുമ്പോഴത്തെ ജ്ഞാനത്തിന്റെ താമര. പരമേശ്വരന പുഴ അനുഭവവും അറിവും പ്രകാശവുമായി മാറുന്നു. പരമേശ്വരൻ പുഴയിൽ നിന്ന് അറിവു നേടുകയാണ്. അയാൾ സാമ്പ്രദായികമായ വിദ്യാഭ്യാസം നേടിയവനാണെന്നോ, അല്ലെന്നോ കഥയിൽ സൂചനയില്ല.

എന്നാൽ വിജയന്റെ 'ചെറുപ്രാണികൾ' എന്ന കഥയിലെ നാകാണ്ടിയപ്പൻ പാഠശാല കണ്ടിട്ടില്ലാത്ത നിരീക്ഷരനാണ്. കഥപറയുന്നയാളിന്റെ ബാല്യത്തിൽ അയാളുടെ വീട്ടിലെ കൃഷികാര്യസ്ഥനും, കൃഷിക്കാരനുമൊക്കെയായി നാകാണ്ടി

യപ്പൻ ജീവിച്ചു. അവരുടെ തറവാടിന്റെയും കുളത്തിന്റെയും നെൽപ്പാടങ്ങളുടെയും ഭാഗമായി കുളപ്പുരയ്ക്കു സമീപമുള്ള തൊടികയിൽ അയാൾ പാർത്തു. കൃഷി ക്കാര്യസ്ഥനായിരുന്നെങ്കിലും പുരയിടങ്ങളിലെയും നിലങ്ങളിലെയും വിളവെടുപ്പി നായി പ്രത്യേകം  ഒന്നും ചെയ്തിരുന്നില്ല. ശ്രദ്ധയുടെ നിബന്ധനകളില്ലാതെ തന്നെ നെല്ലും മരവും കന്നുകാലിയും സമൃദ്ധിയിലും ആരോഗ്യത്തിലും തന്നെ കഴിഞ്ഞു. എങ്കിലും നാകാണ്ടിയപ്പൻ രാത്രിയിൽ പാടത്തെ വരമ്പുകളിലൂടെ നടന്നു. കൂടെകൊണ്ടുപോകുന്ന മൺകുടന്നയിലെ കള്ള് വിരൽ മുക്കി പാടത്ത് അവിടെയു മിവിടെയും തളിക്കും. രാത്രിയിലെ അയാളുടെ അനുഭവങ്ങൾ നമുക്ക് വിചിത്രമായി തോന്നാം. നീർച്ചാലുകൾക്കു  മുകളിൽ പൊന്തുകയും ഊളിയിടുകയും ചെയ്യുന്ന ചിറകുള്ള ആമകൾ,കൊഞ്ഞനം കാട്ടിച്ചിരിക്കുന്ന പൊന്നും വെള്ളിയും നീലയും നിറമുള്ള ചെറുപാമ്പുകൾ, വയൽവരമ്പത്തു കണ്ടുമുട്ടിയ കുട്ടിച്ചാത്തന്മാർ, നാകാണ്ടിയപ്പന്റെ ഈ അത്ഭുത കഥകൾ കേട്ടാണ് തറവാട്ടിലെ കുട്ടികൾ വളർന്നത്. അവർക്ക് ആ കഥകൾ പാഠപുസ്തകത്തിലെ പ്രബന്ധങ്ങളെക്കാൾ വിശ്വാസനിയങ്ങളായിരുന്നു. വളർന്നു വലുതായി വെളിനാടുകളിൽ ഉദ്യോഗം ഭരിക്കാൻ പോയിട്ടും അവരുടെ മനസ്സുകളിൽ നാകാണ്ടിയപ്പന്റെ കഥകളുടെ വെളിച്ചം തങ്ങിനിന്നു. ദശകങ്ങൾക്കുശേഷം തറവാട്ടിൽ മടങ്ങിയെത്തിയ അവർ രാത്രി തൊടിയിൽ കുട്ടിക്കാലത്തെ സ്വപ്ന പ്രാർത്ഥനയുമായി മാനത്തേക്കു വിളിച്ചു. അപ്പോൾ ആകാശത്തിൽ പച്ചയും ചുവപ്പും നിറങ്ങൾ തിളങ്ങി. സ്ഥലത്തിന്റെ താഴ്‌വരകളിൽ നിന്ന് നക്ഷത്രപ്പൊടി പോലെ തിളങ്ങുന്ന പച്ചയും ചുവപ്പുമായ ചെറുവണ്ടുകളുടെ അനന്തകോടികൾ പറന്നുവന്നു. പ്രവാഹം ആകാശഗംഗയായി. ദുരൂഹമായ ഈ പ്രത്യക്ഷം അയുക്തിതകമായ അറിവിന്റെ തിളക്കമാണ്.പുഴയിലെ ജ്ഞാനത്തിന്റെ പുഷ്പസമൃദ്ധിയുടെ മറ്റൊരു രൂപമാണ് ഈ ആകാശഗംഗയുടെ പ്രവാഹവും.

പരമേശ്വരനും നാകാണ്ടിയപ്പനും അജ്ഞേയമായ ജ്ഞാനത്തിനൊപ്പം ഹരിതമായ ആത്മീയതയെയും അനുഭവിപ്പിക്കുന്നു; പ്രകൃതിയിൽ വേരുകളുള്ള മതേതരമായ ആത്മീയത. ആധുനികജീവിതത്തിന്റെ തൊങ്ങലുകളൊക്കെ ഉപേ ക്ഷിച്ച് ഗ്രാമത്തിലെ മകന്റെ തൊടിയിലേക്ക് മടങ്ങുന്നുന്ന ഒരച്ഛനെ എസ്.പി.

രമേശിന്റെ കിളികളുടെ രാജാവ് എന്ന കഥയിൽ കാണാം.അവിടെ ചെടികളും, കിളികളും, കുളത്തിലെ മീനുകളുമൊക്കെയായി സല്ലപിച്ചു കഴിയുമ്പോൾ അയാൾക്ക് വായനയുടെ ആവശ്യംപോലും അനുഭവപ്പെട്ടില്ല. കാരണം യുക്തിയും കണക്കും വിശദീകരണവുമില്ലാതെ പ്രകൃതി നൽകുന്ന അറിവ് അയാൾ കണ്ടെത്തി. നിലാവിലുള്ളത് വെറും അറിവല്ല, ജ്ഞാനമാണ് എന്ന് അദ്ദേഹം പറയും. പ്രകൃതിയുടെ ഓരോ അണുവിലും അറിവിന്റെ നിറമുണ്ട്. അതുനേടാനാവശ്യം ആത്മീയമായ ഒരുതരം നഗ്നതയാണ്പ്രകൃതിയിൽ പൂർണ്ണമായി മുഴുകാനുള്ള കഴിവ്. ഹരിതമായ ആത്മീയതയുടെ പ്രശാന്തതയിൽ പ്രേമത്തിന പുതുജീവൻ വയ്ക്കുന്നതും കഥയിൽ ആവിഷ്കൃതമാകുന്നുണ്ട് അവിടെ ഉർവ്വരതയുടെ രാഗമുണരുകയാണ്.

സേതുവിന്റെ 'കാവിലെസന്ധ്യ' എന്ന കഥയിൽ ഭൂമിയുമായി നമുക്കുള്ള വിമോഹകബന്ധത്തിന്റെ ആത്മീയവും ലൈംഗികവുമായ അടിയൊഴുക്കുകൾ കാണാം.എന്നും സന്ധ്യയ്ക്ക് സർപ്പക്കാവിൽ വിളക്കുവെച്ച ശേഷം അവിടെത്തന്നെ ചുറ്റിപ്പറ്റി നിൽക്കുന്ന ശാന്തേടത്തി. അജ്ഞേയമായ ഏന്തൊക്കെയോ അറിവുകളും സ്മൃതികളും തൊടിയിൽ കൂടിയിരിപ്പുണ്ടെന്ന് അവർക്കറിയാം.ശാന്ത പറയും: "നടക്കാത്ത കാര്യങ്ങൾ അല്ലെങ്കിൽ നടക്കണമെന്ന് നമ്മള് ഉള്ളില് മോഹിക്കണ കാര്യങ്ങൾ. അതേപ്പറ്റി അവിടെയും ഇവിടേമായിട്ട് ചില കൊച്ചു കൊച്ചുഅറിവുകളെ മുഴുവനായിട്ട് മനസ്സിലാക്കാൻ കഴിയാത്ത കാര്യങ്ങളാവുമ്പോ അതേക്കുറിച്ചൊക്കെ ആലോചിക്കാനും സ്വപ്നം കാണാനും അങ്ങനെ അറിവിന്റെ വിടവുകൾ പൂരിപ്പിക്കാനും നമ്മൾ ഒരുപാട് മെനക്കെടൂല്ലോ..." മനുഷ്യന്റെ മൈക്രോസ്കോപ്പുകൾക്കും രസതന്ത്രങ്ങൾക്കും വശംവദമാകാത്ത ദുരൂഹമായ അറിവുകൾ! അറിവിന്റെ വിടവുകൾ, പ്രപഞ്ചങ്ങളുടെ വേദം, അറിവിനപ്പുറമുള്ള ജ്ഞാനം. കാട്ടുവള്ളിയുടെ കറുപ്പിൽ നിന്ന്, അല്ലെങ്കിൽ തൊടിയിലെ ഇരുട്ടിന്റെ കാണാനാവാത്ത ഏതോ കോണുകളിൽ നിന്ന് പ്രകൃതമായ ഈണത്തിൽ മൊഴിയുന്ന ജ്ഞാന മന്ത്രങ്ങൾഅയുക്തികമായ വെളിച്ചങ്ങൾ.

ജ്ഞാനത്തിന്റെ ഉറവിടമെന്നതിനപ്പുറം പ്രകൃതി നമുക്ക് കാമുകനും കാമുകിയുമായി മാറാം. അഹം സ്വത്വത്തിൽ നിന്ന് പാരിസ്ഥിതിക സ്വത്വത്തി

ലേക്കു പരിണമിക്കുമ്പോൾ പ്രേമത്തിന്റെ ഈ നവലോകം നമുക്ക് മുന്നിൽ അനാവൃതമാകുന്നു. ഭാരതീയപാരമ്പര്യത്തിൽ ഇതിന്റെ ഏറ്റവും നല്ല ചില ഉദാഹരണങ്ങൾ കാണാം. കൃഷ്ണലീലയിൽ ഓരോ ജൈവരൂപത്തിലും നമുക്ക് പ്രണയം കണ്ടെത്താനാകും. രാസലീലയുടെ പ്രശാന്തതയിൽ ഓരോ ഗോപിക യും, നൃത്തമാടുന്ന കാർവർണ്ണനെ തന്റെ അരികിൽ കാണുന്നു. കൃഷ്ണനെന്ന കാമുകൻ പ്രപഞ്ചകാമുകനായി പരിണമിക്കുന്നു. നമ്മുടെ ദേവിസങ്കല്പത്തിലും ഈ പ്രപഞ്ചരതി കുടികൊള്ളുന്നു. മനുഷ്യനും പ്രകൃതിയുമായുള്ള പ്രേമം ലോലമായ രതിയാണ്. എല്ലാ ഉർവ്വരതയുടെയും പ്രഭവസ്ഥാനം.

പ്രകൃതിയുമായുള്ള ഈ സവിശേഷബന്ധത്തെ, ഒരു ബാലന്റെ രതിയുണർ ച്ചയെ കുളവുമായി ബന്ധപ്പെടുത്തി സേതു ചിത്രീകരിക്കുന്നത് 'പൊട്ടക്കുളം' എന്ന കഥയിലുമുണ്ട്. 'കാവിലെ സന്ധ്യയിലെ' ശാന്ത തേടുന്നത ശാരീരികമായ രതിക്കപ്പുറമുള്ള ഏതോ അനുഭൂതിയാണ്. ശാന്ത കാവിൽ നിന്നുതേടിയ വെളിച്ചം കുട്ടിയാണ് അവസാനം പൂർണ്ണമായി അനുഭവിച്ചത്. ഒരു സന്ധ്യയ്ക്കു ശാന്തേടത്തിക്കു പകരം അവനാണ് കാവിൽ വിളക്കു കൊളുത്തിയത്. ശാന്തേടത്തി പിറകിലെങ്ങോ മറഞ്ഞുനിന്നിരുന്നു. അന്ന് പക്ഷികളുടെ ആരവത്തിനും വിചിത്രമായ സീല്കാരങ്ങൾക്കും ശേഷമുള്ള ശാന്തതയിലെ രാത്രിയുടെ നേർത്ത ഗന്ധത്തിലൂടെ അവൻ ആ വിചിത്ര ചിത്രം കേട്ടു. പിന്നീടത് വെളിച്ചമായി, ഗന്ധമായി, അവിടമാകെ വീശിപ്പരന്നു. നാലു ദിക്കുകളിൽ നിന്നുമായി കരയിലും വെള്ളത്തിലും നിന്നുമായി, പൂവിലും പുൽകക്കൊടിയിലും നിന്നുമായി, രാവിലും പകലിലും നിന്നുമായി, ഗന്ധമായി, സ്പർശമായി, കാഴ്ച യായി, കേൾവിയായി അതഅവനെ മൂടി. അവന്റെ ലൈംഗീക ഉണർച്ച കൂടിയാണ് ഈ ഉണർന്ന തരിപ്പ് സൂചിപ്പിക്കുന്നത്.

ശൈശവത്തിലും ബാല്യത്തിലും കുട്ടികൾ സ്വമേധയാ ചെയ്യുന്ന സർഗ്ഗകർമ്മങ്ങൾ പ്രകൃതിയിൽ നിന്നുള്ള വിദ്യ ആർജ്ജിക്കലാണ്. മനസ്സും ചേതനയും ഉർവ്വരമാകുമ്പോഴാണ് ഒരു സർഗ്ഗസൃഷ്ടിയുണ്ടാകുന്നത്. ശൈശവം മുതൽ പ്രകൃതിയുമായുള്ള ബന്ധത്തിന സർഗ്ഗശക്തിയുടെ വികാസത്തിൽ മുഖ്യസ്ഥാനമുണ്ട്. തോമസ് ജോസഫിന്റെ 'സാത്താൻബ്രഷ്' എന്ന കഥയിലെ

ഈ വരികൾ നമ്മെ ഓർമ്മിപ്പിക്കുന്നതും മറ്റൊന്നല്ല: വേപ്പുമരങ്ങൾക്കിടയിൽ ഞങ്ങൾ മണ്ണുകൊണ്ട് അപ്പന്റെയും അമ്മയുടെയും രൂപങ്ങൾ നിർമ്മിച്ചു.... കുട്ടിക്കാലത്ത് അഭ്യസിച്ചുനേടിയ ശില്പവിദ്യ രണ്ടു വാത്സല്യബിംബങ്ങളുടെയും ശരീരത്തിലേക്കു മിനുക്കുപണികളായി പകർന്നു കൊടുത്തു.... ജോസഫിന്റെ 'ഭൂമിയിലെ കളിപ്പാട്ടങ്ങൾ' എന്ന കഥയിലാകട്ടെ മണ്ണിലും ചായത്തിലും നിന്ന് ചിത്രങ്ങളും ശില്പങ്ങളും നിർമ്മിച്ചുകൊണ്ട് മുറിയുടെ നാലു ഭിത്തികൾക്കുള്ളി ലേക്ക് ഭൂമിയിലെ ജീവജാലങ്ങളെ ആവാഹിക്കുന്ന ദാവീദിനെ നാം കണ്ടുമുട്ടുന്നു. തന്റെ മുറിയിൽ ധ്യാനനിരതനായിരുന്ന് പ്രകൃതിയിലെ സമസ്ത ജീവജാല ങ്ങളുമായി സംവദിക്കുന്ന പ്രവർത്തിയാണ് ദാവീദിന സൃഷ്ടിപരത.

കാറ്റും മഴയും കാലാന്തരങ്ങളിലൂടെ മിനുക്കിയെടുത്ത വെള്ളാരങ്കല്ലിലെ സ്പടികവിശുദ്ധിയിൽ നിന്ന് ശില്പം മെനയുന്നത് സ്വപ്നം കാണുന്ന ഒരു കുട്ടിയുണ്ട് ഓ.വി വിജയന്റെ 'രാവുണ്ണിമേസ്ത്രിയുടെ ചർച്ചക്കാർ' എന്ന കഥയിൽ. അമ്മയുടെ നാട്ടിൻപുറത്തെ തൊടികയിലെ പുളിമരച്ചോട്ടിൽ കണ്ട മരപ്പലകയിൽ മനുഷ്യരുടെയും പക്ഷികളുടെയും തേരുകളുടെയും രൂപങ്ങൾ പിടിപ്പിക്കണമെന്നതാണ് അവന്റെ സ്വപ്നം. പോക്കുവെയിലിന്റെ പൊന്നുകൊണ്ട് സ്വച്ഛമാക്കുന്ന വെള്ളാരങ്കല്ലുകളുടെ ആന്തരികസ്പടികം. അങ്ങനത്തെ വെള്ളാരങ്കല്ലിന്റെ പൊടികൊണ്ട് മരപ്പലകയിൽ നിർമ്മിച്ച ശില്പം പ്രകൃതിയുടെ പാഠങ്ങൾ അവനാദ്യം ചൊല്ലിക്കൊടുത്ത മുത്തശ്ശിയുടെ സാന്ത്വനത്തിന്റെയും പുളിമരത്തിന്റെയും തണലിലിരുന്നുള്ള സൃഷ്ടി. അവന്റെ ബാലപ്രജ്ഞയുടെ നിറവിൽ അതത്രയും തെളിഞ്ഞുനിന്നു. ആറു വയസ്സായ കുട്ടിയുടെ മുമ്പിൽ തെളിയുന്ന ദൃശ്യങ്ങളിൽ യാഗത്തിന്റെയും പ്രവചനത്തിന്റെയും സ്വച്ഛതയാണ്. വകതിരിവുകളുടെ കലുഷതകളില്ലാതെ തെളിഞ്ഞ പ്രഭാമയമായ വെളിച്ചങ്ങളിൽ അവ കുട്ടിയെ നയിച്ചു. പക്ഷേ അവന്റെ സ്വപ്നം പൂവണിയും മുമ്പ് മുത്തശ്ശി മരിച്ചു. അതോടെ പുളിമരചുവട്ടിലെ മരപ്പലക ഇല്ലാതായി. സ്പടിക വിശുദ്ധിയുള്ള ഉരുളൻകല്ലുകളും അപ്രത്യക്ഷമായി. ഉണ്ണിക്ക് അവന്റെ സ്വപ്നങ്ങളും ബാല്യത്തിന്റെ സൃഷ്ടിപരതയും നഷ്ടമാകുകയായിരുന്നു. ഏഴാം വയസ്സിലേക്കു കടക്കുമ്പോൾ അവനിൽ നിർമ്മലമായ വെളിച്ചങ്ങൾ

എന്നന്നേക്കുമായി അസ്തമിച്ചു.മുതിർന്നവരുടെ ലോകത്തിന്റെ കലുശതയും ആധുനികവിദ്യാഭ്യാസവും കുട്ടികളുടെ സൃഷ്ടിപരതയെ ഊതിക്കെടുത്തുന്നു.

ഒ.വി വിജയന്റെ 'പശുവിന്റെ കണ്ണുകൾ' എന്ന കഥയിലെ രാഘവൻ കുട്ടിയെന്ന ബാലന ചൂട്ടിപ്പശുവിന്റെ കണ്ണുകളിൽ ഒരായിരം ജ്ഞാനമണ്ഡലങ്ങൾ കാണാം. രാഘവൻകുട്ടി പശുവിന്റെ കണ്ണുകളിലേക്ക് ഉറ്റുനോക്കി. ഏതോ കാലങ്ങളിലൂടെ, കാഴ്ച തേടുന്ന വൈഡൂര്യങ്ങൾ നോക്കി നോക്കി ഇരിക്കവേ അവ നനയുന്നത് രാഘവൻകുട്ടി കണ്ടു. പിന്നെ ഖേദവും ഭീതിയും ഇല്ലാത്ത ഒരു അർപ്പണത്തിന്റെ ഗന്ധം തൊഴുത്തിൽ നിറഞ്ഞുനിന്നു. അതിലെ രാഘവൻകുട്ടി മറ്റേതോ ഒരു വിതാനത്തിലേക്ക് കാലുവച്ചു. ലിയപോൾദിന്റെ അനുഭവത്തെ ഓർമിക്കുമാറ് വിജയൻ പിന്നെയും എഴുതുന്നു: 'രാഘവൻകുട്ടി അവളുടെ മൂക്കും മുഖവും തലോടി, പച്ചനിറത്തിലുള്ള കണ്ണുകളിലേക്ക് നോക്കി ഗാഡമായി തിരിഞ്ഞു. ആ കണ്ണിനകത്ത് ഒരു സൗമ്യ സാഗരം. ചൂട്ടി അവനെ അതിലേക്ക് ക്ഷണിക്കുകയായിരുന്നു. രാഘവൻകുട്ടി അതിനകത്തേക്ക് കാൽവെച്ചു. അതിന്റെ അനന്തസ്ഥലങ്ങളിലൂടെ കടലോരത്തേക്ക് നടന്നു'. ഈ കടലോരം അറിവിന്റെയും സ്നേഹത്തിന്റെയും സാഗരതീരമാണ്.

വളർത്തുമൃഗത്തിന്റേതിൽനിന്ന് വന്യമൃഗത്തിന്റെ മിഴികളിലെ തേജസ്സിലേക്ക് നമ്മെ നയിക്കുന്നു, അയ്മനം ജോണിന്റെ അന്തിക്രിസ്തുവിന മുമ്പ് എന്ന കഥ. കുന്തിപ്പുഴയുടെ തീരത്തെ ആദിമകാലത്തെ വനത്തിന്റെ നിബിഡതയിൽ ആശ്രമവാസിയായ ഒരു ഋഷിവര്യൻ തന്നെ നോക്കിയിരിക്കുന്ന ഒരു സിംഹവാലൻ കുരങ്ങിനെ കാണുന്നു. ജൈവബന്ധത്തിന്റെ തീക്ഷണത മുഴുവൻ നിറഞ്ഞ അവന്റെ നോട്ടം അദ്ദേഹത്തെ വളരെ ആനന്ദിപ്പിച്ചു. പിന്നെയവൻ ആശ്രമത്തിൽ തന്നോടൊപ്പം പാർത്തുതുടങ്ങിയപ്പോൾ പ്രകൃതിയിലെ ജൈവബന്ധങ്ങളുടെ വിസ്മയിപ്പിക്കുന്ന അനുഭൂതികൾ അദ്ദേഹ ത്തിനനുഭവമായി. തന്റെ തലച്ചോറിൽ നദികളുടെ ഉത്ഭവസ്ഥാനംപോലെ സ്നേഹത്തിന്റെ ഉറവകൾ തുറക്കപ്പെടുന്നതായി അനുഭവപ്പെട്ടു. പ്രകൃതി നൽകുന്ന ഈ അറിവ് തന്നെയാണ് നിരാമയമായ സ്നേഹത്തിന്റെ ഉറവിടം.

പി സുരേന്ദ്രന്റെ 'ഹരിതവിദ്യാലയം' എന്ന കൃതി അദ്ദേഹം ഒരു വലിയ സത്യത്തിനഅടിവരയിടുകയായിരുന്നു. സ്കൂൾ നിൽക്കുന്ന തുരുത്തിലെ തരിശിനപ്പുറമുള്ള വയലും പച്ചയും തേടി പോകുന്ന ഒരുകുട്ടി. അവന്റെ സഹപാഠികളൊക്കെ ഊഷരമായ വിദ്യയിലൂടെയും ആന്തരികവും ബാഹ്യവുമായ ശൈഥില്യത്തിന വിധേയരായി. അവരിൽ ക്രൂരത കനം വെച്ചു. സ്കൂൾചുമരിന്റെ വിള്ളലുകളിൽ കഴിയുന്ന ചെറുജീവികളെ വേട്ടയാടിയും, പരസ്പരം കുത്തി മുറിവേൽപ്പിച്ചും അവർ ദിവസങ്ങൾ തള്ളി നീക്കി. അവൻ മാത്രം സ്ലേറ്റിൽ വരച്ചിട്ട ജാമിതീയതികളുമായി ഇരുന്നു. പിന്നെ വിദ്യാലയം അസഹനീയമായ പ്പോൾ അവിടെ നിന്ന് ഓടിപ്പോയി വയലിലും കുന്നിലും അലഞ്ഞു നടന്നു. തൂക്കണാംകുരുവി കൂടുനെയ്യുന്നതും, പൂമീനുകൾ പാറ്റുന്നതും, പുള്ളിവെയിലും കണ്ടു. ഓരോ കാഴ്ചയും അവനെ വിസ്മയിപ്പിച്ചു.വിസ്മയ മോടുങ്ങുമ്പോൾ അവന്റെയുള്ളിൽ ജ്ഞാനത്തിന്റെ കണ്ണുകൾ ഒന്നൊന്നായി പൊട്ടിവിരിഞ്ഞു. പാഠപുസ്തകത്തിന്റെ താളുകൾ കടലാസുവഞ്ചികളാക്കി മഴയിൽ ഒഴുക്കുമ്പോഴും അവൻ സ്ലേറ്റ് ഒരു നിധിപോലെ സൂക്ഷിച്ചു. കിളിത്തൂവലിൽ നിന്നും, പൂവിതളിൽ നിന്നും, മഴവിൽ വർണ്ണങ്ങൾ സ്ലേറ്റിലേക്ക് കടന്നുവരികയായിരുന്നു. അവ വരണ്ട ജ്യാമിതീയരൂപങ്ങളെ കീഴടക്കിയപ്പോൾ അവന്റെ സ്ലേറ്റിൽ ജീവന്റെ കണികകൾ വളർന്നു നിറയാൻ തുടങ്ങി. തന്റെ പുതിയ പാഠങ്ങൾ കൂട്ടുകാരുമായി പങ്കിടാനായി അവൻ സ്ലേറ്റ് അവർക്കു കൂടി കാണിച്ചുകൊടുത്തു. അതിലൊരു ജൈവവ്യൂഹം നിറഞ്ഞുകവിയുമായിരുന്നു. പിടയുന്ന നിറങ്ങളിലേക്ക് അങ്ങനെ നോക്കിനിൽക്കെ ചീവീടുകളുടെയും പുൽപ്പോന്തുകളുടെയും സംഗീതം അവർ കേട്ടു. അവൻ പള്ളിക്കൂടത്തിൽ പോകാതെയായി.

അതിരുകടന്ന പ്രകൃത്യാഭിമുഖ്യം വരുത്തുന്ന അപകടം ഹാസ്യാത്മകമായി ചൂണ്ടിക്കാണിക്കുന്ന കഥയാണ് എൻ.പ്രഭാകരന്റെ 'പ്രകൃതി ജീവനം'. പ്രകൃതിയിലേക്കു മടങ്ങുക എന്ന കല്പന അക്ഷരാർത്ഥത്തിൽ ഗൗരവ മായെടുക്കുന്ന ശിവൻകുട്ടിയുടെ കഥ. നഗരത്തിലെ ഓഫീസ് ജോലി ഉപേക്ഷിച്ച് കുടുംബസ്വത്തു ഭാഗംവച്ചു കിട്ടിയ കാട്ടു മൂലയ്ക്കുള്ള നാലേക്കർ പറമ്പിൽ കുടിൽകെട്ടി അയാൾ പ്രകൃതിയിലേക്കു മടങ്ങുന്നു. 'വാൾഡൻ', 'ഒറ്റവൈക്കോൽ

വിപ്ലവം', 'കാടും മനുഷ്യരും' തുടങ്ങിയ പുസ്തകങ്ങൾ ആവർത്തിച്ചു വായിച്ചു. പാചകം ചെയ്ത ഭക്ഷണങ്ങൾ നിർത്തി. പാലും പഴവും മാത്രമായി ഭക്ഷണം: പഠനവും മനനവും ഉൾപ്പെടെയുള്ള എല്ലാ അധ്വാനവും അനാവശ്യമാണെന്നയാൾ കരുതി. പിന്നെ പാലും പഴവുവുമുപേക്ഷിച്ച് കാട്ടുകിഴങ്ങുകളും കായ്കനികളുമായി ആഹാരം. കാടനായി മാറിയ അയാൾ ക്രമേണ മർക്കടമായി പരിണമിക്കുന്നു. പ്രകൃതിയെ നോവിച്ചും നശിപ്പിച്ചും സംസ്കാരം കെട്ടിപ്പടുത്തവരെയെല്ലാം വിജയകരമായി വെല്ലുവിളിച്ചതിന്റെ ആഹ്ലാദവുമായി മർക്കടം ഒരു മരക്കൊമ്പിൽ നിന്ന് മറ്റൊന്നിലേക്ക് ചാടി പ്രകൃതിയുടെ പേരിൽ ചിലരെടുക്കുന്ന മനുഷ്യ വിരുദ്ധവും പരിഹാസ്യവുമായ നിലപാടുകളെ കളിയാക്കിക്കൊണ്ട് കഥാകൃത്ത് പറയുന്നു. പ്രകൃതി സംരക്ഷണം എന്ന ആശയം തന്നെയെടുക്കാം ജീവന്റെ നിലനിൽപ്പുപോലും അപകടത്തിലാവുന്ന തരത്തിലേക്ക് കാര്യങ്ങൾ നീങ്ങി ക്കൊണ്ടിരിക്കെ പ്രകൃതിക്കുവേണ്ടി ഉയർത്തപ്പെടുന്ന എത്ര നിസ്സാര ശബ്ദത്തെയും നാം വിലമതിക്കുക തന്നെ വേണം...എന്നാൽ ഇതേ ആശയം തീർത്തും മനുഷ്യവിരുദ്ധവും അസംബന്ധപൂർണ്ണവുമായ അതിരുകളിലേക്കു ചെന്നെത്തുന്നതായി കാണാം.

പ്രകൃതിയുടെ അതിജീവനത്തിന്റെ പ്രതീകമാണ് കടലാമകൾ. എന്നാൽ ആഗോളതാപനത്തിന്റെ ഫലമായി ആമകൾ പോലും വംശനാശ ഭീക്ഷണി നേരിടുകയാണ്. ഈ സാഹചര്യത്തിൽ ആമകളെ സംരക്ഷിക്കാൻ ശ്രമിക്കുന്ന നല്ല മനുഷ്യരെ അവതരിപ്പിച്ച് സ്വദേശപരമായ ഭാവുകത്വമാണ് 'നീരാളിയൻ' എന്ന കഥയിലൂടെ അംബികാസുതൻ മാങ്ങാട് സൃഷ്ടിക്കുന്നത്. ജലത്തിന്റെ വിപണിവൽക്കരണം ഇന്ന് ഒരു യാഥാർത്ഥ്യമാണ്. എന്നാൽ അതിനു വഴങ്ങികൊടുക്കുന്നത് നാം തന്നെയാണ്. ഈ പ്രമേയത്തിന്റെ സ്വാഭാവികത നിലനിർത്തിക്കൊണ്ടുള്ള കഥയാണ് കെ. വി. മോഹൻകുമാറിന്റെ 'ജലരാശി'.

പൂർവ്വീകർ പൈതൃകമായി കരുതിയിരുന്നതെല്ലാം വിറ്റുതുലച്ച് പണമുണ്ടാക്കണമെന്ന മോഹമാണ് പുതുതലമുറയെ ഗ്രഹിച്ചിരിക്കുന്നത്. കുന്നും പറമ്പും വൃക്ഷലതാതികളും ഹരിതസമൃതിയുമെല്ലാം അപ്രത്യക്ഷമാകുന്നതിനുള്ള മുഖ്യകാരണമിതാണ്. വിനയ് തോമസ് 'മൂർഖൻപാമ്പ്' എന്ന കഥയെ ഈ

സമീപനത്തെ വിചാരണ ചെയ്യുന്നു. വിമാനത്താവളത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കാത്തതിന്റെ പേരിൽ നിരാശനായി ആത്മഹത്യ ചെയ്യുന്ന് കഥാപാത്രത്തിലൂടെ പുതുതലമുറയുടെ ലാഭകൊതി ദുരിതഫലിതത്തോടെ അവതരിപ്പിക്കുന്നു.

ഹിംസയുടെ വകഭേതമാണ് പരിസ്ഥിതി നാശം. ഈ ഹിംസയിൽ നടുങ്ങുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു. മാത്രവുമല്ല അത്തരക്കാരെ ഉന്മാദികളായി മുദ്രകുത്താനും പരിഷ്കൃതസമൂഹം തയ്യാറാകുന്നു. 'കാലാവസ്ഥ' എന്ന കഥയിൽ പി. വി ഷാജി കുമാർ സമൃദ്ധമായി ഈ വിഷയം കൈകാര്യം ചെയ്യുന്നു. മണ്ണിരയെ പോലും ഭൂമിയിൽ നിന്ന് കടത്തിക്കൊണ്ടുപോകാൻ ആപത്കരമായ വ്യാപാര വത്ക്കരണമാണ് പി. എൻ. വിജയന്റെ 'ഇരകൾ' എന്ന കഥയിലുള്ളത്. ഭൂമിയിലെ ഓരോ ജീവിയും സംരക്ഷണം അർഹിക്കുന്നു. പാമ്പിനേയും അത്തരത്തിൽ സ്നേഹിക്കണം എന്ന സന്ദേശം പി. ജെ. ആന്റണിയുടെ 'ഭവനം' എന്ന കഥയെ വേറിട്ടനുഭവമാക്കുന്നു. പരിസ്ഥിതി പ്രതിസന്ധിക്കു പിന്നിലെ മൂലകാരണങ്ങൾ സങ്കീർണങ്ങളാണ്; അതുപോലെ തന്നെ പരിഹാരങ്ങളും. പ്രകൃതിയെന്ന മഹാപാഠപുസ്തകത്തെ നാം ഉൾക്കൊള്ളുമ്പോഴും പ്രകൃതിയിലേക്ക് മടങ്ങുക എന്ന ഒരു സരളവാക്യത്തിൽ മാത്രം ഒതുക്കാവുന്നതല്ല പ്രശ്നം.

# അദ്ധ്യായം മൂന്ന്

# പാരിസ്ഥിതികദർശനം അംബികാസുതൻ മാങ്ങാടിന്റെ കഥകളിൽ

## അദ്ധ്യായം മൂന്ന്

## പാരിസ്ഥിതികദർശനം അംബികാസുതൻ മാങ്ങാടിന്റെ കഥകളിൽ

മലയാള ചെറുകഥാലോകത്ത് പരിസ്ഥിതി സൗഹൃദത്തിൻറെ സന്ദേശം വിളിച്ചറിയിക്കുന്ന കഥകൾ സമ്മാനിച്ച പ്രതിഭാധനനായ എഴുത്തുകാരനാണ് അംബികാസുതൻ മാങ്ങാട്. അദ്ദേഹത്തിന്റെ ശ്രദ്ധേയവും ഏറെ ചർച്ച ചെയ്യപ്പെട്ടതുമായ നിരവധി കൃതികളുണ്ട്. അംബികാസതൻ മാങ്ങാടിനെ വായിക്കുക എന്നു പറഞ്ഞാൽ നാം സ്വയം ചോദ്യങ്ങൾ ചോദിക്കുക എന്നതാണ് അർത്ഥം. കുന്നുകൾ പുഴകൾ, എൻമകജെ, രാത്രി, രണ്ടു മുദ്ര, ജീവിതത്തിന്റെ മുദ്ര,കമേഴ്സ്യൽ ബ്രേക്ക്, വാലില്ലാത്ത കിണ്ടി, ഒതേനന്റെ വാൾ, മരക്കാപ്പിലെ തെയ്യങ്ങൾ എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ .

പ്രകൃതിയിലുള്ള ഓരോ വസ്തുക്കളും സ്വയം കണ്ടെത്തുന്ന ഗൃഹാതുരത്വമാണ് അംബികാസുതൻ മങ്ങാടിന്റെ എഴുത്തിന്റെ രാഷ്ട്രീയം. ഒരു നിലവിളി പോലെ ഓരോ എഴുത്തിലൂടെയും മനുഷ്യന്റെ വേരുകൾ മുഴുവൻ പ്രകൃതിയിലേക്ക് നുഴഞ്ഞ് ഇറങ്ങിയിട്ടുണ്ട് എന്ന് നമ്മെ നിരന്തരം ഓർമിപ്പിക്കുക യാണ് അദ്ദേഹത്തിന്റെ പാരിസ്ഥിതിക കഥകൾ.ഓരോ പാരിസ്ഥിതിക കഥയിലൂടെയും അദ്ദേഹം നിരന്തരം പറയുവാൻ ശ്രമിക്കുന്നത് വരാനിരിക്കുന്ന വിപത്കാലത്തെക്കുറിച്ചാണ്. ഇന്നലകളെക്കുറിച്ചോ ഇന്നിനെകുറിച്ചോ അല്ല അദ്ദേഹം തന്റെ പാരിസ്ഥിതിക കഥകളിലൂടെ പറയുന്നത് വരാൻ പോകുന്ന നാളെ കുറിച്ചാണ്. നമ്മൾ എന്താണ് പ്രകൃതിയോട് ചെയ്യുന്നത് എന്ന ചിന്ത ഏവരുടെയും മനസ്സിൽ ഉണർത്തുന്നതരത്തിലാണ് അംബികാസുതൻ മാങ്ങാടിന്റെ രചന. മണ്ണിനും മനുഷ്യനും വേണ്ടിയുള്ള ജാഗ്രതയാണ് അദ്ദേഹത്തിൻറെ ഓരോ കഥകളിലും പരിസ്ഥിതികമായ ഉത്കണ്ഠ കൂടിയാണത്. നഗരവൽക്കരണവും പ്രകൃതിചൂഷണവും ഭൂമിയെ ഇഞ്ചിഞ്ചായി കൊന്നുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ സമകാലിക ജീവിതത്തിൽ മരങ്ങൾ വെച്ചുപിടിപ്പിക്കുകയും അതേസമയം തന്നെ ഒരു മരം കണ്ടാൽ അത് വെട്ടിയാൽ എത്ര തടിക്കഷണങ്ങൾ കിട്ടുമെന്നും,ഒരു പുഴയോ കുളമോ കണ്ടാൽ അതിൽ നിന്നും എത്ര ലോറി മണൽ ലഭിക്കുമെന്നും

ചിന്തിക്കുന്നവരാണ് ഇന്നത്തെ സമൂഹത്തിൽ. പരിസ്ഥിതിയിൽ മനുഷ്യൻ വരുത്തുന്ന ഓരോ ചൂഷണവും ഭാവിതലമുറയ്ക്ക് കോട്ടം വരുത്തുമെന്നും മനുഷ്യ വംശത്തിന്റെ കുലം മുടിക്കുമെന്നും പ്രവചിക്കുന്നതാണ് അദ്ദേഹത്തിന്റെ കഥകൾ. അംബികാസുതൻ മാങ്ങാടിന്റെ ഓരോ കഥയും പരിസ്ഥിതി സംരക്ഷണ ത്തെക്കുറിച്ച് മനസ്സിലാക്കി തരുന്നു.അതോടൊപ്പം മനുഷ്യനെ ചിന്തിക്കുവാനും പ്രേരിപ്പിക്കുന്നവയാണ് അദ്ദേഹത്തിന്റെ കഥകൾ. അദ്ദേഹത്തിന്റെ കഥകളിൽ വരാനിരിക്കുന്നതും നിലവിലുള്ളതുമായ പാരിസ്ഥിതിക പ്രശ്നങ്ങളെയാണ് കൂടുതലായും വിവരിച്ചിരിക്കുന്നത്.

മലയാളത്തിന്റെ പ്രിയ എഴുത്തുകാരനും പരിസ്ഥിതി പ്രവർത്തകനുമായ അംബികാസുതൻ മാങ്ങാടിന്റെ എൻമകജെ എന്ന ഒറ്റ നോവൽ മതി അദ്ദേഹം എന്ന എഴുത്തുകാരനെയും ആർട്ടിവിസ്റ്റിനെയും അടയാളപ്പെടുത്താൻ. പ്രകൃതിക്ക് വേണ്ടിയും മനുഷ്യർക്ക് വേണ്ടിയും എഴുത്തിലൂടെയും സമരങ്ങളിലൂടെയും പോരാടുന്ന ഒരാളാണ് അംബികാസുതൻ മാങ്ങാട്.ചെറുകഥകൾക്ക് പുറമെ നോവലുകളും ചലച്ചിത്രങ്ങൾക്ക് പുറമേ തിരക്കഥയും എഴുതിയിട്ടുണ്ട്. കയ്യൊപ്പ് എന്ന ചിത്രത്തിന്റെ തിരക്കഥയും സംഭാഷണവും നിർവഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രധാന കൃതികൾ ചിന്നമുണ്ടി, കുന്നുകൾ പുഴകൾ, പ്രാണവായു, എൻമകജെ എന്നിങ്ങനെ നിരവധിയുണ്ട്. 2010 ൽ എൻമകജെ എന്ന നോവലിന കഥാരംഗം നോവൽ അവാർഡും 2022ൽ പ്രാണവായു എന്ന കഥാ സമാഹാരത്തിന ഓടക്കുഴൽ അവാർഡും ലഭിച്ചു. കൂടാതെ കാരൂർ പുരസ്കാരം, കേരള സാഹിത്യഅക്കാദമി അവാർഡ് എന്നിവയും ലഭിച്ചിട്ടുണ്ട്.

പരിസ്ഥിതിയും സാഹിത്യവും എന്ന വിഷയം പറയുമ്പോൾ സാഹിത്യ ത്തിൽ നമ്മുടെ തെയ്യങ്ങളുടെ തോറ്റംപാട്ട് അടക്കം ഉൾപ്പെടുത്താം. കാസർഗോഡ് ജില്ലയിൽ നിരവധിയായ തെയ്യങ്ങളുണ്ട്. തെയ്യങ്ങൾ പലരീതിയിലുണ്ട് അവ പലതും പ്രകൃതിയുമായും പരിസ്ഥിതിയുമായും ഏറ്റവും ബന്ധപ്പെട്ട തെയ്യങ്ങളാണ്. കൂട്ടത്തിൽ തൊണ്ടച്ചൻ തെയ്യം എന്ന് പറയുന്ന ഒരു തെയ്യമുണ്ട്. വയനാട്ടുകുലം തെയ്യം എന്നും പറയുന്നു. ഈ തയ്യാട്ടത്തിന്റെ

കുറിയാട്ടത്തിൽ തെയ്യം ഭക്തജനങ്ങളോട് പറയുന്ന ഒരു വാക്യമുണ്ട്  അരിഞ്ഞു കുടിക്കല്ലേ അളന്നു കുടിക്ക് എന്നത്. അരിഞ്ഞു കുടിക്കുവാൻ പാടില്ല കറന്നു കുടിക്കണം. പശുവിന്റെ പാല് കറന്നിട്ടാണ് കുടിക്കേണ്ടത് ധാരാളം പാലുണ്ട് പെട്ടെന്ന് എടുക്കാം എന്ന് വെച്ച് മൂർച്ചയേറിയ വാൾക്കൊണ്ട് പശുവിന്റെ അകിട് അരിഞ്ഞാൽ പാത്രത്തിൽ നിറയുക ആ പശുവിന്റെ ജീവൻ ആയിരിക്കും, ചോരയായിരിക്കും, പാലായിരിക്കില്ല. ഇത് പ്രകൃതിയുടെ നേർക്കുള്ള ഒരു ആഹ്വാനം കൂടിയാണ്. നൂറ്റാണ്ടുകൾക്കു മുമ്പാണ് തൊണ്ടച്ചൻ തെയ്യം പറഞ്ഞു തുടങ്ങിയത്. അതിനും എത്രയോ നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടാണ് സിയാറ്റിൽ മൂപ്പൻ ഇതേ കാര്യം പറയുന്നത്. ഈ ഭൂമി നമ്മുടേതല്ല.നാം ഭൂമിയുടെതാണ് എന്ന ആശയം ഈ കാര്യം തന്നെയാണ് മാർക്സും ഏംഗൽസും കൃത്യമായി പറഞ്ഞിട്ടുള്ളത്.

### 3.1 പ്രാണവായു

അംബികസുധൻമാങ്ങാട് 2015ൽ മാതൃഭൂമി വാര്യാന്ത പതിപ്പിൽ എഴുതിയ കഥയാണ് പ്രാണവായു. ഇതൊരു പ്രവചനമായി മാറുകയാണ് സാഹിത്യകാരന്മാർ ക്രാന്തദർശികളാണെന്ന് പറയാറുണ്ട്.നൂറ്റാണ്ടുകൾക്കുശേഷം നടക്കാൻ പോകുന്ന കാര്യങ്ങൾ പോലും തങ്ങളുടെ കൃതികളിലൂടെ ദർശിക്കാൻ അവർക്ക് ചിലപ്പോൾ കഴിയാറുണ്ട്. അത്തരത്തിൽ ഒരു കഥയാണ് അംബികാസുതൻ മാങ്ങാടിന്റെ പ്രാണവായു .

ഓക്സിജൻ കിറ്റിനു വേണ്ടി എല്ലാ മനുഷ്യരും വരി നിൽക്കുന്ന കാലമാണ് കഥയുടേത്. അതിൽ വരുൺഅനീഷ ദമ്പതികൾ തീരാറായ ഓക്സിജൻ കിറ്റുകളെ കുറിച്ച് വച്ചുപുലർത്തുന്ന ആശങ്കയാണിത്. ഓക്സിജനു വേണ്ടി കുടുംബത്തി നകത്ത് തന്നെ നടക്കുന്ന തെരഞ്ഞെടുപ്പ് മത്സരത്തിൽ ആത്മഹത്യ, കുടുംബ പരമായ ബജറ്റ് തീരുമാനം പോലെ പ്രഖ്യാപിക്കുന്നൊരു കാലമാണ് കഥാകൃത്ത് കാണിക്കുന്നത്. ഒടുവിൽ അച്ഛൻ, അമ്മ എന്ന സത്യത്തെ മാറ്റിനിർത്തി മിറ്റിഗേഷൻ  എന്ന സത്യം കഥ പ്രവചിക്കുന്നു.

'പ്രാണവായു' എന്ന കഥയിലെ പ്രധാന കഥാപാത്രങ്ങളായി വരുന്നത് വരുൺ, അനീഷ എന്നിവരാണ്. ഇവരിലൂടെയാണ് കഥ മുന്നോട്ടുപോകുന്നത്. ഓക്സിജൻ ക്ഷാമത്തെ പശ്ചാത്തലമാക്കിയാണ് കഥ. ഓക്സിജൻക്ഷാമത്തെ തുടർന്ന് ഓകസിജൻ കിറ്റുകൾ വാങ്ങുന്നതിനു വേണ്ടി വരുൺ പോകുന്നു. അവൻ വന്നു കോളിംങ് ബെല്ലുയർന്നപ്പോൾ അനീഷ ഓടിച്ചെന്ന് വാതിൽ തുറക്കുന്നു. അവന്റെ കൈകൾ ശൂന്യമായിരുന്നതു കണ്ട് നിരാശയോടെ  ഒരു കിറ്റ് പോലും കിട്ടിയില്ലേ? എന്നു ചോദിക്കുന്നു. അവൻ യാതൊന്നും മിണ്ടാതെ ഉള്ളിലേക്ക് നടന്നു. അവിടെവെച്ച് അവൻ അവളോട് പച്ചയായ സത്യങ്ങൾ പറയുന്നു. ഞാൻ ഈ നഗരം മുഴുവൻ അലഞ്ഞു. പക്ഷേ ഒരു ഓക്സിജൻ ബൂത്തുകൾ പോലും അവശേഷിക്കുന്നില്ല എല്ലാം തകർത്തിട്ടിരിക്കുകയാണ്. ഓക്സിജൻ ലഭിക്കാത്ത മനുഷ്യൻ റോഡരികിൽ വീണു കിടക്കുന്നു. മലിന വായു ശ്വസിച്ച് ആസ്മാരോഗികൾ വലയുന്നു എന്നീ കാഴ്ചകളാണ് കാണുന്നത്. റോഡരികിൽ എല്ലാം ഓക്സിജൻ ലഭിക്കാതെ നിരവധി പേർ മരിച്ചു കിടക്കുന്നുണ്ട്. ഈ ഫ്ളാറ്റിന്റെ താഴെയുമുണ്ട്. നമുക്കും ഈ ഒരു അവസ്ഥ വരുമെന്ന് വളരെ ദയനീയമായി വരുൺ അനീഷയോട് പറയുന്നു. പക്ഷേ അവൻ കൂട്ടിച്ചേർക്കുന്നുണ്ട ഇത് ഒരു കൃത്രിമ ക്ഷാമമാണ് കരിഞ്ചന്തയിൽ കിറ്റ് കിട്ടും എന്ന് പറയുന്നു. ഓക്സിജൻ ക്ഷാമത്തെ തുടർന്ന് പണക്കാരൊക്കെ കുറേ കിറ്റുകൾ വാങ്ങി സ്റ്റോക്ക് ചെയ്യുന്നു. അതുമൂലമാണ് കിറ്റുകൾക്ക് ഇങ്ങനെ ക്ഷാമം നേരിടേണ്ടി വന്നത്.പൗരന്റെ പ്രാണവായുവിനു വില കൊടുക്കുവാൻ കഴിയാത്ത സർക്കാർ എന്തിനാണ്?എന്നാണ് വരുൺ ചോദിക്കുന്നത്. എന്തെല്ലാം തന്നെ നടന്നാലും വരുൺ പറയുന്നത് കുട്ടികൾ നമ്മുടെ വേവലാതികൾ ഒന്നും തന്നെ അറിയരുത്; അത് അവരുടെ പഠനത്തെ ബാധിക്കുമെന്നാണ്. എന്നാൽ അവർ അവരുടെ ലാപ്പിലും മൊബൈലിൽ  നിന്നെല്ലാം വാർത്തകൾ അറിയുന്നു. ഒരാഴ്ച കഴിഞ്ഞാൽ കിറ്റുകൾ ലഭിക്കുമെന്ന് എല്ലാവരും പറയുന്നുണ്ട്. അതുവരെ നമുക്ക് പിടിച്ചു നിൽക്കുവാനുള്ള ഓക്സിജൻ ഇല്ല എന്ന് ഓർത്തു പേടിക്കുകയാണ് ആ ദമ്പതിമാർ. അവർക്കെല്ലാം ഓക്സിജൻ ലഭിക്കുന്നതിന വേണ്ടി വരുൺ തന്റെ മാസ്ക് കിടക്കുമ്പോൾ ഊരി കളയും എന്നു പറയുന്നു. ഇതു കേൾക്കുമ്പോൾ അനീഷ പൊട്ടിത്തെറിക്കുകയാണ് ചെയ്യുന്നത്. നിന്നെ ഈ

കുടുംബത്തിന ആവശ്യമാണ് എന്നാണ് അവൾ പറയുന്നത്. കിറ്റുകൾ കിട്ടുമെന്ന പ്രതീക്ഷയിൽ വരുൺ സിറ്റിയിലേക്ക് പോകുന്നു. പക്ഷേ അനീഷയ്ക്ക് യാതൊരു പ്രതീക്ഷയുമില്ല. അവൻ വന്ന് ഇരുവരും ഭക്ഷണം കഴിക്കുവാൻ ഇരിക്കുമ്പോൾ വരുൺ പറയുന്നത് ഞാൻ കുറെ കണക്കുകൂട്ടി നോക്കി അനീഷാ, ഇന്ന് രാത്രി ഒരാൾ മരിക്കണം എങ്കിൽ മാത്രമേ നാലഞ്ചു ദിവസം പിടിച്ചുനിൽക്കുവാൻ കഴിയൂ. ആരെങ്കിലും മാസ്ക് മാറ്റി മരിക്കുവാൻ തയ്യാറാകണമെന്ന് അവൻ മനസ്സിലാക്കുന്നു. ഒടുവിൽ നിലനിൽപ്പിനുവേണ്ടി പ്രായമായ അച്ഛനമ്മമാരുടെ ആരുടെയെങ്കിലും മാസ്ക് മാറ്റാൻ തീരുമാനിക്കുന്നു. ഇങ്ങനെ പറഞ്ഞുകൊണ്ടാണ് കഥ അവസാനിക്കുന്നത്.

കഥയിൽ രണ്ട് പ്രധാനകഥാപാത്രങ്ങളാണുള്ളത് അനീഷയും വരുണും. ശ്വസിക്കുവാൻ കഴിയുന്ന ഓക്സിജൻ വില കൊടുത്തു വാങ്ങേണ്ടി വരുന്ന കാലഘട്ടത്തിലാണ് അവർ ജീവിക്കുന്നത്. പ്രായമായ അച്ഛനും അമ്മയും പഠിച്ചു കൊണ്ടിരിക്കുന്ന രണ്ടു കുട്ടികളും ഉൾപ്പെടുന്നതാണ് അവരുടെ കുടുംബം. അനീഷയുടെയും വരുണിന്റെയും ആശങ്കകളിലൂടെ വരാനിരിക്കുന്ന കാലത്തിന്റെ ഭീകരത നമ്മളും അറിയുന്നു. അതിന്റെ ചില സൂചനകൾ ഇന്ന് പ്രകൃതിയിൽ ദൃശ്യമാണ്. ഒരിറ്റ് പ്രാണവായുവിനായി കേഴുന്ന മാതാപിതാക്കളെ ,ഭാര്യഭർത്താക്കന്മാരെ, നൊന്തുപെറ്റ കുഞ്ഞുങ്ങളെയും കൊണ്ട് ഓടുന്ന മനുഷ്യർ.നൂറുകണക്കിന മനുഷ്യർ പ്രാണവായു കിട്ടാതെ കൺമുന്നിൽ കിടന്ന് പിടഞ്ഞ് തീരേണ്ടി വരുന്നതുകണ്ടു നിൽക്കേണ്ടി വരുന്ന നിസ്സഹായരായി നാം മാറിയേക്കാം.

ഓക്സിജൻ ക്ഷാമത്തെക്കുറിച്ച് വരുൺ വിവരിക്കുന്നുണ്ട്. കഥയിൽ വരുൺ ചോദിക്കുന്ന പ്രസക്തമായ ഒരു ചോദ്യമുണ്ട് പൗരന പ്രാണവായു കൊടുക്കാൻ കഴിയാത്ത സർക്കാർ എന്തിന നിലനിൽക്കണം .കാലിക പ്രസക്തിയുള്ള ചോദ്യമാണ് ഇതെന്ന് നമുക്കറിയാം. മറ്റേതു മേഖലയിലും മുന്നേറ്റം അവകാശപ്പെടാൻ കഴിഞ്ഞാലും പൗരന്മാരുടെ ജീവനു സംരക്ഷണം നൽകുവാൻ കഴിയാത്ത ഭരണകൂടത്തിന എന്ത് വിലയാണുള്ളത്.

കഥയുടെ അവസാനം കുറച്ചു ദിവസത്തേക്കെങ്കിലും കുടുംബത്തിന്റെ ജീവൻ പിടിച്ചു നിർത്തുവാൻ ആരെങ്കിലും മാസ്ക് മാറ്റി മരിക്കാൻ തയ്യാറാകണമെന്ന് അവർ മനസ്സിലാക്കുന്നു.ഒടുവിൽ നിലനിൽപ്പിനു വേണ്ടി പ്രായമായ അച്ഛനമ്മമാരുടെ ആരുടെയെങ്കിലും മാസ്ക് മാറ്റാൻ അവർ തീരുമാനിക്കുന്നു. അദ്ദേഹം പറയാതെ പറയുകയാണ്; കോർപ്പറേറ്റുകളുടെ കയ്യിൽ എത്തുന്നതൊന്നും പിന്നീട് നമ്മുടെ മുന്നിൽ സ്വന്തമായി വരുന്നില്ല.നമ്മളും സ്വന്തം എന്നു കരുതിയ പലതും കോർപ്പറേറ്റ് തന്ത്രങ്ങൾ വഴികുപ്പികളിലും സിലിണ്ടറുകളിലുമായിനമ്മുടെ മുന്നിൽ തന്നെ എത്തുന്നു എന്ന യാഥാർത്ഥ്യം അദ്ദേഹം ഇതിലൂടെ ചുരുളഴിക്കുകയാണ്. അവസാനഘട്ടത്തിൽ പോലും അദ്ദേഹം ഒരു പ്രത്യയശാക്തിക്ക് വക തരുന്നില്ല. പക്ഷേ കഥയുടെ അവസാനം നമ്മെ ഭീതിപ്പെടുത്തുകയാണ്.ഇനിയെങ്കിലും നാം നമ്മുടെ പ്രകൃതിയെ സംരക്ഷി ച്ചില്ലെങ്കിൽ സർവ്വനാശം നമ്മൾ സഹിക്കേണ്ടിവരും എന്ന യാഥാർത്ഥ്യത്തിൽ കഥ വന്നെത്തുകയാണ്. പ്രകൃതിയും വായുവുമൊക്കെ നമ്മുടെ ജീവന്റെ അടിത്തറയാണ്. അത് സംരക്ഷിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഭൂമി തന്നെ നശിച്ചു പോകുമെന്ന മുന്നറിയിപ്പാണ് ഈ കഥ നൽകുന്നത്. പ്രകൃതിയുടെ ഭാഗമാണ് മനുഷ്യൻ. ചൂഷണം ചെയ്യാതെ ആവശ്യത്തിനുമാത്രം എടുത്തുകൊണ്ട് നമുക്ക് പ്രകൃതിയും ഭൂമിയെയും സംരക്ഷിക്കാനും നിലനിർത്താനും കഴിയും. നാം ഉൾപ്പെടുന്ന തലമുറ അതാണ് ചെയ്യേണ്ടത് എന്ന പാഠമാണ് ഈ കഥയിലൂടെ അംബികാസുതൻ മാങ്ങാട് പറഞ്ഞുവെക്കുന്നത്.

ഈ കഴിഞ്ഞ കൊറോണ ലോക്ക്ഡൗൺ കാലത്തിനോട് ഇത് ചേർത്തുവയ്ക്കാം. ഓരോ വീടിനുള്ളിലും ഓരോ ഫ്ളാറ്റിനുള്ളിലും സ്വന്തം കുടുംബത്തിലെ ആളുകളെ നിലനിർത്തുവാൻ വേണ്ടി ത്യാഗവും സഹനവും ചെയ്യുന്ന കുടുംബനാഥന്റെയും കുടുംബിനികളുടെയും ജീവിതമാണ് അവരുടെ പ്രശ്നങ്ങളാണ് അദ്ദേഹം സംഭാഷണങ്ങളിലൂടെയും ജീവൻ തുടിക്കുന്ന കഥാ പാത്രങ്ങളിലൂടെയും നമുക്ക് മുന്നിലേക്ക് എത്തിച്ചത്. ഈ വർത്തമാനകാലത്തിൽ ഏറെ പ്രസക്തിയുള്ള ചെറുകഥയാണ് പ്രാണവായു. 10 വർഷം മുൻപ് കടയിൽ പോയി വെള്ളം വാങ്ങണം എന്ന് പറഞ്ഞാൽ ആളുകൾ ചിരിക്കുമായിരുന്നു.

വെള്ളം ഇഷ്ടം പോലെയുണ്ട്, മലിനീകരിക്കപ്പെട്ടിട്ടില്ല. പക്ഷേ ഇന്ന് ആരും ചിരിക്കാതെ കടകളിൽ പോയി കുപ്പിവെള്ളം വാങ്ങിക്കുന്നു. വർഷങ്ങൾ കഴിഞ്ഞാൽ ഇതുപോലെ ക്യൂ നിന്ന് ഓക്സിജൻ കുപ്പി വാങ്ങേണ്ടി വരുമോ എന്ന ചോദ്യമാണ് ഈ കഥ ഉന്നയിക്കുന്നത്. ദില്ലി മലിനീകരണ കാലത്ത് ഓക്സിജൻ കിറ്റുകൾ കിട്ടാതെ വന്നപ്പോൾ പല ഫ്ലേവറുകളിൽ ഓക്സിജൻ കുപ്പികൾ ലഭ്യമായിരുന്നു. കുന്നുകൾ ഇല്ലാതാകുമ്പോൾ ആവാസ വ്യവസ്ഥ നഷ്ടമാകുന്ന ജീവികളുടെ വ്യഥ ഉള്ളുലയ്ക്കുന്ന വിധം അദ്ദേഹം വ്യക്തമാക്കുന്നു. മണ്ണു മാന്തിയന്ത്രം വന്ന് നമ്മുടെ കുന്നുകളെല്ലാം തുരന്നെടുത്ത് മനുഷ്യൻ ഒഴികെയുള്ള ജീവികളെയൊക്കെ കൊന്നൊടുക്കുന്ന അവസ്ഥ. ഒരു കൂട്ടം മരങ്ങൾ കണ്ടാൽ അത് വെട്ടി നിരത്തിയാൽ എത്ര ലോറി തടിക്കഷണങ്ങൾ കിട്ടും എന്നുള്ള ചിന്ത ഇവയെല്ലാം കാരണം ഒടുവിൽ അവന്റെ തന്നെ കാൽക്കീഴിലെ മണ്ണ് മാന്തി കൊണ്ട് പോകുന്നത് പ്രളയക്കാലത്തുകണ്ടു. പക്ഷേ ഇവയെല്ലാം നാം മറന്നു പ്രകൃതിയെ ചൂഷണം ചെയ്യുക തന്നെയാണ് ചെയ്യുന്നത്.

### 3.2 ചിന്നമുണ്ടി

പരിസ്ഥിതിയും മനുഷ്യനും തമ്മിലുള്ള ബന്ധം എന്നും ദൃഢമായി കാത്തുസൂക്ഷിക്കേണ്ട ഉത്തരവാദിത്വം മനുഷ്യനുണ്ട്.മലയാളികൾക്ക് പ്രിയപ്പെട്ട ഒരുപിടി പരിസ്ഥിതി കഥകളുടെ സൃഷ്ടാവായ അംബികാസുതൻ മാങ്ങാട് പരിസ്ഥിതി സംരക്ഷണത്തിന വേണ്ടി ഗദ്യം കൊണ്ട് യുദ്ധം ചെയ്തുകൊണ്ടിരിക്കുന്ന ഒരു പോരാളിയാണ്. സുഗതകുമാരിയും മറ്റും കവിതകൾ കൊണ്ട് തുറന്നിട്ട പോർമുഖത്തിന്റെ ഗദ്യമുഖം! ആ യുദ്ധമുന്നണിയിൽ നിന്നുകൊണ്ട് അംബികസുതൻ മാങ്ങാട് പ്രയോഗിച്ച ഒരു മിസൈൽ ആണ് ചിന്നമുണ്ടി.ധാർമ്മിക ഉത്തരവാദിത്വത്തിലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്ന കഥയാണ് അംബികാസുതൻ മാങ്ങാടിന്റെ ചിന്നമുണ്ടി. ചിന്നമുണ്ടി ഒരു പ്രതീകമാണ്. കേരളത്തിലെ പച്ചപ്പു നഷ്ടപ്പെടുന്ന മണ്ണിന്റെ പ്രതീകം, മലിനീകരിക്കപ്പെടുകയും നിരന്തരം മാനഭംഗത്തിനിരയാവുകയും ചെയ്യുന്ന പുഴകളുടെ പ്രതീകം, ഇവിടെ കുറഞ്ഞു കൊണ്ടിരിക്കുന്ന വായുവിന്റെ പ്രതീകം, ഈ ഭൂപ്രദേശത്തെ കളങ്കിതമായ ആകാശത്തിന്റെ പ്രതീകം, അനുനിമിഷം പരന്നു

കൊണ്ടിരിക്കുന്ന ഇരുട്ടിന്റെ പ്രതീകം, ചിന്നമുണ്ടി ഒരു ഓർമ്മപ്പെടുത്തലാണ്. നമ്മുടെ മടിയിൽ തലചായ്ച്ച് ചലനമറ്റു കിടക്കുന്ന ചില ഭൂതകാല നന്മകളെ കുറിച്ചുള്ള ഓർമ്മപ്പെടുത്തലാണത്.

ഒരു കൊക്ക് പിന്നാലെ വന്ന ഒരു സംഭവത്തിന്റെ ആസ്വാസ്ഥ്യത്തിൽ നിന്നും ഉടലെടുത്തൊരു കഥയാണ് ചിന്നമുണ്ടി. കീഴാറ്റൂർ നെൽവയൽ സമരത്തിന്റെയും കീഴാറ്റൂർ ബൈപാസ് സമരത്തിന്റെയും പശ്ചാത്തലത്തോട് ചേർത്തുവായിക്കപ്പെട്ട ഒരു കഥ കൂടിയാണ് ചിന്നമുണ്ടി.കഥ സംഭവിക്കുന്നത് കേരളത്തിലെ അത്യുത്തര ജില്ലയിലാണ്, കാഞ്ഞങ്ങാട്ടെ പൈനാടൻ ചാലിൽ. വളരെയേറെ വ്യത്യസ്തയുള്ളതും നാടിന്റെ ആരോഗ്യത്തിന്റെ സൂചികയെന്നു പറയാവുന്നതുമായ പൈനാടൻ ചാലിന്റെയും ആ പേരിലുള്ള നെൽവിത്തിന്റെയും നാശമാണ് കഥയുടെ പ്രമേയം.വിനായകൻ എന്ന പ്രകൃതി സ്നേഹിയായ ഫോട്ടോഗ്രാഫർ പൈനാടൻ ചാലിൽ ദുരൂഹസാഹചര്യത്തിൽ മരിച്ചുകിടക്കു ന്നിടത്താണ് കഥ തുടങ്ങുന്നത്. കാഴ്ചയിൽ സ്വാഭാവികമെന്നു പറയാനാവില്ല. കാരണം വിനായകൻ പലരുടെയും കണ്ണിലെ കരടായിരുന്നു. പ്രത്യേകിച്ചും പൈനാടൻ ചാൽ നികത്തി ബൈപാസ് കൊണ്ടുവരാൻ ഉത്സാഹിക്കുന്ന പഞ്ചായത്ത് മെമ്പറും കരാറുകാരും അടക്കമുള്ള വികസനം വിനായകന്റെ മരണം സംഭവിച്ച പൈനാടൻ ചാൽ ഒരുപാടു ജൈവവൈവിധ്യങ്ങളുടെ സൂക്ഷിപ്പു കേന്ദ്രമാണ്. അതിൽപെട്ട ഒരു അത്യപൂർവ്വ സസ്യമാണ് പൈനാടൻ നെൽച്ചെടി. സാധാരണ നെല്ലിനങ്ങളിൽ നിന്നെല്ലാം വ്യത്യസ്തം. മണ്ണിന്റെ, പരിസ്ഥിതി ആരോഗ്യത്തിന്റെ അടയാളം. പൈനാടൻ നെല്ല് ഇല്ലാതാവുക എന്നാൽ അവിടുത്തെ മറ്റനേകം സസ്യങ്ങളുടെ കൂടി ഇല്ലാതാവലാണ്. അവിടേക്കു വിരുന്നു വരാറുള്ള ചിന്നമുണ്ടി അടക്കമുള്ള അനേക്കം പക്ഷികളുടെ ഇല്ലാതാവലാണ്. ചാലിനെ ആശ്രയിച്ച് ജീവിക്കുന്ന മനുഷ്യരുടെ ഇല്ലാതാവലാണ്. മനുഷ്യനു വേണ്ടി എന്നു പറഞ്ഞു നടപ്പാക്കുന്ന വികസനം തദ്ദേശിയരായ മനുഷ്യർക്കു പ്രയോജനപ്പെടുന്നില്ല എങ്കിൽ, അവരുടെ ജീവനു ഭീഷണിയാവുകയാണെങ്കിൽ പിന്നെ ആ വികസനം കൊണ്ട് ആർക്ക്, എന്ത് ഫലം?

തൂക്കണാംകുരുവിയുടെ ജീവിതം പകർത്താനാണ് ക്യാമറയുമായി വിനായകൻ പൈനാടൻ ചാലിലേക്കു വന്നത്. അതിനുമുമ്പ് സൈലന്റ് വാലിയിലെ ഓർക്കിഡുകളെക്കുറിച്ച് കുറേയേറെ ചിത്രങ്ങളെടുത്തിട്ടുണ്ട്. കുടജാദ്രിയുടെ താഴ്വാരത്തിലെ രാജവെമ്പാലയെക്കുറിച്ച് ഡോക്യുമെന്ററി എടുത്തിട്ടുണ്ട്. കാടിന്റെ വന്യതയിൽജീവിസഞ്ചാരങ്ങളുടെ ഒക്കെ എത്രയോ ചിത്രങ്ങൾ! ഒറ്റയാന്റെ മുന്നിലും രാജവെമ്പാലയുടെ മുന്നിലുമൊക്കെ പേടിയാവില്ലേ? ഈ ചോദ്യത്തിന വിനായകന്റെ പുഞ്ചിരി പുരട്ടിയ മറുപടി ഇതാണ്. സത്യത്തിൽ എനിക്ക് മനുഷ്യരെ മാത്രമേ പേടിയുള്ളൂ എന്ന വിനായകന്റെ ഉത്തരം ജാതിയതയുടെ മുഖം എത്രമാത്രം ക്രൗര്യവും ഉഗ്രവിഷമേറിയതും ആണെന്നതിനുള്ള ഉത്തരം കൂടിയാണ്.എന്തുകൊണ്ട് പൈനാടൻ നെല്ലിന്റെ പ്രതിരോധശേഷിയെക്കുറിച്ചും ഏതു പ്രതികൂല സാഹചര്യങ്ങളിലും അതിജീവനം നടത്തുന്നതിനുള്ള അസാമാന്യ കഴിവിനെക്കുറിച്ചും പറയുന്നു. ഗർഭസ്ഥശിശുവിനെപ്പോലെ പത്തു മാസം വളർച്ചയുള്ളതുകൊണ്ടാവാം, പുലയുള്ള നെല്ലാണ പൈനാടൻ എന്നും ക്ഷേത്രങ്ങളിൽ നിഷിദ്ധമാണ് അതെന്നും പറയുന്നു. ഗർഭസ്ഥശിശുവിനോട് അനുബന്ധിച്ചുള്ള വാദത്തെ ഖണ്ഡിച്ചുകൊണ്ട് പുലയനായ പൊട്ടൻ തെയ്യം കാവൽ നിന്നത് കൊണ്ടായിക്കൂടെ അത് പുലയുള്ള നെല്ലായത് എന്ന വിനായകന്റെ സംശയവും ചിന്തനിയമാണ്.

ഒരു ആവാസവ്യവസ്ഥയിൽ പുറത്തു നിന്നുള്ള ഇടപെടലുകൾ അതെന്തു തന്നെ ആയാലും അവിടുത്തെ ജൈവവൈവിധ്യത്തെ പ്രതികുലമായി ബാധിക്കുക മാത്രമല്ല ഏതു പ്രതിരോധ ശക്തിയെയും മറികടന്ന് ഉന്മൂലനം ചെയ്യുമെന്ന് കഥ സൂചിപ്പിക്കുന്നു. പ്രകൃതിയെ മനുഷ്യൻ നശിപ്പിക്കുന്നത് കൊണ്ടാണ് അധിനിവേഷക്കാർ നാട്ടുടമകളായ ജീവികളേക്കാൾ ആധിപത്യം സ്ഥാപിക്കുന്നതു നാട് നശിപ്പിക്കുന്നതും. കരയിലെ അക്കേഷ്യ പോലെ ജലത്തിലെ ക്യാൻസർ ആവുന്ന കുളവാഴയും നെൽകൃഷി നശിപ്പിക്കുന്ന കുളവാഴയും നെൽകൃഷി നശിപ്പിക്കുന്ന നിലക്കോഴികളും എരണ്ട പക്ഷികളും,അധിനിവേശ മത്സ്യങ്ങളായ ഗപ്പിയും തിലാപ്പിയയും ഒക്കെ ഇത്തരത്തിലുള്ളയാണ്.കുളവാഴപ്പൂവിന്റെ ഇതളിലെ മയിൽപ്പീലി ചിത്രം സൗന്ദര്യത്തിൽ ഭ്രമിച്ചു പോകുന്നതു കൊണ്ട് നാം കാണാതെ

പോകുന്ന അപകടങ്ങളിലേക്ക് വിരൽ ചൂണ്ടുന്നു. ഒളിയിടങ്ങളിൽ നിന്ന് ഒരിക്കലും രക്ഷപ്പെടാനാവാത്ത വിധം അധിനിവേശത്തിന്റെ ഇരയായി തീരുന്നു വിനായകനും. പ്രതീക്ഷയുടെ തിരുനാളങ്ങൾ എല്ലാം കൊളുത്തിക്കൊണ്ട് കഥാകാരന്റെ സഹചാരിയായിരുന്ന ചിന്നമുണ്ടിയും അവസാനിക്കുന്നു.പ്ര പകൃതിചൂഷണം നടത്തി സ്വയം ഇരുട്ടിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന മനുഷ്യ നിലേക്ക് വിരൽചൂണ്ടുന്ന കഥയാണ് ചിന്നമുണ്ടി.

മനുഷ്യരാണ് പ്രകൃതിയുടെ ഏറ്റവും വലിയ ശത്രു. പ്രകൃതിയെ സ്നേഹിക്കുന്ന മനുഷ്യൻ എന്ന് അവകാശപ്പെടുന്ന ഒരുപാടുപേരു കാണും. പക്ഷേ, യഥാർത്ഥത്തിൽ ആധുനിക മനുഷ്യൻ പതിയിരിക്കുകയാണ്. ഇരപിടിക്കാൻ കാത്തിരിക്കുന്ന കടുവയെപ്പോലെ. കിട്ടുന്ന ഏത് ആദ്യ അവസരത്തിലും അവൻ പ്രകൃതിയുടെ മേൽചാടി വീഴും. ആ ആക്രമണത്തിന്റെ മൂർച്ച താങ്ങാൻ ചിന്നമുണ്ടിക്കോ പൈനാടൻ നെൽവിത്തിനോ പൈനാടൻ ചാലിനോ വിനായകൻ എന്ന മനുഷ്യനോ ഒന്നും ആവുന്നില്ല. ഹൃദയസ്പർശിയായ ഒരു അന്ത്യമാണ് അംബികാസുതൻ മാങ്ങാട് കഥയ്ക്ക് കൊടുത്തിരിക്കുന്നത്. പൈനാടൻ ചാലിൽ വച്ച് കഥാകൃത്തിനോട് സൗഹൃദത്തിലായ ചിന്നമുണ്ടി അയാളോട് പലതും കൊക്കരിക്കുന്നുണ്ട്. കൃത്യമായി മനസ്സിലായില്ലെങ്കിലും പലതും അയാൾ ഊഹിച്ചു. പിന്നീടുള്ള ചില സന്ദർശനങ്ങളിൽ കാണാൻ ആഗ്രഹിച്ചിട്ടും കാണാൻ കഴിഞ്ഞില്ല. അപ്പോഴേക്കും ചാലിന്റെ നാശം. പൈനാടൻ വിത്തിനെയും ചാലിന്റെയും സർവ്വനാശം ഉറപ്പായ ആ അവസാന യാത്രയിലാണ് പിന്നീട് കണ്ടുമുട്ടുന്നത്.

ഭൂമിയിൽ ജീവൻ എന്നത് ഒരു വലിയ വലയാണെന്നും അനേകം ജീവികൾ പരസ്പരാശ്രിതത്വത്തോടെ ജീവിക്കുന്ന ഒരിടമാണ് ഈ ഭൂമി എന്നും ആ ജീവികൾ കോരോർത്തർക്കും അനേകം സ്വഭാവസവിശേഷതകൾ ഉണ്ട് എന്നും ചിന്നമുണ്ടി എന്ന കഥ ഓർമ്മപ്പെടുത്തുന്നു. അധിനിവേശശക്തികൾ ലോകം കീഴടക്കുന്നതുപോലെ അധിനിവേശസസ്യങ്ങളും ജന്തുക്കളും ലോകം മാറ്റിമറിക്കും എന്നും ആവാസവ്യവസ്ഥയെ തകർക്കും എന്നൊരു ഓർമ്മപ്പെടു ത്തലും ഈ കഥ പകർന്നു തരുന്നു.കാണാൻ നല്ല ഭംഗിയുള്ളതാണ് ഇവയിൽ

പലതും.എന്നതിനാൽ ആദ്യം ഇവ വളരെ സ്വീകാര്യവുന്നു. പിന്നെ നമ്മുടെ ചെടികളെ അവ നശിപ്പിച്ചു തുടങ്ങുമ്പോഴാണ് അവയുടെ അപകടം തിരിച്ചറിയുന്നത്. അപ്പോൾ അവ അപകടകരമാം വിധം വ്യാപിച്ചിരിക്കും. ഇതൊരു ഓർമ്മപ്പെടുത്തൽ എന്ന നിലയിൽ ഈ കഥയിൽ പ്രാധാന്യം നേടുന്നു.

## 3.3 നീരാളിയൻ

പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഊന്നി പറഞ്ഞു കൊണ്ടാണ് നീരാളിയൻ എന്ന കഥ അംബികാസുതൻ മങ്ങാട് എഴുതുന്നത്. 2013ലാണ് നീരാളിയൻ എന്ന കഥ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നത്. 2014 ലാണ് ഈ കഥ ഇംഗ്ലീഷിലേക്ക് മൊഴിമാറ്റം ചെയ്യപ്പെടുന്നത്.

തീരദേശ നിവാസികളായ തങ്കുട്ടന്റെയും സുധർമ്മിണിയുടെയും ഒരു ജീവിതകഥ തന്നെ നീരാളിയൻ എന്ന കഥയിൽ പറഞ്ഞു വയ്ക്കുന്നു. അഖിൽ എന്ന ഗവേഷണ വിദ്യാർത്ഥിയിലൂടെയും തങ്കുട്ടൻ, സുധർമ്മിണി എന്ന ദമ്പതികളിലൂടെയും കടലാമ സംരക്ഷണത്തിന്റെ പാഠങ്ങൾ കഥാകാരൻ പറഞ്ഞുവയ്ക്കുന്നു. വന്നേരി കടപ്പുറത്ത് സീസണായാൽ മുട്ടയിടാനായി എത്തുന്ന ആമകൾ.ആമ മുട്ടകളെ നശിപ്പിക്കാതിരിക്കാൻ കാവൽ നിൽക്കുന്ന തങ്കുട്ടൻ, സുധർമ്മിണി ദമ്പതികൾ. പ്രകൃതി മാറ്റങ്ങൾക്ക് വിധേയപ്പെട്ടു കൊണ്ടിരിക്കുകയാണെന്ന സത്യത്തെ ഈ കടലാമകളുടെ വംശനാശം തുറന്നുപറയുന്നു. രാത്രിയിൽ ആമയുടെ മുട്ടകൾ മോഷ്ടിക്കാൻ എത്തുന്ന കരങ്ങളെ അടിച്ചോടിക്കാൻ തങ്കുട്ടൻ വന്നേരി കടപ്പുറത്ത് നിലകൊള്ളുന്നു. പതിനായിണക്കണക്കിന് ആമ കുഞ്ഞുങ്ങളെ വിരിയിച്ചിറക്കി കടലിലേക്ക് വഴികാട്ടുന്ന സുധർമ്മിണിക്ക് കരയിൽ ലാളിക്കാൻ ഒരു കൈക്കുഞ്ഞിനെ ആഗ്രഹിച്ചിട്ടും വിധി നൽകുന്നില്ല. അമ്മയാകുവാനുള്ള അടങ്ങാത്ത ആഗ്രഹം ആമ കുഞ്ഞുങ്ങളുടെ പരിപാലനത്തിലൂടെ സുധർമ്മിണി നിർവ്വഹിക്കുന്നു.

ഒറ്റവായനയിൽ പരിസ്ഥിതികാവബോധത്തെ മുന്നോട്ടുവയ്ക്കുന്നു എന്ന നിലയിൽ ഇതൊരു പാരിസ്ഥിതിക കഥയാണെന്ന് പറയാം. പാരിസ്ഥിതിക

സൗന്ദര്യശാസ്ത്രത്തിൽ ലോകവ്യാപകമായ സൈദ്ധാന്തീകരണങ്ങളെക്കാൾ ഭാഷാപരവും പ്രാദേശികവുമായ സൗന്ദര്യനുഭവങ്ങൾക്കു മാണ് പ്രാധാന്യമുള്ളത്.അതോടൊപ്പം തന്നെ ആധുനിക ലോകാവബോധത്തോടുള്ള വിമർശനം എന്ന നിലയിൽ സർവ്വവ്യാപിയായി ഈ കഥയെ വിലയിരുത്താവുന്നതാണ്. പ്രതിരോധത്തിന്റെ സ്വരം ഈ കഥയിൽ നിന്നും വായിച്ചെടുക്കാൻ സാധിക്കുന്നു.

സസ്യജന്തുജാലങ്ങളും മണ്ണും, പെണ്ണും, അടിസ്ഥാന ജീവിതങ്ങളും ചേർന്ന് നിർമ്മിക്കുന്ന പുതിയ ആവാസവ്യവസ്ഥയെ കുറിച്ചുള്ള സ്വപ്നങ്ങളാണ് അദ്ദേഹത്തിന്റെ കഥകൾ എന്ന് ഒറ്റവാക്കിൽ പറയാം. മനുഷ്യബന്ധങ്ങൾ എത്തരത്തിലാണ് കഥയിൽ നിലകൊള്ളുന്നതെന്ന് കാണാം. ആമയുടെ ആവാസവ്യവസ്ഥ കടലും കടപ്പുറവുമാണ്. നിത്യേന ചത്തുചീയുന്നതും കാലുകൾ മുറിഞ്ഞതുമായ ആമകളെ തങ്കുട്ടൻ കൊണ്ടുവന്ന് ജീവൻ നൽകുമ്പോൾ പരിസ്ഥിതി എത്രമാത്രം മലീമസപ്പെട്ടിരിക്കുന്നു എന്നു ചൂണ്ടികാണിക്കുന്നു. വലിയ കൂറ്റൻ ആമകളെ കണ്ടുകിട്ടുന്ന വേളയിൽ അതിന്റെ പുറത്തോടുകൾക്ക് മുറിവ് സംഭവിച്ച് കാലുകൾ ഛേദിക്കപ്പെട്ട അവസ്ഥയാണ്. ഈ മിണ്ടാപ്രാണികൾ ആർക്കും ഉപദ്രവകാരിയല്ല.എന്നാൽ മനുഷ്യൻ അത് മനസ്സിലാക്കാതെ ഇവയെ കൊല്ലുന്നു. കടലിനു മുകളിൽ പല വർണ്ണത്തിൽ നീന്തികളിക്കുന്ന പ്ലാസ്റ്റിക് രൂപങ്ങളാണ് ഓരോ ആമകളുടെയും നിലനിൽപ്പിന് തന്നെ ഭീഷണിയുണർത്തുന്നത്.ചത്തു ചീയുന്ന ഓരോ വലിയ ആമകളുടെയും വയറു പരിശോധിക്കുമ്പോൾ പടുകൂറ്റൻ പ്ലാസ്റ്റിക് മാലിന്യങ്ങളാണ് അവയുടെ വയറിൽ സ്ഥാനം പിടിച്ചത്.

ആൺപെൺഅധികാര ലോകത്തിൽ ആൺ അഭാവങ്ങളുടെയും ആണത്വ അഭാവങ്ങളുടെയും പുതിയ സൗന്ദര്യശാസ്ത്രത്തെ പരിസ്ഥിതിയുമായി ബന്ധപ്പെടുത്തി കാണാൻ കഴിയുന്നു. എന്നതാണ് ഈ കഥയുടെ ഏറ്റവും പ്രധാന രാഷ്ട്രീയം.ഇവിടെ ആധുനിക സംസ്കൃതിയുടെ ഗോപുരങ്ങൾ ആമത്തോടിൽ മറഞ്ഞിരിക്കുകയാണ്. പുരോഗമനപരമായ ചിന്താഗതി മനുഷ്യനിൽ എത്രയുണ്ടായാലും പരിസ്ഥിതിയെ ദ്രോഹിക്കുന്നതിൽ മാറ്റം വരുത്താൻ

മനുഷ്യൻ തയ്യാറാകുന്നില്ല. തന്റേതായ ആവശ്യങ്ങൾക്ക് അനുസൃതമായി പരിസ്ഥിതിയെ തന്നെ മെരുക്കിയെടുക്കുന്ന ഒരു അവസ്ഥയാണ് വീക്ഷിക്കാൻ കഴിയുന്നത്.

ആഗോളതാപനത്തെ കുറിച്ചുള്ള പരാമർശങ്ങളെ ഉണർത്താനും ജാഗ്രത നേടാനും സഹായിക്കുന്ന തരത്തിലാണ് നീരാളിയൻ എന്ന കഥയുടെ നിലനിൽപ്പ്. ജീവിവർഗ്ഗത്തിന്റെ നിലനിൽപ്പിനായുള്ള ഒരു പൊതുബോധം, ഈ കഥ ഓരോ വായനക്കാരനും പറഞ്ഞു നൽകുന്നു.വന്നേരി കടപ്പുറത്ത് നിന്ന് പാലായനം ചെയ്ത് ഭൂപടത്തിലില്ലാത്ത ദ്വീപുകളിലേക്ക് സഞ്ചരിച്ച് ആമകളെ തേടി അഖിൽ പോകാൻ തയ്യാറാകുന്നു. ആമസംരക്ഷകനായ തങ്കുട്ടനും ഭാര്യ സുധർമ്മിണിയും മുട്ടകൾ ചീയുന്നതിൽ വ്യസനിക്കുന്നു.കടലാമകളെ കുറിച്ച് ഗവേഷണം നടത്തുന്ന അഖിൽ ലാബ് ടെസ്റ്റുകളുടെ ശാസ്ത്രീയത്തിൽ മുട്ട ചീയലിനെ വിശകലനം നൽകുന്നു. മക്കളില്ലാത്ത തങ്കുട്ടനും സുധർമ്മിണിയും ആമ കുഞ്ഞുങ്ങളെ മക്കളായി കാണുന്നു.ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങൾ ആമ മുട്ടകൾ ചീയുന്നതിന് കാരണമാകുന്നു. ആമകളെ ഗവേഷണത്തിന് പഠനവിധേയമാക്കുന്ന അഖിൽ ആഗോളതാപനത്തെ തുടർന്ന് വേറെ ദ്വീപുകളന്വേഷിച്ച് പാലായനം ചെയ്യാൻ നിർബന്ധിത നാകുന്നു. സുധർമ്മിണിയും തങ്കുട്ടനും നല്ലൊരു ബന്ധമായിരുന്നു അഖിലുമായി ഉണ്ടായിരുന്നത്. തങ്കുട്ടനും സുധർമ്മിണിയും ഭഗവതിയും നീരാളിയനും സാധ്യ മാക്കുന്നത് വന്നേരി കടപ്പുറമാണ്. ഈ ആമസംരക്ഷകരുടെ അനുഭവം ഒരേസമയം നിലവിളിയും പ്രതിരോധവും കൂടിയായിരിക്കുന്ന പാഠമാണ്.

വംശനാശഭീഷണി നേരിടുന്ന ഒലിവ്റിഡ്‌ലി വിഭാഗത്തിലെ ആമകളാണ് കഥയിലെ വിഷയം എന്നത് ഈ കഥ സവിശേഷമാക്കുന്നു. മനുഷ്യരുടെ വികസനബോധം ജീവികളുടെ ഉർവ്വരതയെ അവസാനിപ്പിച്ചുകൊണ്ട് അവയെ ഭാവിയിലേക്ക് തുടരാനാവാത്ത വിധം അടച്ചുകളഞ്ഞിരിക്കുന്നു. ഇവയുടെ പ്രജനനത്തിന് സംരക്ഷകരാകുന്ന ആ ദമ്പതികൾക്ക് സ്വന്തം ചോരയിൽ ഒരു കുഞ്ഞ് ജനിക്കുന്നില്ല. കടലാഴത്തിലേക്ക് കൈകാലുകൾ മുങ്ങുന്ന ആമയുടെ ദൈന്യതയോടെ ജനൽപ്പടികൾ കിടയിലൂടെ അഖിൽ മാത്രം തലനീട്ടുന്നുണ്ട്.

പരിസ്ഥിതികാവബോധംസൗന്ദര്യ അനുഭൂതിയാക്കി മാറ്റുകയും അതോടൊപ്പം തന്നെ ആഗോളതാപനത്തെ കുറിച്ച് ബോധ്യപ്പെടുത്തുകയും ചെയ്യുന്ന കഥയാണ് നീരാളിയൻ .കഥയുടെ ശീർഷകം പരിശോധിക്കുമ്പോൾ വെള്ളത്തിൽ മുങ്ങുന്നവൻ എന്ന അർത്ഥത്തിൽ കാണാം. മനുഷ്യനെ ഒരേസമയം ചിന്തിപ്പിക്കാനും യാഥാർഥ്യങ്ങളെ തിരിച്ചറിയാനും പ്രകൃതിയെ മാലിന്യത്തിൽ നിന്നും സംരക്ഷിക്കേണ്ട ആവശ്യകതയെ കുറിച്ച് എല്ലാം അറിയുവാൻ ഈ കഥ വളരെയധികം സഹായകമാണ്.

### 3.4 രണ്ടു മത്സ്യങ്ങൾ

മലയാളചെറുകഥാ ലോകത്ത് പരിസ്ഥിതി സൗഹൃദത്തിന്റെ സന്ദേശം വിളിച്ചറിയിക്കുന്ന കഥകൾ സമ്മാനിച്ച പ്രതിഭാധനനായ എഴുത്തുകാരനാണ് അംബികാസുതൻ മാങ്ങാട്. അദ്ദേഹത്തിന്റെ ശ്രദ്ധേയവും ഏറെ ചർച്ച ചെയ്യപ്പെട്ട തുമായ കഥയാണ് രണ്ടു മത്സ്യങ്ങൾ .

അംബികാസുതൻ മാങ്ങാടിന്റെ രണ്ടു മത്സ്യങ്ങൾ വെറുമൊരു കഥയല്ല.ഭൂമി സർവജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണെന്ന് ഒരിക്കൽ കൂടി ഉറപ്പിക്കുകയാണ് രണ്ടു മത്സ്യങ്ങൾ. കവ്വായിക്കായലിൽ നിന്ന് വേനൽ മഴയുടെ സമയത്ത് ശൂലാപ്പ് കാവിലേക്ക് ചെന്ന് അവിടത്തെ ശുദ്ധജലത്തിൽ മുട്ടയിടാ നൊരുങ്ങുന്ന അഴകൻ, പൂവാലി എന്നീ നെടുംചൂരി മത്സ്യങ്ങളുടെ വിഹ്വലതകളെ പാരിസ്ഥിതികമായ പശ്ചാത്തലത്തിൽ പങ്കുവയ്ക്കുകയാണ് രണ്ടു മത്സ്യങ്ങൾ. രണ്ടു മത്സ്യങ്ങളെ കൂടാതെ പുരാതന രൂപമുള്ള തവള,കിളികൾ എന്നീ കഥാപാത്രങ്ങൾ കൂടി ഈ കാഴ്ചയ്ക്ക് കരുത്തേകുന്നു. കവ്വായിക്കായലിലെ ഉപ്പുവെള്ളത്തിൽ മുട്ടയിട്ടാൽ ചീഞ്ഞുപോകുമെന്ന യഥാർത്ഥ്യത്തെ തിരിച്ചറിയുന്ന ജലജീവിയാണ് നെടുംചൂരി മത്സ്യങ്ങൾ. മാത്രമല്ല ശത്രുക്കൾ മുട്ടതിന്നുമെന്നും അതിനറിയാം.അതുകൊണ്ടുതന്നെയാണ് മുട്ടയിടാനും കുഞ്ഞുങ്ങളെ പോറ്റിവളർത്താനും ശൂലാപ്പ് കാവിനകത്തെ ജലാശയത്തിലേക്ക് വേനൽ മഴ തുടങ്ങുമ്പോൾ കുന്നുകൾ ചാടിച്ചാടി കയറിപ്പോകുന്നത്. വേനൽ മഴ തുടങ്ങുമ്പോൾ ശൂലാപ്പിലെത്തി മുട്ടയിട്ട് കുഞ്ഞുങ്ങളെ വളർത്തിയെടുക്കു മ്പോഴേക്കും കർക്കിടകത്തിന്റെ മാരിപ്പെയ്ത്ത് തുടങ്ങും.ആ വെള്ളാപ്പാച്ചിലിൽ

ശത്രുക്കളുടെ പിടിയിൽപ്പെടാതെ അമ്മമാർക്ക് കുഞ്ഞുങ്ങളെ സുരക്ഷിതമായി പുഴയിലും പിന്നെ കായലിലും എത്തിക്കാം എന്ന അഴകന്റെ വാക്കുകൾ പൂവാലിക്ക് ധൈര്യവും ആത്മവിശ്വാസവും പകരുന്നുണ്ടെങ്കിലും ചെയ്യാതെ പോകുന്ന വേനൽ മഴ അവരെ ഉത്കണ്ഠപ്പെടുത്തുന്നു. ഈ മീനിണകൾ ഭയക്കുന്നത് വംശങ്ങൾ തന്നെ ഇല്ലാതായ മണ്ണൻ മുതലകളെയും നീർനായ്ക്കളെയും മീൻകൊത്തികളെയുമല്ല മുട്ടയിടാൻ പോവുകയാണോ മുട്ടയിട്ട് കുഞ്ഞുങ്ങളെയുംകൊണ്ട് തിരിച്ചു വരികയാണോ എന്നൊന്നും പരിഗണിക്കാതെ തങ്ങളെ ഇരയാക്കുന്ന മനുഷ്യനെയാണ്.മലകയറ്റത്തിനിടയിൽ മനുഷ്യരുടെ കാഴ്ചവട്ടത്തുനിന്നും രക്ഷനേടുന്ന രണ്ടു മത്സ്യങ്ങൾ കടുംപച്ച നിറമുള്ള നൂറ്റാണ്ടുകളുടെ പ്രായം തോന്നിക്കുന്ന വലിയ തവളയെ കണ്ടു മുട്ടുന്നു. കാവിനകത്തെ ദേവിയുടെ ഗർഭപാത്രം പോലെയുള്ള ജലാ ശയത്തിൽ പിറന്ന തന്നെ ബുദ്ധൻ അറിയാതെ ചവിട്ടിയതും സ്നേഹപൂർവ്വം തലോടി ക്ഷമാപണം നടത്തിയതും ചിരഞ്ജീവിയാക്കിത്തീർത്തതുമായ ഓർമ്മകൾ അഴകനും പൂവാലിയുമായി തവള പങ്കുവയ്ക്കുന്നു. മനുഷ്യന മാത്രം ബാക്കിയാവുന്ന ആർക്കും മനസ്സിലാകാത്ത വികസന സങ്കൽപ്പത്തെ തവള പരിഹസിക്കുന്നു. ഭൂമിയുടെ ചോരപോലെ മെലിഞ്ഞ നീർച്ചാലിലൂടെ ശൂലാപ്പ് കാവിലെത്തുന്ന തവളയെയും രണ്ടുമത്സ്യങ്ങളെയും കാത്തിരിക്കുന്നത് നിറഞ്ഞുനിന്നിരുന്ന കാവിന്റെ ഓർമ്മ പോലെ നാലഞ്ചു മരങ്ങൾ മാത്രം. അരുതാത്തതെന്തോ കണ്ട് ഭയന്ന് വിറയ്ക്കുന്നതുപോലെ കാട്ടുവള്ളികൾ കൊണ്ട് അവ പരസ്പരം പൊത്തിപ്പിടിച്ചിരിക്കുന്ന കാഴ്ചയാണ്. അവിടെ പകുതി കത്തി യെരിഞ്ഞ ബോധിവൃക്ഷത്തിനുമുകളിൽ പാടിക്കൊണ്ടിരുന്ന പച്ചപ്പനങ്കിളി ത്തയാണ് കാവിനകത്തെ ജലാശയത്തിനു വന്നു ചേർന്ന വിപത്തിനെ കുറിച്ച് നിലവിളിച്ച് പാടികേൾപ്പിച്ചത്. പാരിസ്ഥിതികമായ നിരവധി അസ്വസ്ഥ ങ്ങളെ രണ്ടു മത്സ്യങ്ങൾ പങ്കുവയ്ക്കുന്നു. കാലംതെറ്റി ചെയ്യുന്ന മഴ,മുതലകളു ടെയും നീർനായ്കളുടെയും മീൻകൊത്തികളുടെയും അസാന്നിധ്യം,മനുഷ്യന്റെ ജൈവനീതിയില്ലായ്മ, ബാക്കിയായ കടുംപച്ചനിറമുള്ള ഏക തവള കാവിനു ചുറ്റുമായി രാക്ഷസയന്ത്രങ്ങൾ പാറകൾ ഭക്ഷിക്കുന്നത്,മനുഷ്യന്റെ വികലമായ വികസന കാഴ്ചപ്പാട്, ഭൂമിയുടെ ചോരപോലെ മെലിഞ്ഞൊഴുകുന്ന

നീർച്ചാലുകൾ, കാടായി നിറഞ്ഞു നിന്നിടത്ത് കാടിന്റെ ഓർമ്മാത്രമായി നാലഞ്ചു മരങ്ങളുടെ സാന്നിധ്യം, പകുതി കത്തിയെരിഞ്ഞ ബോധിവൃക്ഷം, രാസ വിഷം നിറഞ്ഞ കാവിനകത്തെ ജലാശയം, എരിഞ്ഞു തീർന്ന കിളിയുടെ വംശങ്ങൾ, എവിടെയെങ്കിലും വെള്ളമുണ്ടാകുമെന്ന പ്രതീക്ഷ തുടങ്ങി പ്രകൃതിയുടെ സ്വാഭാവികമായ ജൈവതാളം ശിഥിലമാക്കുന്നതിന്റെ നിരവധി സൂചനകൾ രണ്ടു മത്സ്യത്തിലുണ്ട്.

ഒരു അതിജീവനത്തിന്റെ കഥയാണ് രണ്ടു മത്സ്യങ്ങൾ. കവ്വായിക്കായലിൽ നിന്നും ശൂലാപ്പ് കാവിലേക്ക് മത്സ്യങ്ങൾ നടത്തുന്ന യാത്രയും യാത്രയിൽ മത്സ്യങ്ങൾ നേരിടുന്ന പ്രതിസന്ധികളുമാണ് കഥയുടെ അടിസ്ഥാനം. നെടുംചൂരി മത്സ്യങ്ങൾ കവ്വായിക്കായലിൽ നിന്നും ശൂലാപ്പ് കാവിലേക്ക് വരുവാൻ വേണ്ടി കുന്നു കയറുന്നത് കാലാകാലങ്ങളായുള്ള കാഴ്ചയായിരുന്നു. വേനൽ മഴ പൊഴിഞ്ഞ് ശൂലാപ്പ് കാവിലെ കുളത്തിലെ ജലം പുറത്തേക്കൊഴുകും. ആ മീനുകൾക്ക് കുളത്തിലേക്കെത്തുവാനുള്ള വഴിയായിരുന്നു. പണ്ടൊക്കെ മീനുകൾ വലിയ പ്രതിസന്ധി നേരിട്ടത് മണ്ണൻ മുതലകളിൽ നിന്നും നീർനായ്ക്കളിൽ നിന്നുമായിരുന്നു.എന്നാൽ ഇന്ന് അവരുടെ പ്രതിസന്ധികൾക്കെല്ലാം കാരണം മനുഷ്യനാണ്.മനുഷ്യൻ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ,മനുഷ്യന്റെ ഇടപെടൽ പ്രകൃതിയിൽ ഏൽപ്പിച്ച ക്ഷതം എന്നിവയെല്ലാം ആ രാത്രിയിലുടനീളം കാണുവാൻ കഴിയും. ഭൂമിയുടെ ചോര പോലെ മെലിഞ്ഞൊഴുകുന്ന നീർച്ചാലുകൾ പുഴയുടെ ചോര, കാക്കിയ ജഡം പോലെ അവിടിവിടെ കലക്കവെള്ളം തങ്ങി നിന്നിരുന്നു, പകുതി കത്തിയെരിഞ്ഞ ബോധി വൃക്ഷം ഇത്തരം പ്രയോഗങ്ങൾ മനുഷ്യന്റെ പ്രകൃതി ചൂഷണത്തെ അടിവരയിടുന്നവയാണ്.

ഈ കഥയിലെ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കഥാപാത്രമാണ് ബുധസ്പർശമേറ്റ തവള. അഹിംസയുടെ പ്രതിരൂപമാണ് ബുദ്ധൻ. നാം ഇന്ന് നേരിടുന്ന പാരിസ്ഥിതിക പ്രതിസന്ധിയെ മറികടക്കാൻ ബുദ്ധന്റെ അഹിംസയെ മുറുകെ പിടിക്കുക എന്ന സന്ദേശമാണ് ബുദ്ധസ്പർശമേറ്റ തവളയിലൂടെ കഥാകൃത്ത് നൽകുന്നത്.പരിസ്ഥിതികമായ ഒരു നവോത്ഥാനത്തിനായി പുതിയ

കിളിപ്പാട്ടുകൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. എന്നതിന്റെ സൂചന നൽകുവാനാണ് കിളിമകൾ എന്ന കഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നത്. പ്രതിസന്ധികളെ മറികടക്കുന്ന ഇടത്താണ് അതിജീവനം സാധ്യമാകുന്നത് എന്ന തിരിച്ചറിവ് കൂടി കഥ നമുക്ക് സമ്മാനിക്കുന്നുണ്ട്. ജീവനെ കുളിരണിയിക്കാൻ ഒരിടം തേടി യാത്രയാകുന്ന മത്സ്യങ്ങളുടെ ശുഭപ്രതീക്ഷയിൽ കഥ അവസാനി ക്കുന്നു. കവ്വായി കായലും ശൂലാപ്പ്കാവുമെല്ലാം നമ്മുടെ കൺമുന്നിലുള്ള സത്യങ്ങളാണ്. ഒരുകാലത്ത് പതിമൂന്ന് ഏക്കറോളം വിസ്തൃതി ഉണ്ടായിരുന്ന ശൂലാപ്പ് കാവിന ഇന്ന് രണ്ടേക്കർ മാത്രമാണ് വിസ്തൃതി. നെടുംചൂരി മത്സ്യങ്ങളെ പോലെ എത്രയോ ജീവികൾ നമ്മുടെ കായലുകളിൽ നിന്ന് അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു.

നാം ഇന്ന് നേരിടുന്ന ശുദ്ധജല പ്രതിസന്ധിക്കും ചൂട് കൂടുന്ന അവസ്ഥയ്ക്കുമൊക്കെ കാരണം നമ്മുടെ നാടിന്റെ ജീവനാഡികളായ കാവുകളും കുളങ്ങളും പുഴകളും സംരക്ഷിക്കാത്തത് കൊണ്ടാണ്. പ്രകൃതി ചൂഷണമാണ് ഇവിടെയെല്ലാം നിറഞ്ഞ നിൽക്കുന്നത്. കുന്നിടിച്ച് വയലിനികത്തി പാറകളെയും മലകളെയും ഡൈനാമിറ്റ് വെച്ച് പൊട്ടിച്ച് കൊണ്ടുവരുന്ന വികസനം, നമ്മെ നാശത്തിലേക്ക് മാത്രമേ നയിക്കുകയുള്ളൂ. ഇക്കാര്യം കഥാകൃത്ത് നമ്മുടെ ചെറുവിരലിനോളംമാത്രം വലിപ്പമുള്ള അഴകൻ, പൂവാലി എന്നീ മത്സ്യങ്ങളിലൂടെ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്.രണ്ടു മത്സ്യങ്ങൾ വെറുമൊരു കഥയല്ല അതൊരു മുന്നറിയിപ്പാണ് ഭൂമിയുടെ മരണമണി മുഴങ്ങുന്നു എന്ന മുന്നറിയിപ്പ്! പാരിസ്ഥിതിക പ്രശ്നങ്ങളിൽ പെട്ട് ലോകം ഇന്ന് നട്ടം തിരിയുകയാണ്. മനുഷ്യന്റെ ഭൗതികമായ സാഹചര്യങ്ങളിലുള്ള വികസനമാണ് മാനവ പുരോഗതി എന്ന സമവാക്യമാണ് ഇതിന കാരണം. തന്റെ അടിസ്ഥാന ആവശ്യങ്ങൾക്ക് ഉപരി ആർഭാടങ്ങളിലേക്ക് മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യാൻ ആരംഭിച്ചു. ഭൂമിയെ നാം മലിനമാക്കുന്നു. കാടിന്റെ മക്കളെ കുടിയിറക്കുന്നു. കാട്ടാറുകളെ കയ്യേറി കാട്ടുമരങ്ങളെ കട്ട് മുറിച്ച് മരുഭൂമിക്ക് വഴിയൊരുക്കുന്നു.മാലിന്യം നിറഞ്ഞ നഗരങ്ങൾ, 44നദികളാൽ സമ്പന്നമായ നാട്ടിൽ മഴക്കാലത്തും ശുദ്ധജലക്ഷാമം, കാലം തെറ്റി വരുന്ന മഴ, ചുട്ടുപൊള്ളുന്ന പകലുകൾ, പാടത്തും പറമ്പത്തും

വാരിക്കോരിയൊഴിക്കുന്നകീടനാശിനികൾ, വിഷ കനികളായ പച്ചക്കറികൾ, സാംക്രമികരോഗങ്ങൾ, ഇവേസ്റ്റ് ഉയർത്തുന്ന പ്രശ്നങ്ങൾ ഇതൊക്കെയാണ് പ്രബുദ്ധ കേരളത്തിന്റെ വികസന കാഴ്ചകൾ.

നമുക്ക് നമ്മുടെ പൂർവികർദാനം തന്നതല്ല ഈ ഭൂമി, മറിച്ച് നമ്മുടെ ഇളം തലമുറയിൽ നിന്ന് കടം വാങ്ങിയതാണ് എന്ന ബോധത്തോടെ വേണം ഇവിടെ ജീവിക്കാൻ. എല്ലാവർക്കും ആവശ്യത്തിനുള്ളത് എന്നും പ്രകൃതിയിലുണ്ട്. അത്യാഗ്രഹത്തിനൊട്ടില്ല താനും. പരിസ്ഥിതിയുമായുള്ള സന്തുലന സമ്പർക്കം ഒരു വ്യക്തിയുടെ മാത്രം ആവശ്യമില്ല.സമൂഹത്തിന്റെ കടമയാണ് നാം അധിവസിക്കുന്ന ഭൂമി നമ്മുടേത് മാത്രമല്ലെന്നും സർവ്വ ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണെന്നും ഈ കഥ നമ്മെ ബോധ്യപ്പെടുത്തുകയാണ്.

# ഉപസംഹാരം

# ഉപസംഹാരം

പ്രകൃതിയും മനുഷ്യനും ഈശ്വരചൈതന്യവും സമ്മേളിക്കുന്ന ഒരവസ്ഥയിലാണ് ജീവിതം മംഗളപൂർണ്ണമായിരിക്കുന്നതെന്ന് ഭാരതീയ ദർശനം പഠിപ്പിക്കുന്നു. പ്രപഞ്ചവുമായുള്ള ഈ പരസ്പരബന്ധം ഇന്ന് നഷ്ടമായ അവസ്ഥയിലാണ്. വ്യവസായവും വികസനവും സ്വാർത്ഥത നിറഞ്ഞ ആസൂത്രണത്തിലെ കുഴപ്പങ്ങളും കൊണ്ട് നമ്മുടെ പരിസരം മലിനമായികൊണ്ടിരിക്കുകയാണ്. ഭൂമിയും ആകാശവും സമുദ്രവും എല്ലാം മനുഷ്യൻ മലിനമാക്കിയിരിക്കുന്നു. നാം അധിവസിക്കുന്ന ഭൂമി മനോഹരമായി സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണ് എന്ന ബോധ്യമാണ്; ഓരോ വ്യക്തിയും പ്രകൃതിയുടെ കാവലാണ് എന്ന തിരിച്ചറിവാണ് ഇതിലൂടെ നമുക്ക് ലഭിക്കുന്നത്. എല്ലാ മലിനീകരണങ്ങളും തടയാൻ ജനങ്ങൾ ബോധ വാന്മാരാകണം. എല്ലാം മലിനീകരണങ്ങളും ഒഴിവാക്കുവാൻ സർക്കാർ കർശനമായ നിയമങ്ങൾ നടപ്പിലാക്കണം. ആ നിയമങ്ങൾ നമ്മൾ പാലിക്കേണ്ടതുണ്ട് ഇങ്ങനെയാണ് നമുക്ക് അപകടത്തെ തരണം ചെയ്യാൻ കഴിയുക.

പ്രാണവായു, ചിന്നമുണ്ടി, നീരാളിയൻ, രണ്ടുമത്സ്യങ്ങൾ എന്നീ കഥകളാണ് ഈ പ്രബന്ധത്തിൽ പഠിക്കുവാനായി എടുത്തിട്ടുള്ളത് അതിൽ പ്രകൃതിയെ ഏതെല്ലാം വിധത്തിലാണ് മനുഷ്യന്റെ ഇടപെടലുകൾ നശിപ്പിക്കുന്നത് എന്നും അവ എങ്ങനെയാണ് ഭാവിതലമുറയ്ക്ക് ഉപയോഗപ്രദമല്ലാതാക്കി തീർക്കുന്നതെന്നും കണ്ടെത്താൻ ശ്രമിച്ചിരിക്കുന്നു. അതിനായി പാരിസ്ഥിതികദർശനത്തെ സംബന്ധിച്ച സിദ്ധാന്തങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. അതിന്റെ പശ്ചാതലത്തിൽ പ്രകൃതി എത്രമാത്രം നശീകരിക്കപ്പെട്ടു കഴിഞ്ഞു എന്നും അതിന്റെ പരിണിതഫലം എത്രമാത്രം രൂക്ഷമാണ് എന്നും ഈ കഥകളിലൂടെ വിവരിച്ചിരിക്കുന്നു.

വായുവിന്റെ മലീനീകരണത്തെക്കുറിച്ചാണ് പ്രാണവായു എന്ന കഥയിൽ പറയുന്നത് ഓക്സിജൻ കിറ്റിനുവേണ്ടി മനുഷ്യർ വരിനിൽക്കുന്ന കാലത്തെ മുൻകൂട്ടി കാണുകയാണ് അംബികാസുതൻ മാങ്ങാട് ഈ കഥകളിലൂടെ പ്രകൃതി

മലിനീകരണത്തെ തുടർന്ന് വായു മലിനമാക്കപ്പെടുകയും ഒരു നല്ല വായുവില്ലാതെ നെട്ടോട്ടമോടുന്ന മനുഷ്യരെയാണ് പ്രാണവായു എന്ന കഥയിലൂടെ കാണുന്നത്. ചിന്നമുണ്ടി എന്ന കഥയിൽ കേരളത്തിന്റെ പച്ചപ്പ് നഷ്ടപ്പെടുന്ന ഭൂമിമലിനീകരിക്കപ്പെട്ട വായു ഇവയെല്ലാമാണ് കാണാനാകുന്നത്. വംശനാശ ഭീഷണി നേരിടുന്ന ആമകളെ കുറിച്ചാണ് നീരാളിയൻ എന്ന കഥയിലൂടെ പറയുന്നത്. പാരിസ്ഥിതികാവബോധം സൗന്ദര്യാനുഭൂതിയാക്കി മാറ്റുകയും അതോടൊപ്പം തന്നെ ആഗോളതാപനത്തെക്കുറിച്ച് ബോധ്യപ്പെടുത്തുകയും ചെയ്യുന്ന കഥയാണ് ഇത്. മനുഷ്യനെ ഓരേസമയം ചിന്തിപ്പിക്കാനും യാഥാർത്യങ്ങളെ തിരിച്ചറിയാനും പ്രകൃതിയെ മാലിന്യത്തിൽ നിന്നും സംരക്ഷിക്കേണ്ട ആവശ്യകതെയെക്കുറിച്ച് എല്ലാം ഈ കഥയിലൂടെ പറയുന്നു. ഭൂമി സർവ്വജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണെന്ന് ഉറപ്പിക്കുന്ന കഥയാണ് രണ്ടുമത്സ്യങ്ങൾ. അതിജീവനത്തിന്റെ കഥയാണിത് മനുഷ്യൻ സൃഷ്ടിക്കുന്ന പാരിസ്ഥിതികപ്രശ്നങ്ങൾ മനുഷ്യന്റെ ഇടപെടൽ പ്രകൃതിയ്ക്ക് അവ ഏൽപ്പിച്ച ക്ഷതം എന്നിവയെല്ലാം പാരിസ്ഥികമായ പശ്ചാത്തലത്തിൽ പങ്കുപറ്റുകയാണ് രണ്ടുമത്സ്യങ്ങൾ.

പാരിസ്ഥിതിക വിമർശനത്തിന്റെ വിവിധ സൈദ്ധാന്തികവശങ്ങൾ ഈ കഥകളിൽ ദൃശ്യമാണ്. അതുകൊണ്ടുതന്നെ ശക്തമായ പാരിസ്ഥിതികാവബോധം പുലർത്തുന്ന കഥകളാണ് ഇവയെന്ന് നിസ്സംശയം പറയാൻ സാധിക്കും. വായു, ജലം, മണ്ണ് ഇവയെല്ലാം ഉൾക്കൊള്ളുന്ന പ്രകൃതി നിരന്തരമായ ചൂഷണത്തിന വിധേയമാകുകയാണ്. അതുകൊണ്ട് തന്നെ വരും തലമുറയ്ക്ക് അതിജീവനമൊരു പ്രശ്നമായി നിലനിൽക്കുന്നു. അതുതന്നെയാണ് ഈ കഥകൾ മുന്നോട്ടുവയ്ക്കുന്ന ആശയം. മാങ്ങാടിന്റെ കഥകളിൽ തീവ്രമായ പാരിസ്ഥിതികാവബോധം കടന്നുവരുന്നു. ഒപ്പം അതിജീനത്തിനുള്ള വഴികൾ തേടാനും പ്രകൃതിയെ സംരക്ഷിച്ചുനിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചിന്തിപ്പിക്കാനും ഈ കഥകൾ പ്രേരിപ്പിക്കുന്നു. ഗഹനമായപാരിസ്ഥിതികാവബോധം ആണ് മനുഷ്യൻ പുലർത്തേണ്ടത്. ജാഗ്രതയ്ക്ക് മാത്രമേ നിലവിലുള്ള പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കഴിയൂ.

# ഗ്രന്ഥസൂചി

# ഗ്രന്ഥസൂചി


- അച്യുതൻ എം. പരിസ്ഥിതിപഠനത്തിന ഒരാമുഖം, പ്രിന്റിങ് ബുക്സ്, തൃശൂർ, 2013
- അംബികാസുതൻ മാങ്ങാട്, പ്രാണവായു, ഡി.സി. ബുക്സ്, കോട്ടയം, 2024
- മധുസൂതനൻ ജി, ഹരിതനിരൂപണം, കറണ്ട് ബുക്സ്, തൃശൂർ, 2015
- മധുസൂതനൻ ജി, ഭാവനയുടെ ജലസ്ഥലികൾ, കറണ്ട് ബുക്സ്, കോട്ടയം, 2015
- മധുസൂതനൻ ജി, കഥയും പരിസ്ഥിതിയും, കറണ്ട് ബുക്സ്, കോട്ടയം, 2015
- ഡോ. ഷെർലി പി. ആനന്ദ്, മുറിവേറ്റ ഭൂമിക്കായ്, ഗ്രീൻ ബുക്സ്, തിരുവനന്തപുരം, 2024
- ഡോ. പ്രതീപ്കുമാർ വുഡ്നി, നമ്മുടെ അന്തരീക്ഷവും കാലാവസ്ഥഘടകങ്ങളും, പൂർണ്ണാപബ്ലിക്കേഷൻസ്, തൃശൂർ, 2020
- സക്കറിയാ (പരി), സിയാറ്റിൽ മൂപ്പന്റെ പ്രഭാഷണം, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2023